www.malankaralibrary.com

ഏപ്രിൽ 2024

# ക്രൈസ്തവ കാഹളം



www.malankaralibrary.com



കൃപ നിറഞ്ഞ മറിയമേ, നീ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാക്കാതെ എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസിയും സഹപ്രവർത്തകയുമാണെന്നു നീ കാണിച്ചുകൊണ്ടിരുന്നു. സ്വീകാര്യമായ സമയത്തു നിന്റെ ദാസ്യതയും കന്യത്വവും അവിടുന്നു മാനിച്ചു ഫലവത്താക്കി. അതിനാൽ രക്ഷയുടെ ദിവസം പാപികളായ ഞങ്ങൾക്കു വന്നുചേർന്നു. പുനരൈക്യത്തിൻ മാതാവേ, ഞങ്ങൾ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാക്കാതെ എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസരും സഹപ്രവർത്തകരുമായിരിക്കാൻ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. ആമ്മേൻ.

www.malankaralibrary.com

പൂന-കട്കി ഭദ്രാസനത്തിന്റെ അധ്യക്ഷനായി നവാഭിഷിക്തനായ
അഭിവന്ദ്യ മാത്യൂസ് മാർ പക്കോമിയോസ്
മെത്രാപ്പോലീത്തായ്ക്ക്

# പ്രാർത്ഥനാമംഗളങ്ങൾ!



www.malankaralibrary.com

ക്രൈസ്തവ കാഹളം

ഏപ്രിൽ - 2024
വാല്യം 85
ലക്കം 4

# ഉള്ളടക്കം




രക്ഷാധികാരി
മോറാൻ മോർ ബസേലിയോസ്
കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ

പ്രിന്റർ ആന്റ് പബ്ലിഷർ
റൈറ്റ് റവ. ജെയിംസ് പാറവിള
കോർ എപ്പിസ്കോപ്പാ

എഡിറ്റർ
റവ. ഫാ. ഷീൻ പാലക്കുഴി

ചീഫ് എഡിറ്റർ
റവ. ഫാ. ബോവസ് മാത്യു
ഫോൺ: 9447661943
bovasmathew@gmail.com

പത്രാധിപ സമിതി
റവ. ഡോ. ജോൺ പടിപ്പുരക്കൽ
റവ. ഫാ. ജോസഫ് വള്ളിയാട്ട്
റവ. ഫാ. ജോസഫ് പൂവത്തുംതറയിൽ
റവ. ഫാ. ഗീവർഗീസ് വലിയചാങ്ങവീട്ടിൽ
റവ. ഫാ. വർഗീസ് വിനയാനന്ദ് ഒ.ഐ.സി
ഡോ. കെ. വി. തോമസ്കുട്ടി
റവ. സി. ഡോ. ആർദ്ര എസ്.ഐ.സി.
റവ. സി. ഡോ. അഞ്ജലി തെരേസ് ഡി.എം.
ഡോ. ഷേർളി സ്റ്റുവർട്ട്
ശ്രീ. രാജു മാത്യു

ഉപദേശക സമിതി
ശ്രീ. ജേക്കബ് പുന്നൂസ്
റവ. ഫാ. വിൽസൺ തട്ടാരുതുണ്ടിൽ
റവ, ഫാ. തോമസ് കയ്യാലക്കൽ
ഡോ. തോമസ്കുട്ടി പനച്ചിക്കൽ
ശ്രീ. ബോബി എബ്രഹാം

സർക്കുലേഷൻ മാനേജർ
റവ. ഫാ. തോമസ് മുകളുംപുറത്ത്
9446703056

കവർ & ലേഔട്ട്
Fingraph - 9387811920
fingraphtvm@gmail.com

പ്രിന്റിംഗ്
സെന്റ് മേരീസ് പ്രസ്,
പട്ടം, തിരുവനന്തപുരം-4

വിലാസം
ക്രൈസ്തവ കാഹളം,
സമന്വയ പാസ്റ്ററൽ സെന്റർ
സെന്റ് മേരീസ് കാമ്പസ്,
പട്ടം, തിരുവനന്തപുരം-4

എഡിറ്റോറിയൽ 5
പിതൃമൊഴി 6
ധന്യ പദവി മലങ്കര സഭയ്ക്ക് അഭിമാനം 8
ദൈവം വിളിച്ചു, ദൈവം നടത്തും! 10
കലാശാലകളോ കാലാപശാലകളോ 15
സിദ്ധാർഥ്... ഹൃദയത്തിനേറ്റ മുറിവ് ഉണങ്ങുകില്ല 19
ക്ലെയർവോയിലെ വി. ബെർണാഡ് 23
ശ്റോഗോ ദ് ഉറ്ഹോ (വഴിവിളക്ക്) 33
ദൈവകൃപയും ദൈവീകജീവനും നവാഭിഷേകമായിറങ്ങിയ ഉത്ഥാന തിരുനാൾ 37
ഒരു ദശകം പിന്നിടുന്ന ഒഡീഷയിലെ മലങ്കര സുറിയാനി കത്തോലിക്കാ സഭ 40
ജ്ഞാനം 42

www.malankaralibrary.com

## എഡിറ്റോറിയൽ

# വിശുദ്ധം ഈ ജന്മം

മലങ്കര സുറിയാനി കത്തോലിക്കാ സഭാ മക്കൾ ദൈവമുമ്പാകെ നന്ദിയോടെ നിൽക്കുന്ന അനുഗ്രഹത്തിന്റെ സന്ദർഭ ങ്ങളാണ് കടന്നുപോകുന്നത്. സഭയുടെ കാവലാൾ പുണ്യപിതാവായ മാർ ഇവാനിയോസ് പിതാവിനെ പരിശുദ്ധ ഫ്രാൻസീസ് മാർപാപ്പ ധന്യനായി പ്രഖ്യാപിച്ചു. വിശുദ്ധനാമകരണ നടപടികളിലേക്കുള്ള യാത്രയിൽ നിർണ്ണായകമായ ഒരു പടി കൂടി കടന്നിരിക്കുന്നു. സാർവ്വത്രിക സഭയ്ക്ക് പൊതുവായി മലങ്കര കത്തോലിക്കാ സഭയ്ക്ക് പ്രത്യേകമായും ഒരു വിശുദ്ധന്റെ മാധ്യസ്ഥം ലഭിക്കുന്നതിനുള്ള സഭാമക്കളുടെ പ്രാർത്ഥന സ്വർഗ്ഗത്തിന്റെ മുമ്പിൽ അംഗീകരിക്കപ്പെടുന്നതിന്റെ സൂചനയാണിത്. ധന്യൻ മാർ ഇവാനിയോസ് പിതാവിന്റെ കബറിടം സഭാമക്കൾ ഭാഗ്യങ്ങളുടെ കലവറയെന്നാണ് വിളിക്കുന്നത്. ഈ സഭയുടെ സകലഭാഗ്യങ്ങളും ദൈവത്തിൽ നിന്ന് നേടിത്തരുന്നതിന് പിതാവ് ദൈവസന്നിധിയിൽ നിരന്തരം മധ്യസ്ഥം വഹിക്കുന്നു. 94 വർഷത്തെ സഭയുടെ ചരിത്രം പരിശോധിക്കുമ്പോൾ ദൈവം ഒരു കാര്യത്തിലും ഈ സഭയ്ക്ക് കാലതാമസം വരുത്തിയിട്ടില്ല. എല്ലാം നേരത്തെ നൽകി അനുഗ്രഹിച്ചിട്ടേയുള്ളൂ. നാമകരണ നടപടികളിൽ കണ്ടതും ഇതുതന്നെയാണ്. പിതാവിന്റെ പ്രബോധനങ്ങൾ, കത്തുകൾ, രചനകൾ തുടങ്ങിയ വിശ്വാസ സംബന്ധമായ എല്ലാ രേഖകളുടെയും പരിഭാഷയും പരിശോധനയും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ മാനുഷിക വിഭവശേഷി നമ്മുടെ സഭയ്ക്ക് ഇല്ലാതിരുന്നപ്പോൾ ദൈവം അനേകരെ അതിനായി ഒരുക്കി നൽകുകയും അവരുടെ കൃത്യവും സൂക്ഷ്മവുമായ കഠിനാധ്വാനം വഴിയായി ആ ജോലികളെല്ലാം പൂർത്തീകരിച്ച് ഒരുലക്ഷത്തോളം പേജുകൾ വരുന്ന പരിശോധനാ റിപ്പോർട്ട് റോമിലേക്ക് അയച്ചു. ചെല്ലുന്ന ഇടങ്ങളിലെല്ലാം നാമകരണ നടപടികൾ പൂർത്തിയാകുന്നതിനുള്ള പ്രത്യേകം പ്രാർത്ഥന ചൊല്ലുവാൻ എല്ലാവരെയും പ്രേരിപ്പിക്കുകയും അതിന് നേതൃത്വം കൊടുക്കുകയും ചെയ്ത അത്യഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമേനി ഈ ഒരു കാര്യത്തിനുവേണ്ടി എന്തുമാത്രം ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു എന്ന് നമുക്കെല്ലാവർക്കും അറിയാം. മാനുഷികമായി ചെയ്യേണ്ടതെല്ലാം പൂർത്തിയായി. ഇനി അവശേഷിക്കുന്നത് സ്വർഗ്ഗത്തിന്റെ വലിയ ഇടപെടലാണ്. അതിനായി നമുക്ക് പ്രാർത്ഥിക്കാം. ധന്യനായ പിതാവ് വാഴ്ത്തപ്പെട്ടവനും വിശുദ്ധനുമാകുന്ന പുണ്യദിനങ്ങൾക്കായി കാത്തിരിക്കാം.

ഈ ലക്കം കാഹളം മാസിക മറ്റൊരു വിഷയം കൂടി ചർച്ചചെയ്യുന്നു. കേരളത്തിലെ കലാലയങ്ങൾ കൊലക്കളങ്ങളാകുന്ന വേദനാജനകമായ കാഴ്ചയാണ് നാം കാണുന്നത്. രണ്ടാം ലോക മഹായുദ്ധ കാലത്ത് നാസി ഭരണവും ഹിറ്റ്ലറും ആളുകളെ പീഡിപ്പിച്ച് കൊന്ന കോൺസൺട്രേഷൻ ക്യാമ്പുകൾ ഇന്നും ടൂറിസ്റ്റുകൾക്ക് കാണുവാനായി സംരക്ഷിക്കുന്നു. പോളണ്ടിലും ജർമ്മനിയിലും ഇതുപോലെ ധാരാളം ക്യാമ്പുകൾ ഇപ്പോഴുമുണ്ട്. ആ ക്യാമ്പുകളിൽ നടന്ന ഭീകര പീഡനങ്ങളെ പോലും അതിശയിപ്പിക്കുന്ന തരത്തിലുള്ള മൃഗീയ പീഡനങ്ങളാണ് ഇന്ന് നമ്മുടെ പല ക്യാമ്പസുകളിലും നടക്കുന്നത്. വിദ്യാർത്ഥി സംഘടനകൾ തന്നെ പ്രതിക്കൂട്ടിൽ നിൽക്കുന്ന ഇത്തരം കിരാത വാഴ്ചകൾ എന്നവസാനിക്കും. പണം കടം വാങ്ങി പ്ലസ്ടു കഴിയുമ്പോൾത്തന്നെ കുട്ടികൾ വിദേശത്തേയ്ക്ക് പറക്കുന്നതിന്റെ കാരണം അന്തസ്സായി പഠിക്കാൻ ജോലി വാങ്ങാൻ ഈ നാട്ടിൽ ഒന്നുമില്ലാഞ്ഞിട്ടാണ്. ഭരണകൂടത്തിന്റെ തള്ളലുകളല്ലാതെ മറ്റൊന്നും ഇവിടെയില്ല. കേരളത്തിലെ വിദ്യാർത്ഥി സമൂഹവും രക്ഷകർത്താക്കളും ഒരുപോലെ സംഘടിച്ചില്ലെങ്കിൽ നമ്മുടെ ക്യാമ്പസുകളിൽ നിന്ന് പുറത്തേക്ക് വരുന്നത് അന്താരാഷ്ട്ര ക്രിമിനലുകളായിരിക്കും.





റവ. ഫാ. ബോവസ് മാത്യു
ഫോൺ: 9447661943
bovasmathew@gmail.com

www.malankaralibrary.com



# ധന്യം ഈ ജീവിതം



മലങ്കര സുറിയാനി കത്തോലിക്കാ സഭ ഏറെ സന്തോഷത്തോടും നിറഞ്ഞ മനസ്സോടുംകൂടി ദൈവത്തിന് നന്ദി പറയുന്ന ഒരവസരമാണിത്. ദൈവത്തിന്റെ അനന്തമായ കരുണയിലും വാത്സല്യത്തിലും നമ്മുടെ സഭാപിതാവായ ദൈവദാസൻ ആർച്ചുബിഷപ് മാർ ഈവാനിയോസ് തിരുമനസിനെ സാർവ്വത്രിക സഭയിൽ ധന്യൻ എന്ന പദവിയിലേക്ക് 2024 മാർച്ച് 14-ാം തീയതി പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പാ തിരുമേനി ഉയർത്തിയിരിക്കുന്നു.

മലങ്കര സുറിയാനി കത്തോലിക്കാ സഭയെ സംബന്ധിച്ചും മലങ്കര സഭയെ പൊതുവായി സംബന്ധിച്ചും കത്തോലിക്കാ തിരുസഭയിൽ ധന്യൻ പദവിയിൽ എത്തുന്ന ആദ്യത്തെ വ്യക്തിയാണ് മാർ ഈവാനിയോസ് തിരുമേനി. ദൈവം കനിഞ്ഞു നൽകിയ അനുഗ്രഹത്തിനായി അവിടുത്തോട് നന്ദി പറയുന്നു. അവിടുത്തേക്ക് മഹത്വം അർപ്പിക്കുന്നു. നമ്മെ സംബന്ധിച്ച് ഏറെ സന്തോഷത്തോടെ നാം കാത്തിരുന്ന ഒരു പ്രഖ്യാപനം ആണിത്. പരിശുദ്ധ സിംഹാസനം എക്കാലത്തും മലങ്കര സുറിയാനി കത്തോലിക്കാ സഭയോട്, സഭയുടെ നിർദ്ദേശങ്ങളോട്, സഭയുടെ ആവശ്യങ്ങളോട് അനുഭാവപൂർണ്ണമായ, ഔദാര്യത്തോടെ യുള്ള സമീപനമാണ് എന്നും പുലർത്തിയിട്ടുള്ളത്. പുണ്യ പിതാവായ ധന്യൻ മാർ ഈവാനിയോസ് തിരുമേനിയുടെ വിശുദ്ധ പദവിയിലേക്കുള്ള നാമകരണ നടപടികൾ 1998ൽ ആരംഭിച്ചു. എന്റെ അനുഗ്രഹീതനായ മുൻഗാമി ഭാഗ്യസ്മരണാർഹനായ സിറിൽ ബസേലിയോസ് കാതോലിക്കാ ബാവാ അതിനു നേതൃത്വം നൽകി. ദൈവദാസനായി ഈ പുണ്യ പിതാവിനെ പ്രഖ്യാപിക്കുവാനുള്ള അനുഗ്രഹവും ഭാഗ്യവും ബലഹീനനായ എനിക്കും ദൈവം നൽകി.

നാം മേജർ അതിരൂപതാ തലത്തിൽ നടത്തേണ്ട പ്രാഥമികമായ പഠനത്തിന്റെയും അന്വേഷണത്തിന്റെയും എല്ലാം റിപ്പോർട്ടുകൾ ഒരു ലക്ഷത്തോളം പേജുകൾ നിറഞ്ഞു നിൽക്കുന്ന ആ വലിയ സമാഹാരം തയ്യാറാക്കി അത് റോമിൽ എത്തിക്കുകയും ചെയ്തു. അന്നുമുതൽ ഇന്നോളം നടത്തിയ പഠനത്തിന്റെയും ആലോചനയുടെയും നിരീക്ഷണങ്ങളുടെയും പ്രാർത്ഥനയുടെയും ഫലമായി ധന്യൻ എന്ന പദവിയിൽ പ്രഖ്യാപിക്കപ്പെടുന്നതിന് ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി യോഗ്യൻ എന്ന് നാമകരണ നടപടികൾക്കായുള്ള തിരുസംഘത്തിന്റെ ഏകകണ്ഠമായ

www.malankaralibrary.com

നിർദ്ദേശം പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ തിരുമേനിയെ അറിയിക്കുകയും 2024 മാർച്ച് 14 ന് പരിശുദ്ധ പിതാവ് അത് ഔദ്യോഗികമായി പ്രഖ്യാപിക്കുകയും ചെയ്തു.

നമുക്ക് ലഭിച്ച ഈ അനുഗ്രഹത്തിന് നന്ദിയായി 2024 മാർച്ച് 15 വെള്ളിയാഴ്ച വൈകുന്നേരം 4 മണിക്ക് നമ്മുടെ പട്ടം സെന്റ് മേരീസ് മേജർ ആർക്കിഎപ്പാർക്കിയൽ കത്തീഡ്രൽ ദൈവാലയത്തിൽ അഭിവന്ദ്യ പിതാക്കന്മാരും വൈദികരും സന്യസ്തരും സഭാമക്കളുമടങ്ങുന്ന വലിയൊരു സമൂഹം ഒരുമിച്ചുകൂടി കൃതജ്ഞതാ ബലിയർപ്പിക്കുകയും പുണ്യപിതാവിന്റെ കബറിങ്കൽ ധൂപപ്രാർത്ഥന നടത്തുകയും ചെയ്തു.

തിരുമേനിയുടെ ജീവിതം അനുകരണീയമായ ക്രിസ്തീയ ജീവിതമാണെന്നും മാതൃകയാക്കാവുന്ന ജീവിതശൈലി ആണെന്നും പരിശുദ്ധ പിതാവ് തിരുസഭയിൽ പ്രഖ്യാപിച്ചിരിക്കുകയാണ്. 'ധന്യമീ ജീവിതം' എന്നത് പരിശുദ്ധ പിതാവ് ലോകസമക്ഷം നമ്മുടെ പിതാവിനെ കുറിച്ച് പറയുകയാണ്. അതിൽപരം ആനന്ദം നമുക്ക് പുനരൈക്യ ശതാബ്ദിയുടെ ഒരുക്കത്തിന്റെ ഈ നാളുകളിൽ വേറെ ഏതാണ് ലഭിക്കാനുള്ളത്! ദൈവത്തോട് നന്ദി പറയുന്നു. അവിടുത്തെ സ്തുതിക്കുന്നു. ചെറിയ അജഗണത്തിന് എപ്പോഴും വലിയ അനുഗ്രഹം നൽകിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗത്തിന്റെ പദ്ധതിയിൽ ഉറച്ച് വിശ്വസിക്കുന്നതിനുള്ള ഒരു അടയാളം കൂടി നമുക്ക് ലഭിച്ചിരിക്കുകയാണ്. ചോദിപ്പിൻ നിങ്ങൾക്ക് ലഭിക്കും, മുട്ടുവിൻ നിങ്ങൾക്ക് തുറന്നുകിട്ടും. വിശ്വാസയോഗ്യമായ ഈ വചനം വിശ്വസനീയമാണെന്ന് തിരിച്ചറിയുവാൻ സ്വർഗം നമ്മോട് വീണ്ടും പറയുന്നു.

മാർ ഈവാനിയോസ് പിതാവിന്റെ ധന്യൻ എന്ന പദവിയിലേക്കുള്ള ഈ പ്രയാണത്തിൽ നമ്മെ സഹായിച്ച എല്ലാവരെയും - പരിശുദ്ധ പിതാക്കന്മാരെയും നമ്മുടെ സഭയുടെ മേലധ്യക്ഷന്മാരെയും വിശുദ്ധ നാമകരണം നടപടികൾ തുടങ്ങിവച്ച ഭാഗ്യസ്മരണാർഹനായ സിറിൽ ബസേലിയോസ് കാതോലിക്കാ ബാവാതിരുമേനിയെയും കൃതജ്ഞതയോടെ ഓർക്കുന്നു. നമ്മുടെ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ കൽപ്പന പ്രകാരം തിരുസിംഹാസനത്തിലേക്ക് നാമകരണ നടപടികളുടെ ഔദ്യോഗിക അപേക്ഷകരായി തിരുവനന്തപുരം മേജർ അതിരൂപത, ബഥനി ആശ്രമം, ബഥനി സന്യാസിനീ സമൂഹം, മേരീമക്കൾ സന്യാസിനീ സമൂഹം എന്നിവർ അപേക്ഷ സമർപ്പിച്ചു. ബഥനി ആശ്രമത്തിന്റെയും ബഥനി മഠത്തിന്റെയും സ്ഥാപകനാണ് മാർ ഈവാനിയോസ് തിരുമേനി. ഈ രണ്ട് സമൂഹങ്ങളും നമ്മുടെ സഭയിൽ നിർവഹിക്കുന്ന വലിയ ശുശ്രൂഷകളെ കൃതജ്ഞതയോടെ ഞാൻ ഓർക്കുന്നു. മാർ ഈവാനിയോസ് പിതാവിന്റെ അനുഗ്രഹത്തോടെയും ആഗ്രഹത്തോടെയുമാണ് മേരി മക്കൾ സന്യാസിനീ സമൂഹം മലങ്കരസഭയിൽ സ്ഥാപിതമായത്. മേരിമക്കൾ സന്യാസിനിമാരുടെ സുവിശേഷ വളർച്ചയ്ക്കുള്ള സമർപ്പണത്തെ ഇത്തരുണത്തിൽ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. ഈ സഭയിലെ എന്റെ സഹ മെത്രാപ്പോലീത്തമാർ, കാലം ചെയ്ത നമ്മുടെ വന്ദ്യ പിതാക്കന്മാർ, ബഹുമാനപ്പെട്ട വൈദികർ, ആശ്രമാംഗങ്ങൾ, സന്യാസിനികൾ, ഈ സഭയ്ക്ക് ഇനിയും നേതൃത്വം നൽകുവാനുള്ള നമ്മുടെ വൈദിക വിദ്യാർത്ഥികൾ, നമ്മുടെ സഭയുടെ പ്രിയപ്പെട്ട കുടുംബാംഗങ്ങൾ, സ്വദേശത്തും വിദേശത്തും മിഷൻ രാജ്യങ്ങളിലുമായി കഴിയുന്ന നമ്മുടെ ആയിരക്കണക്കിന് കുടുംബങ്ങൾ, നമ്മുടെ സഭയെ എന്നും സ്നേഹിച്ച കരുതിയിട്ടുള്ള നമ്മുടെ സഹോദരീ സഭകൾ, കത്തോലിക്കാ തിരുസഭയിലെ സീറോ മലബാർ സഭ, ലത്തീൻ സഭ, പൊതുസമൂഹം തുടങ്ങി എല്ലാവരോടും ഇത്തരുണത്തിൽ ഞാൻ ഹൃദയപൂർവ്വമായ സ്നേഹവും ആദരവും നന്ദിയും അറിയിക്കുന്നു. നമ്മുടെ സഭയെ ഇപ്രകാരം എല്ലാവരുടെയും ഒരു സഭയായി നിലനിർത്തുന്നതിൽ മേൽപ്പറഞ്ഞ എല്ലാ ഘടകങ്ങളിലെയും സ്നേഹവും കരുതലും നാം അനുഭവിച്ചിട്ടുണ്ടല്ലോ. നിങ്ങളെല്ലാവരയും ദൈവം അനുഗ്രഹിക്കട്ടെ. ധന്യൻ മാർ ഈവാനിയോസ് തിരുമേനിയുടെ ജീവിതം എല്ലാ മനുഷ്യർക്കും പ്രത്യേകിച്ച് തിരുസഭയിൽ മുഴുവനും പൊതുസമൂഹത്തിനും പ്രചോദനമായി ഭവിക്കട്ടെ! ദൈവപരിപാലനയിൽ ഉറച്ച് ശരണപ്പെട്ട് നമുക്ക് ഒരുമിച്ച് പറയാം: ധന്യനായ പിതാവേ അങ്ങ് ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ!

നിങ്ങളുടെ പിതാവ്,

+Baselios Cleemis

✠കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ്
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്

www.malankaralibrary.com

കവർ സ്റ്റോറി

# ധന്യ പദവി മലങ്കര സഭയ്ക്ക് അഭിമാനം





**ആർച്ചുബിഷപ്
തോമസ് മാർ കൂറിലോസ്
മെത്രാപ്പോലീത്ത**
തിരുവല്ല അതിഭദ്രാസനം

മലങ്കര സഭാ പുനരൈക്യ പ്രസ്ഥാനത്തിന്റെ ജനയിതാവും തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പുമായിരുന്ന ദൈവദാസൻ പണിക്കരു വീട്ടിൽ ഗീവറുഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തയെ ധന്യരുടെ ഗണത്തിലേക്ക് ഉയർത്തിയിരിക്കുന്നുവെന്ന വാർത്ത മാർത്തോമ്മാ നസ്രാണി സഭകളുടെ ഐക്യത്തിനായി പ്രാർഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന എല്ലാവർക്കും ആത്മനിർവൃതിയുടെ സമയമാണ്. എല്ലാ ക്രൈസ്തവ സഭകളും ഒന്നാകണമെന്ന്, പ്രത്യേകിച്ച് മാർത്തോമ്മാ 'നസ്രാണി പൈതൃക സഭകൾ ഒന്നാകണമെന്നും അങ്ങനെ എല്ലാവരും ഒന്നിച്ചുനിന്ന് ഭാരത ഉപഭൂഖണ്ഡത്തിൽ ക്രിസ്തുവിന്റെ സുവിശേഷം പ്രഘോഷിക്കണമെന്നും ആഗ്രഹിച്ച മാർ ഈവാനിയോസ് മെത്രാപ്പോലീത്ത അതിനായി സ്വപ്നം കാണുകയും, സ്വപ്നം യാഥാർഥ്യമാക്കുവാൻ വേണ്ടി പ്രയത്നിക്കുകയും ചെയ്ത വ്യക്തിയാണ്.

www.malankaralibrary.com

**സഭകളുടെ ഐക്യം: സുവിശേഷ പ്രഘോഷണത്തിന് അനിവാര്യം**

1653 ജനുവരി മൂന്നാം തീയതി നടന്ന കൂനൻകുരിശ് സത്യത്തോടെ രണ്ടായി പിളർക്കപ്പെട്ട മാർത്തോമ്മാ നസ്രാണി സമൂഹത്തിന്റെ അനൈക്യവും ചേരിതിരിവുകളും മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ വളരെയേറെ അസ്വസ്ഥനാക്കി. വിഭജിച്ചു നിൽക്കുന്ന സഭകൾക്ക് ഒരിക്കലും ക്രിസ്തു വിന്റെ സുവിശേഷത്തിന് സാക്ഷികളാകാൻ സാധിക്കില്ല എന്ന തിരിച്ചറിവ് അദ്ദേഹത്തിനുണ്ടായിരുന്നു.

നിരണം പള്ളിയിൽ നടന്ന തന്റെ മെത്രാഭിഷേകത്തെത്തുടർന്ന് നടത്തിയ പ്രസംഗത്തിൽ തന്റെ സഭൈക്യ സ്വപ്നം അദ്ദേഹം പരസ്യപ്പെടുത്തുകയുണ്ടായി. "കേരളത്തിലുള്ള സുറിയാനി ക്രിസ്ത്യാനികളെല്ലാവരും പഴയകാലത്ത് ഒരു സഭയായിരുന്ന പ്രകാരം, വീണ്ടും യഥാർഥമായ പുനരൈക്യം പ്രാപിച്ച് ഒരു സഭയും ഒരു ഇടയനും എന്ന വേദോക്തിയെ കേരളീയ സുറിയാനിക്കാരെ സംബന്ധിച്ചിടത്തോളമെങ്കിലും യാഥാർഥീ കരിക്കണം. കക്ഷിവഴക്കിൽ ആസക്തിയുള്ളവർ ധാരാളം ശകാരം പറഞ്ഞേക്കാമെന്ന് എനിക്കറിയാം. എന്നാൽ അങ്ങനെയുള്ള ഘട്ടങ്ങളിൽ വിനയവും ക്ഷമയും ചാഞ്ചല്യരഹിതമായ ദൈവവിശ്വാസവും എന്നിലുണ്ടാകുന്നതിന് സംഗതിയാകുന്ന പക്ഷം അതിലേക്കായി നിങ്ങളെല്ലാവരും പ്രാർഥിക്കണം. അത് ദൈവത്തിന്റെ മഹത്വത്തിനും നിങ്ങൾക്ക് അനല്പമായ ഉത്തമ ദൃഷ്ടാന്തത്തിനും കാരണമായി തീരുമല്ലോ എന്ന് ഞാൻ കരുതുന്നു. നമ്മുടെ ഈ തലമുറയിൽ മലങ്കര സുറിയാനി സമുദായം രണ്ടായി ഭിന്നിച്ചു പോകാൻ നാം സമ്മതിക്കരുത്. പിരിച്ചിലിനെ തടയാനും പരസ്പര സ്നേഹം വർധിപ്പിക്കാനും എന്തെല്ലാം ശ്രമങ്ങൾ ചെയ്യുന്നതിന് നമ്മെക്കൊണ്ടു കഴിയുമോ അതെല്ലാം നാം ചെയ്യണം. എത്രത്തോളം ക്ഷമിക്കുകയും സഹിക്കുകയും ചെയ്യാമോ അത്രത്തോളം സഹിപ്പാനും ക്ഷമിപ്പാനും നാം തയാറാകണം.ടധന്യ പദവി മലങ്കര സഭയ്ക്ക് അഭിമാനം'

**പൂവണിഞ്ഞ പുനരൈക്യ സംഭവം**

മാർ ഈവാനിയോസ് മെത്രാപ്പോലീത്ത സുവിശേഷാധിഷ്ഠിത മാർഗത്തിലൂടെയാണ് സഭയിലെ ഐക്യത്തിനു വേണ്ടി പ്രയത്നിച്ചത്. അതിൽ ഏറ്റവും പ്രധാനമാണ് പത്രോസിന്റെ പിൻഗാമിയായ റോമിന്റെ മെത്രാനുമായുള്ള കൂട്ടായ്മയ്ക്കുവേണ്ടിയുള്ള പരിശ്രമം. റോമാ മാർപാപ്പ ഒരു വ്യക്തിസഭയെയും ബലഹീനമാക്കുവാനുള്ളയാളല്ല, ഓരോ സഭയെയും ശക്തിപ്പെടുത്തുന്ന ക്രിസ്തുവിന്റെ വികാരിയാണെന്ന ബോധ്യം മാർ ഈവാനിയോസ് മെത്രാപ്പോലീത്തയ്ക്കുണ്ടായിരുന്നു.

"എല്ലാവരും ഒന്നാകണം" എന്ന ക്രിസ്തുവിന്റെ പ്രാർഥനയും സ്വപ്നവും തന്നെയായിരുന്നു മാർ ഈവാനിയോസ് മെത്രാപ്പോലീത്തയ്ക്കും ഉണ്ടായിരുന്നത്. കൂനൻകുരിശ് സത്യത്തെത്തുടർന്ന് പുത്തൻകൂർ-പഴയകൂർ സമൂഹങ്ങളായി പിരിഞ്ഞ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഇടയിലുണ്ടായിട്ടുള്ള പൂർത്തീകരിക്കാൻ കഴിയാത്ത പുനരൈക്യ പരിശ്രമങ്ങളെ പൂർത്തീകരിക്കാനാണ് അദ്ദേഹം ശ്രമിച്ചത്. ഒന്നാം മാർത്തോമ്മാ മുതലുള്ള പുത്തൻകൂർ സമുദായ നേതാക്കന്മാർ പുനരൈക്യത്തിനു വേണ്ടി ശ്രമിച്ചവരാണ്. ആറാം മാർത്തോമ്മയെന്ന വലിയ മാർ ദിവന്നാസിയോസിന്റെ കാലത്ത് കരിയാറ്റിൽ മല്പാന്റെയും പാറേമ്മാക്കൽ തോമ്മാ കത്തനാരുടെയും നേതൃത്വത്തിൽ നടന്ന പുനരൈക്യ പരിശ്രമങ്ങൾ, തച്ചിൽ മാത്തുത്തരകന്റെ നേതൃത്വത്തിൽ ആലപ്പുഴ തത്തംപള്ളിയിൽ നടന്ന പുനരൈക്യ സംഭവം, മാർ ദിവന്നാസിയോസ് അഞ്ചാമൻ എന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസിന്റെ നേതൃത്വത്തിൽ നിധീരിക്കൽ മാണിക്കത്തനാരുടെ സഹകരണത്തിൽ നടത്തിയ പുനരൈക്യശ്രമങ്ങൾ തുടങ്ങി നടത്തിയ ശ്രമങ്ങൾ ഭാഗികമായെങ്കിലും പൂവണിഞ്ഞത് 1930 സെപ്റ്റംബർ 20ന് ബഥനി മെത്രാപ്പോലീത്തയായിരുന്ന മാർ ഈവാനിയോസിന്റെ നേതൃത്വത്തിൽ നടന്ന പുനരൈക്യ സംഭവത്തോടെയായിരുന്നു.

**സഭൈക്യ പരിശ്രമങ്ങൾ ഇനിയും തുടരേണ്ടതുണ്ട്**

ഒരു മനുഷ്യായുസിൽ കാണാൻ പറ്റുന്ന വലിയൊരു സ്വപ്നം കണ്ട്, അതിന്റെ പൂർത്തീകരണത്തിനായി യത്നിച്ച ക്രാന്തദർശിയാണ് ധന്യപദവിയിലേക്ക് ഉയർത്തപ്പെട്ട ആർച്ച്ബിഷപ് മാർ ഈവാനിയോസ് മെത്രാപ്പോലീത്ത. ക്രിസ്തുവിന്റെ സുവിശേഷവും ക്രിസ്തുവിന്റെ ജീവിതവുമായിരുന്നു അദ്ദേഹത്തിന്റെ ആയുധങ്ങൾ. അദ്ദേഹത്തെ മനസിലാക്കാൻ പലരും ശ്രമിച്ചിട്ടില്ല. പുലഭ്യം പറഞ്ഞവരോടും തന്റെ ജീവിത വഴിയിൽ തടസം നിന്നവരോടും അദ്ദേഹം നീരസം കാണിച്ചിട്ടില്ല. സുവിശേഷാധിഷ്ഠിത മാർഗത്തിലൂടെ മാത്രമേ ക്രിസ്തു സഭയിൽ ശാശ്വത സമാധാനം ഉണ്ടാവൂ എന്ന ഉറച്ച ബോധ്യം മാർ ഈവാനിയോസ് മെത്രാപ്പോലീത്തയ്ക്ക് എന്നുമുണ്ടായിരുന്നു. ഒരു കാലത്ത് കല്ലെറിഞ്ഞവർ പിന്നീട് സത്യം ബോധ്യപ്പെട്ട് തന്റെ വഴികളിൽ പുഷ്പവൃഷ്ടി നടത്തും എന്ന് ഉറച്ച ബോധ്യം അദ്ദേഹത്തിനുണ്ടായിരുന്നു. "എന്റെ മരണശേഷം സ്വർഗത്തിലിരുന്നും മലങ്കരസഭാമക്കളുടെ പുനരൈക്യത്തിനായി ഞാൻപ്രാർഥിച്ചുകൊണ്ടിരിക്കും" എന്ന് വാഗ്ദാനം നല്കിക്കൊണ്ടാണ് മാർ ഈവാനിയോസ് മെത്രാപ്പോലീത്ത തന്റെ നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ടത്. യേശുക്രിസ്തുവിന്റെ പ്രാർഥനയും സ്വപ്നവും തൻറെ ജീവിതസ്വപ്നവും പ്രാർഥനയുമാക്കിയ മാർ ഈവാനിയോസ് മെത്രാപ്പോലീത്തയെ അൾത്താരയിലെ വണക്കത്തിനായി പ്രഖ്യാപിക്കുന്ന ദിനങ്ങൾക്കായി പ്രാർഥിക്കാം.

www.malankaralibrary.com

# ദൈവം വിളിച്ചു, ദൈവം നടത്തും!



**മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പൂന- കട്കി ഭദ്രാസനത്തിന്റെ അധ്യക്ഷനായി അഭിഷിക്തനായ അഭിവന്ദ്യ ഡോ. മാത്യൂസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തയുമായുള്ള അഭിമുഖം**

തയ്യാറാക്കിയത്:
**ജെറാൾഡ് ബി. മിറാൻഡ**

www.malankaralibrary.com

ജർമനിയിലെ ഫ്രാങ്ക്ഫർട്ട് അന്താരാഷ്ട്ര വിമാനത്താവളത്തിൽ വിമാനം ലാന്റുചെയ്യാൻ തുടങ്ങുമ്പോൾ നന്നായി മഞ്ഞുപെയ്യുന്നുണ്ടായിരുന്നു. കനത്ത മഞ്ഞിൽ പൈലറ്റിന് റൺവേ വേണ്ട രീതിയിൽ കാണാൻ കഴിഞ്ഞില്ല. ആന്റിനകൾ തകർന്നു. അപകടം മുന്നിൽക്കണ്ട പൈലറ്റ് വിമാനം ഉയർത്തി. അരമണിക്കൂറോളം വിമാനത്താവളത്തിന് മുകളിൽ വിമാനം വട്ടമിട്ടു പറന്നു. യാത്രക്കാർ ഭയചകിതരായി. ഭീതിയും ഉത്ക്കണ്ഠയും നിറഞ്ഞ നിമിഷങ്ങൾ. റവ. ഡോ. മത്തായി കടവിൽ ഒഐസിക്കൊപ്പം (അഭിവന്ദ്യ ഡോ. മാത്യൂസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്ത) തിരുവനന്തപുരം അതിരൂപതയിലെ മോൺ. ഡോ. നിക്കോളാസ് താർസൂസ് ഉൾപ്പെടെ അഞ്ച് വൈദികർ വിമാനത്തിലുണ്ടായിരുന്നു. അവർ ജപമാല കൈയിലെടുത്തു.

പരിശുദ്ധ അമ്മയുടെ മാധ്യസ്ഥം തേടി ശക്തമായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. എമർജൻസി ലാന്റിങ്ങിന് പൈലറ്റ് അനുമതി തേടി. വിമാനം നിലത്തിറങ്ങുമ്പോൾ ഇരുപത് ഫയർ എഞ്ചിനുകൾ ഏത് അടിയന്തിര സാഹചര്യവും നേരിടാൻ തയാറായി നില്പുണ്ടായിരുന്നു. വിമാനം ദൈവകൃപയാൽ സുരക്ഷിതമായി നിലത്തിറങ്ങിയെങ്കിലും വിമാനത്താവളത്തിന് കേടുപാടുകൾസംഭവിച്ചിരുന്നു.

1999 ജനുവരി 20-ന് വിമാനാപകടത്തിൽനിന്നും ദൈവം അത്ഭുതകരമായി രക്ഷിച്ച അനുഭവം അഭിവന്ദ്യ ഡോ. മാത്യൂസ് മാർ പക്കോമിയോസിന്റെ മനസിൽ ഇപ്പോഴും ജ്വലിച്ചുനില്ക്കുന്നു. സഭ പുതിയ ഉത്തരവാദിത്വം ഏല്പിക്കുമ്പോഴും ദൈവം വഴി നടത്തുമെന്ന ഉറച്ച ബോധ്യമാണ് അദ്ദേഹത്തെ നയിക്കുന്നത്. പുതിയ നിയോഗത്തെക്കുറിച്ചും പ്രാവർത്തികമാക്കേണ്ട ആശയങ്ങളെപ്പറ്റിയും ബിഷപ് ഡോ. മാത്യൂസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്ത സംസാരിക്കുന്നു.

**സഭയിലെ പുതിയ നിയോഗത്തെ എങ്ങനെ കാണുന്നു?**

വൈദികശുശ്രൂഷയിൽ നിരവധി ഉത്തരവാദിത്വങ്ങൾ സഭ എന്നെ ഭരമേൽപിച്ചിട്ടുണ്ട്. മെത്രാൻ സ്ഥാനത്തിന്റെ ഔന്നത്യം ഞാൻ തിരിച്ചറിയുന്നു. ഗൗരവമായ കടമയാണത്. എനിക്ക് ബലഹീനതകളും കുറവുകളുമുണ്ട്. എന്റെ പരിമിതികൾ ഞാനറിയുന്നു. എന്നാൽ, ദൈവം ഒരാളെ തിരഞ്ഞെടുത്താൽ ദൈവംതന്നെ വഴിനടത്തുമെന്ന ബോധ്യമാണ് എന്നെ നയിക്കുന്നത്. പരിധിയും പരിമിതിയും ഇല്ലാതെ ദൈവത്തിൽ ആശ്രയിക്കുന്ന മനോഭാവം നമുക്കുണ്ടായാൽ മാത്രംമതി.

**ഇപ്പോഴത്തെ സാഹചര്യത്തിൽ ഹിന്ദിമേഖലയിൽ നേരിട്ടേക്കാവുന്ന വെല്ലുവിളികൾ?**

വടക്കേ ഇന്ത്യയിൽ ചില തീവ്രവാദ ചിന്താഗതിയുള്ളവർ മിഷൻ പ്രവർത്തനങ്ങളെ തടസപ്പെടുത്തുന്നു. അവരോട് പ്രകോപനത്തിന് പോകാതെ ക്രിസ്തു കേന്ദ്രീകൃത ജീവിത സാക്ഷ്യത്തിലൂടെ സുവിശേഷം പ്രചരിപ്പിക്കണം. ഏത് മതത്തിലായാലും തീവ്രവാദം അപകടകരവും അപക്വവുമാണ്. സ്നേഹത്തിലും കാരുണ്യത്തിലും അധിഷ്ഠിതമായ സുവിശേഷവൽക്കരണത്തിന് നാം മുൻഗണന കൊടുക്കണം.



www.malankaralibrary.com



**ഇന്ത്യയിൽ സുവിശേഷപ്രഘോഷണത്തിനുള്ള തടസങ്ങളെ എങ്ങനെ അതിജീവിക്കാം?**

സഭയുടെ ആദ്യനൂറ്റാണ്ടുകൾ മുതൽ നാളിതുവരെ സുവിശേഷപ്രഘോഷണം വെല്ലുവിളികളും ബുദ്ധിമുട്ടുകളും നിറഞ്ഞതായിരുന്നു. മതതീവ്രവാദത്തെ അതാത് മതങ്ങളിലെ ആത്മീയ നേതാക്കന്മാർ മുളയിലേ നുള്ളിക്കളയണം. തീവ്രവാദം ഒന്നിനും പരിഹാരമല്ല. പ്രകോപനപരമായ സുവിശേഷപ്രസംഗം നമുക്ക് ചേർന്നതല്ല. സമചിത്തതയോടെ സുവിശേഷം പ്രഘോഷിക്കണം. തീവ്രവാദത്തിനെതിരെ എല്ലാവരും നിലപാടു സ്വീകരിക്കണം.

**പുതിയ തലമുറയെ വിശ്വാസത്തിൽ വളർത്താൻ എന്തെല്ലാം ചെയ്യണം?**

യുവജനങ്ങളെയും കുട്ടികളെയും കേൾക്കാനുള്ള മനസാണ് വേണ്ടത്. ഭവനങ്ങളിലും ഇടവകയിലും സ്കൂളുകളിലും അവർ കേൾക്കുന്നതിലും പഠിക്കുന്നതിലും മനസിലാക്കുന്നതിനെയുംകാൾ കൂടുതൽ കൂട്ടുകാരിൽനിന്നും സാമൂഹിക മാധ്യമങ്ങളിൽനിന്നും സ്വായത്തമാക്കുന്നു. ആ അറിവുകൾ അവരിൽ അമിതമായ സ്വാധീനം ചെലുത്തുന്നുണ്ട്. അവരെ നിരന്തരം കേൾക്കുമ്പോൾ മാത്രമാണ് സ്വാധീനിച്ചിട്ടുള്ള ചിന്താധാരകളും പ്രവർത്തനശൈലികളും നമുക്ക് അറിയാൻ കഴിയുകയുള്ളൂ. അങ്ങനെ നിരന്തര സംഭാഷണത്തിലൂടെ അവരെ നേടിയെടുക്കാൻ കഴിയും. ഭൂഖണ്ഡങ്ങൾ കീഴടക്കിയ മനുഷ്യന് മൊബൈൽ ഫോണിനെ കീഴടക്കാൻ കഴിഞ്ഞിട്ടില്ല. സാമൂഹിക മാധ്യമങ്ങൾ കുട്ടികളെയും യുവജനങ്ങളെയും മാത്രമല്ല എല്ലാവരിലും വലിയ സ്വാധീന ശക്തിയായി നിലകൊള്ളുന്നു.

**സെമിനാരി പരിശീലനത്തിൽ നേരിടുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ എന്തൊക്കെയാണ്?**

സെമിനാരിയിൽ ചേരുന്ന വിദ്യാർത്ഥികളുടെ കുടുംബപശ്ചാത്തലം വ്യത്യസ്തമാണ്. അവരുടെ സാഹചര്യം, ആത്മീയപശ്ചാത്തലം ഒക്കെ ഭിന്നമായിരിക്കെ അതൊക്കെ അറിഞ്ഞുകൊണ്ടുള്ള പരിശീലനമാണ് അഭികാമ്യം. ഇപ്പോൾ അണുകുടുംബങ്ങളിൽനിന്നാണ് സെമിനാരി വിദ്യാർത്ഥികൾ വരുന്നത്. അവരിൽത്തന്നെ പല സ്വഭാവക്കാരും പല സാമൂഹിക പശ്ചാത്തലത്തിൽ വളർന്നവരും ഉണ്ട്. അതിനാൽ ഒരുമിച്ചുള്ള പഠനവും പരിശീലനവും എന്നതിലുപരി ഓരോ വിദ്യാർത്ഥികളെയും വ്യക്തിപരമായി അറിഞ്ഞു മനസിലാക്കി അതിനനുസരിച്ചുള്ള ശിക്ഷണം നൽകുന്നതിന് മുൻതൂക്കം നൽകണം. സമീപകാലത്ത് രൂപപ്പെട്ടിട്ടുള്ള വ്യക്തികേന്ദ്രീകൃത ചിന്തകളെ ഗൗരവമായിത്തന്നെ കാണണം. മാറുന്ന കാലഘട്ടത്തിനനുസൃതമായി സാമൂഹിക പ്രതിബദ്ധതയോടുകൂടിയ ക്രിയാത്മക സമീപനങ്ങളും കൈക്കൊള്ളണം.

**കോവിഡ് ലോക്ക്ഡൗണിനുശേഷം ദൈവാലയങ്ങളിലും ധ്യാനകേന്ദ്രങ്ങളിലും പ്രാർത്ഥിക്കാൻ വരുന്നവരുടെ എണ്ണത്തിൽ കുറവ് വരുന്നതായി തോന്നിയിട്ടുണ്ടോ?**

കോവിഡ് കാലത്ത് ദൈവാലയങ്ങൾ അടഞ്ഞപ്പോൾ ഭവനങ്ങൾ പ്രാർത്ഥനാലയങ്ങളായി. കുടുംബ

www.malankaralibrary.com

മൊന്നായി പ്രാർത്ഥിച്ചു, ദൈവത്തിൽ ആശ്രയിച്ചു, ബൈബിൾ വായിച്ചു. അങ്ങനെ ആത്മീയജീവിതം ശക്തിപ്പെടുത്തുന്നതിന് ലോക്ഡൗൺ അവർ ഉപയോഗിച്ചു. എന്നാൽ ഇന്ന് ദൈവാലയങ്ങൾ തുറന്നു. ദിവ്യബലിയും ദിവ്യകാരുണ്യ ആരാധനകളുമെല്ലാം സജീവമായി. ഈ സാഹചര്യത്തിൽ വിശ്വാസികൾ ദിവ്യബലി അർപ്പണത്തിനും ആരാധനകൾക്കും സമൂഹപ്രാർത്ഥനകൾക്കും ദൈവാലയത്തിൽ എത്തേണ്ടതുണ്ടല്ലോ. ഇവയൊന്നും ഭവനങ്ങളിൽ സാധിക്കുകയില്ല. ഇടവക, സഭാതല പരിപാടികളിൽ സംബന്ധിക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കുകയും പ്രചോദിപ്പിക്കുകയും വേണം. വ്യക്തി-കുടുംബകേന്ദ്രീകൃത പ്രാർത്ഥന ശക്തിപ്പെടുത്തുന്ന രീതിയിൽ പൊതുപരിപാടികൾ ചിട്ടപ്പെടുത്തുവാൻ കഴിയണം.

ഇത് പലപ്പോഴും എതിർസാക്ഷ്യത്തിനും കാരണമാകുന്നു. എന്താണ് പരിഹാര മാർഗം?

യേശുവിൽ നാമെല്ലാവരും ഒന്നായിരിക്കുവാൻ കടപ്പെട്ടിരിക്കുന്നു. എന്നാൽ സ്വാർത്ഥപരമായ ചിന്തകൾ ഭിന്നതയ്ക്ക് കാരണമാകുന്നു. ഇത് മനുഷ്യരുടെ സഹജസ്വഭാവമാണ്. യേശുകേന്ദ്രീകൃതമായ ആഴമായ വിശ്വാസം നമ്മുടെ സ്വാർത്ഥ ചിന്തകളെ അതിജീവിക്കുന്നതിന് പ്രേരകമായിരിക്കണം. വിശ്വാസത്തെ സംബന്ധിച്ച് കൃത്യമായ ബോധനത്തിലൂടെയും നിഷ്ഠാപരമായ ഭക്താഭ്യാസങ്ങളിലൂടെയും ഇത് ആർജിച്ചെടുക്കണം.

**ലോകത്ത് ക്രിസ്തുവിന്റെ മുഖമാകുവാൻ സഭയ്ക്ക് കഴിയുന്നുണ്ടോ?**

പരിമിതികൾ ഉണ്ടെങ്കിലും ലോകത്ത് ക്രിസ്തുവിന്റെ മുഖമാകുവാൻ സഭയ്ക്ക് കഴിയണം.



**കുടുംബങ്ങളെയും വ്യക്തികളെയും കേന്ദ്രീകരിച്ചുള്ള നവീകരണത്തിനായി മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രവർത്തനങ്ങൾ?**

വ്യക്തികളുടെയും കുടുംബങ്ങളുടെയും നവീകരണം സഭയുടെയും സമൂഹത്തിന്റെയും ആരോഗ്യകരമായ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്. മലങ്കര കത്തോലിക്കാ സഭയിൽ കുട്ടികൾക്കും യുവജനങ്ങൾക്കും അല്മായർക്കുവേണ്ടിയുള്ള വിവിധ സംഘടനകളുടെ പ്രവർത്തനങ്ങൾ അവരുടെ ആത്മീയതയെ ബലപ്പെടുത്തുവാൻ സഹായകരമായ വിധത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. ഇടവകാതലത്തിലും മേഖലാതലത്തിലും രൂപതാതലത്തിലുമുള്ള പ്രവർത്തനങ്ങൾ വ്യക്തികളുടെ നവീകരണത്തിനും സഭയുടെ നവീകരണത്തിനും കാരണമാകണം.

സ്നേഹത്തിന് ക്രിസ്തീയതയിൽ വലിയ പ്രാധാന്യമുണ്ട്. എന്നിട്ടും സ്നേഹത്തിന് വിരുദ്ധമായ പലതും സഭയിലും സമൂഹത്തിലും സംഭവിക്കുന്നു.

പരിശുദ്ധ ഫ്രാൻസിസ് പാപ്പാ നിരന്തരം നമ്മെ ഓർമിപ്പിക്കുന്നതും ഇക്കാര്യംതന്നെയാണ്. ലോകമെങ്ങും സഭയുടെ ജീവകാരുണ്യപ്രവർത്തനങ്ങളിലൂടെ പ്രകാശമാനമാകുന്നത് ക്രിസ്തുവിന്റെ മുഖമാണ്. സ്വാർത്ഥപരമായ ചിന്തകളും പരിമിതികളും അതിന് തടസമാകുന്നുണ്ടെങ്കിലും നിരന്തര സപര്യയിലൂടെ അത് ആർജിച്ചെടുക്കാൻ നമുക്ക് കഴിയണം.

**പൂന കട്കി രൂപതയിൽ മുമ്പ് പ്രവർത്തിച്ചിട്ടുണ്ടോ?**

പൂനെയിൽ സെമിനാരി പഠനകാലത്തുതന്നെ കട്കി കത്തീഡ്രൽ ദൈവാലയത്തിൽ മതബോധന ക്ലാസുകൾ കൈകാര്യം ചെയ്തിരുന്നു. പൂനയിൽ എംസിവൈഎം ചുമതല നിർവഹിക്കവേ എംസിവൈഎം ഭരണഘടന തയാറാക്കി. പൂനാ മിഷൻ സുപ്പീരിയർ, കത്തീഡ്രൽ വികാരി, വിവിധ ബാഹ്യ കേരളാ മിഷൻ ശുശ്രൂഷകൾ തുടങ്ങി ആ ദേശത്തെ ധാരാളം പരിപാടികളിൽ ഉൾച്ചേരാനും കഴിഞ്ഞു.

www.malankaralibrary.com



വൈദികരെ പഠിപ്പിക്കുവാൻ കഴിഞ്ഞത് സന്തോഷമായി തോന്നുന്നു. ഈ പരിചയവും അനുഭവസമ്പത്തും പൂനാ-കട്കി മെത്രാനായി പോകുമ്പോൾ മുതൽക്കൂട്ടാകും.

**പിതാവിന്റെ മനസിലുള്ള പുതിയ പദ്ധതികളെക്കുറിച്ച് വിശദീകരിക്കാമോ?**

വില്ലേജുകളിൽ തുടങ്ങിവച്ച മിഷൻ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കണം. ഭൗതിക സാഹചര്യങ്ങൾ ഇനിയുമേറെ മെച്ചപ്പെടുത്താനുണ്ട്. ജനങ്ങളെ വിശ്വാസത്തിൽ വളർത്തിയെടുക്കണം. വൈദികർ പല മേഖലകളിലും വാടക വീടുകളിലാണ് കഴിയുന്നത്. മാനുഷികമായി ചിന്തിച്ചാൽ ഒന്നിനും പ്രതിവിധിയില്ല. എന്നാൽ ദൈവത്തിൽ പൂർണമായി ആശ്രയിച്ചാൽ എല്ലാം സാധ്യമാകുമെന്നുറപ്പുണ്ട്. സാധാരണക്കാരുടെ വളർച്ചയും ഉയർച്ചയും ലാക്കാക്കി സമർപ്പണബോധത്തോടെ സേവനം ചെയ്യുന്ന നേതൃത്വ ശുശ്രൂഷകൾ ഉണ്ടാകണം

*കടപ്പാട്: സൺഡേ ശാലോം*

മൂവാറ്റുപുഴ രൂപതയിൽപൂത്തൃക്ക സെന്റ് ജയിംസ് മലങ്കര സുറിയാനി കത്തോലിക്കാ ഇടവകയിൽ മത്തായി-അന്നമ്മ ദമ്പതികളുടെ മകനായി 1963 ഡിസംബർ 31-ന് ജനിച്ച ഡോ. മത്തായി കടവിൽ 1989 ഒക്ടോബർ ഒമ്പതിനാണ് വൈദികപട്ടം സ്വീകരിച്ചത്. തുടർന്ന് ലൂബെനിലെ കത്തോലിക്കാ യൂണിവേഴ് സിറ്റിയിൽനിന്നും ദൈവശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും ഡോക്ടറേറ്റും കരസ്ഥമാക്കി. ബഥനി സന്യാസ പരിശീലന ശുശ്രൂഷയിൽ റെക്ടറായും സെന്റ് മേരീസ് മലങ്കര സെമിനാരി പ്രഫസറായും ബഥനി പബ്ലിക്കേഷന്റെയും മലങ്കര സെമിനാരി പബ്ലിക്കേഷന്റെയും ഡയറക്ടറും എഡിറ്ററും വിവിധ ഇടവകകളിൽ വികാരിയായും സേവന മനുഷ്ഠിച്ചിട്ടുണ്ട്.

മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റിന്റെയും മലങ്കര കാത്തലിക് അസോസിയേഷന്റെയും ഭദ്രാസന, സഭാതല ഡയറക്ടറായും ശുശ്രൂഷ ചെയ്ത് അദ്ദേഹം അറിയപ്പെടുന്ന ദൈവശാസ്ത്രജ്ഞനും പത്തിലധികം ഗ്രന്ഥങ്ങളുടെ രചയിതാവും അനേകം ദേശീയ അന്തർദേശീയ പ്രസിദ്ധീകരണങ്ങളിൽ ഈടുറ്റ ലേഖനങ്ങളുടെ കർത്താവുമാണ്. 2009 മുതൽ 2015 വരെ ബഥനി നവജ്യോതി പ്രൊവിൻസിന്റെറെ സുപ്പീരിയറായി സേവനമനുഷ്ഠിച്ച അദ്ദേഹം 2021 മുതൽ മിശിഹാനുകരണ സന്യാസ സമൂഹത്തിന്റെ സുപ്പീരിയർ ജനറലാണ്. മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ഫ്രഞ്ച്, ജർമൻ എന്നീ ഭാഷകൾ അറിയാവുന്ന ബഹുഭാഷാ പണ്ഡിതൻകൂടിയാണ്. പരേതയായ ത്രേസ്യാമ്മ, ഫിലിപ്പ് കടവിൽ, ലിസി, അമ്മിണി, ഗ്രേസി എന്നിവർ സഹോദരങ്ങളാണ്.



www.malankaralibrary.com



സ്പെഷ്യൽ സ്റ്റോറി

# കലാശാലകളോ കാലാപശാലകളോ



**ഡോ. റൂബിൾ രാജ്**
മുൻ പ്രിൻസിപ്പൽ
മരിയൻ കോളേജ്, കുട്ടിക്കാനം

കേരളത്തിലെ സർവ്വകാലാശാലകളെക്കുറിച്ച് ഒരു ലേഖനം തയ്യാറാക്കുമ്പോൾ, ബോധപൂർവമായോ അക്ഷരത്തെറ്റുമൂലമോ തലക്കെട്ട് മുകളിൽ കൊടുത്തിരിക്കുന്നതായാൽ ഉചിതം എന്നു പറഞ്ഞ് സമ്മതിക്കുന്നവരാകും ഭൂരിപക്ഷവും. കാരണം, വർത്താമാനകാല സംഭവങ്ങൾ അത് സാക്ഷ്യപ്പെടുത്തുന്നുമുണ്ട്.

ജ്ഞാനോൽപാദനവും ജ്ഞാന ആഗിരണവും നടക്കേണ്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കൊലവിളിയും പോർവിളിയും മുഴങ്ങുന്നത് സാക്ഷരാഭിമാനിയായ മലയാളി ശിരസ് താഴ്ത്തിയാണ് കേട്ടുകൊണ്ടിരിക്കുന്നത്. യുദ്ധരംഗത്തേക്ക് മക്കളെ അയക്കുന്നത് പോലെയാണ് കലാശാലകളിലേക്ക് കുട്ടികളെ അയക്കുന്നതെന്ന ഏതെങ്കിലും മാതാവ് പരിതപിച്ചാൽ അവരെ കുറ്റപ്പെടുത്തേണ്ടതില്ല. കലാലയങ്ങളിൽ നിന്ന് അഭിമാനത്തിന് വക നൽകി വിജയിച്ച് വരുന്നതിനേക്കാൾ വാർത്തകളിൽ നിറയുന്നത് അവിടെ പീഡിപ്പിച്ച് ഒതുക്കപ്പെടുന്നവരുടേതും കൊല്ലപ്പെടുന്നവരുടേതുമാണ്.

കേരളത്തെ ഒരു ജ്ഞാന സമൂഹമാക്കി വളർത്തുന്ന വ്യഗ്രതയിലാണ് നമ്മുടെ സർക്കാർ. ഉപരിപ്ലവമായ ഒരാഗ്രഹം മാത്രം എന്നു പറഞ്ഞ് പൊതുസമൂഹം ചിരിക്കുന്ന ശബ്ദം, വിപ്ലവ മുദ്രാവാക്യങ്ങൾക്കിടയിൽ താഴ്ന്നു പോകുന്നു. ഒരു ജ്ഞാന സമൂഹത്തിന് ആവശ്യമായ സംസ്കാരവും, (Culture) മര്യാദയും, (Courtesy) ഇല്ലാതെ എങ്ങനെ ഒരു പരിഷ്കൃത സമൂഹത്തെ നിർമ്മിക്കാനാവും.

Education എന്ന പദത്തിന്റെ മൂലാർത്ഥം തേടുമ്പോൾ, ഒരുവനിലുള്ള നല്ലതിനെ പുറത്തുകൊണ്ടുവരുന്ന പ്രക്രിയയാണത് എന്ന് മനസ്സിലാക്കാനാവും. പുറത്തു വരുന്നത് ഹിംസയും, അസഹിഷ്ണുതയും ആയുധസ്നേഹവുമൊക്കെയാണെങ്കിൽ, അകത്തുള്ളതിനെക്കുറിച്ച് ന്യായമായും നമ്മുടെ മനസ്സിൽ സംശയങ്ങളുയരും.

ആചാര്യ രാമമൂർത്തി തന്റെ കമ്മീഷൻ റിപ്പോർട്ടിൽ പണ്ട് കുറിച്ചു. ‘ No Education is better than Education’. സമൂഹത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതും ചോര വീഴ്ത്തുന്നതും വിദ്യാവിഹീനരല്ല, വിദ്യാസമ്പന്നരാണ് എന്ന തിരിച്ചറിവുകൊണ്ടാണ് അദ്ദേഹം ഇവ്വിധം നിരീക്ഷിച്ചത് എന്നാണ് എന്റെ പക്ഷം. ഗോപാലകൃഷ്ണനും വിജയലക്ഷ്മിയും ചേർന്നെഴുതിയ ‘താങ്ങാവുന്ന വിദ്യാഭ്യാസം’ എന്ന പുസ്തകത്തിൽ, വിദ്യാഭ്യാസത്തിനു കൊടുത്തിരിക്കുന്ന നിർവ്വചനം ‘കാട്ടുമനുഷ്യനെ നാട്ടു മനുഷ്യനാക്കുന്ന സാസ്കാരിക രൂപീകരണ പ്രക്രിയ’ എന്നാണ്. വികാരം ഭരിക്കുന്ന കാട്ടു മനുഷ്യരുടെ വിഹാരങ്ങളായി നമ്മുടെ കലാശാലകൾ മാറുമ്പോൾ പരാജയപ്പെടുന്നത് ആത്യന്തികമായി വിദ്യാഭ്യാസം തന്നെയാണ്.

സത്യത്തിന് പല അടരുകളുള്ള സത്യനാന്തര (Post truth) കാലഘട്ടത്തിൽ വിദ്യാഭ്യാസത്തിനും അർത്ഥഭേദം സംഭവിച്ചിരിക്കുന്നു. അത്, കീഴടക്കാനും വരുതിയിൽ നിർത്താനും, ഏകസ്വരതയ്ക്കുമുള്ള ഉപകരണമായി മാറി. വിദ്യാഭ്യാസ-സാംസ്കാരിക മേഖലയിൽ ആവശ്യമായ ഡയലോഗ്, ഡിബേറ്റ്, ഡിസ്കഷൻ, വ്യത്യസ്ഥ അഭിപ്രായം, പ്രതിപക്ഷ ബഹുമാനം ഇവയെല്ലാം തമസ്കരിക്കപ്പെട്ടിരിക്കുന്നു. ചുരുക്കത്തിൽ പീഡിതരുടെ മോചനമല്ല സാധ്യമാകുന്നത് മറിച്ച് അവരുടെ കളം നിറയലാണ്.

സർവകലാശാലകളെക്കുറിച്ചുള്ള തന്റെ വീക്ഷണം 1947-ൽ തന്നെ നെഹ്റു വ്യക്തമാക്കുകയുണ്ടായി.

www.malankaralibrary.com



അദ്ദേഹം പറഞ്ഞു "യൂണിവേഴ്സിറ്റികൾ വളർത്തേണ്ട ഗുണങ്ങൾ മാനവികതയും, സഹിഷ്ണുതയും, പുരോഗതിയും, ആശയസംവാദങ്ങളും, ബൗദ്ധീക വികസനവുമാണ്. ഒപ്പം ഒരു മുന്നറിയിപ്പും അദ്ദേഹം നൽകി. 'വിദ്യാദാനത്തിന്റെ ക്ഷേത്രങ്ങൾ തുടങ്ങിയ ചിന്താഗതികളുടെയും ചെറിയ വീക്ഷണങ്ങളുടെയും സൂക്ഷിപ്പുകാരായി മാറുമ്പോൾ, രാഷ്ട്രം അപകടത്തിലാവും'. ഏതാണ്ട് 75 വർഷങ്ങൽക്കു മുമ്പ് നെഹ്റു പ്രവചിച്ച ദുരന്തമാണ് ഇന്ന് നമ്മുടെ കാമ്പസുകളിൽ അരങ്ങേറുന്നത്.

**ഇന്ന് എന്ത്?**

എന്താണ് നമ്മുടെ കലാശാലകളിലും കലാലയങ്ങളിലും സംഭവിക്കുന്നത്. രാഷ്ട്രീയ അതിപ്രസരം എന്ന് ഒറ്റ വാക്കിൽ ഉത്തരം പറഞ്ഞ് നമുക്ക് രക്ഷപ്പെടാം. എന്നാലത് പൂർണമായും ശരിയല്ല. വോട്ടവകാശമുള്ള വിദ്യാർത്ഥികളാണ് ഇന്ന് കലാലയങ്ങളിൽ ഉള്ളത്. ഓരോ വർഷവും ഏതെങ്കിലും ഒരു തിരഞ്ഞെടുപ്പിൽ അവർ വോട്ടർമാരാകും. കോളേയൂണിയൻ, സഹകരണസംഘം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, അസംബ്ലി, പാർലമെന്റ് എന്നിങ്ങനെ സമ്മതിദാന സാദ്ധ്യതകൾ നീളുകയാണ്. കൂടാതെ, കേരളം പോലെ രാഷ്ടീയബോധമുള്ള ഒരു സംസ്ഥാനത്തെ ഭൂരിപക്ഷവും ഏതെങ്കിലും രാഷ്ടീയ ചായ്വുള്ളവരാണ്. അവർ അരാഷ്ടീയരായി നിൽക്കണമെന്ന വാദം നിലനിൽക്കില്ല.

രാഷ്ടീയമല്ല കലാലയങ്ങളുടെ പ്രശ്നം. അത് വികല രാഷ്ടീയവും, അധികാര രാഷ്ടീയവും, പ്രായോഗിക രാഷ്ടീയവും, ലാഭ രാഷ്ടീയവും പ്രകടനപരതാരാഷ്ട്രീയവുമാണ്. സംശുദ്ധിയുള്ള രാഷ്ടീയക്കാരെ വാർത്തെടുക്കുന്ന മൂശകളല്ല കലാലയങ്ങൾ. സംരക്ഷകരായ, തന്റേടികളായ, ചോദ്യം ചെയ്യുന്ന കുട്ടി നേതാക്കളെ ചിട്ടപ്പെടുത്തുന്ന ഇടങ്ങളായി അവ മാറിയിരിക്കുന്നു. ഒളിഞ്ഞും തെളിഞ്ഞും അവരെ പിന്തുടരുന്നവർ ക്യാമ്പസിനകത്തു തന്നെയുണ്ട്. നിർദ്ദേശവും ഉപദേശവും നൽകുന്നവർ പുറത്തും ഇവരുടെ കളിപ്പാവകളായി വിദ്യാർത്ഥികൾ തരംതാണിരിക്കുന്നു.

വിദ്യാർത്ഥികളുടെ ഗുണമേന്മയിലുണ്ടായ ശോഷണവും, മനോഭാവത്തിലുണ്ടായ മാറ്റങ്ങളും നമ്മുടെ ക്യാമ്പസുകളെ ഹിംസാത്മകമാക്കുന്നു. നാട്ടിലെ ഏറ്റവും സമർത്ഥർ 'ദിവ്യത്വ' പരിവേഷമുള്ള ദേശീയ സ്ഥാപനങ്ങളിലും, സർവ്വകലാശാലകളിലും, സ്ഥാനത്തിനു പുറത്തുള്ള സ്വകാര്യ സ്ഥാപനങ്ങളിലും പ്രവേശനം നേടുന്നു. കുറേ മിടുക്കർ വിദേശ രാജ്യങ്ങളിലെ മുന്തിയ സ്ഥാപനങ്ങളിലേക്കും ചേക്കേറുന്നു. മിടുക്ക് കുറവാണെങ്കിലും അത് പണം കൊണ്ട് പരിഹരിച്ച് കുറേ അധികം വിദ്യാർത്ഥികൾ വിദേശത്തെ രണ്ടാംകിട മൂന്നാംകിട സ്ഥാപനങ്ങളിലേക്ക് എത്തിപ്പെടുന്നു. ശേഷിക്കുന്നവരുടെ ലാവണങ്ങളായി നമ്മുടെ സ്ഥാപനങ്ങൾ മാറുന്നു.

പ്രതീക്ഷയറ്റവരും, മോഹഭംഗം വന്നവരും വെറുതേ സമയം കളയാൻ പഠിക്കുന്നവരുമാണ് ഇന്നിവിടെ കൂടുതൽ. അവർക്ക് വഴി കാണിക്കുവാൻ നമുക്കും ആവുന്നില്ല എന്നതും ഇതോടു ചേർത്ത് വായിക്കണം. പരിചിതമായ സ്വകാര്യ സംരംഭങ്ങൾ രാഷ്ട്രീയവൽക്കരിച്ച സർക്കാർ മേഖല, പുതിയ വ്യവസായങ്ങളുടെ അഭാവം വിദ്യാർത്ഥികളുടെ നിരാശക്ക് കാരണങ്ങൾ വേറെ അന്വേഷിക്കേണ്ടതുണ്ടോ.

കലാലയ വിദ്യാഭ്യാസം കൊണ്ട് ഒരു ഡിഗ്രി സമ്പാദനം എന്നതിലുപരി മറ്റ് നേട്ടങ്ങളൊന്നുമില്ലെന്നു മനസ്സിലാക്കിയ വിദ്യാർത്ഥികൾ കാമ്പസുകളെ മീറ്റിംഗ് ജോയിന്റ് (Meeting joint) ആയും റാമ്പു (Ramp) കളായും കണക്കാക്കി ഗൗരവമുള്ള പഠനം അടിച്ചുപൊളി ആഘോഷങ്ങൾക്കു വഴിമാറി. അവിടെ സൗഹൃദങ്ങളേക്കാൾ ഗാങ്ങു (Gang) കൾക്ക് പ്രാധാന്യം ലഭിച്ചു. ഗാങ്ങുകൾ തമ്മിലുള്ള പകയും സമൂഹായ മാദ്ധ്യമ അക്രമങ്ങളും വിദ്യാർത്ഥികൾ തമ്മിലുണ്ടായിരിക്കേണ്ട സാഹോദര്യവും സൗഹൃദവും അട്ടിമറിച്ചു.

സാമൂഹ്യ ജീവിയായ മനുഷ്യൻ സൈബർ ജീവിയായപ്പോൾ ഉണ്ടായിരിക്കുന്ന പരിണാമത്തെക്കുറിച്ച് ഇനിയും പഠനങ്ങൾ നടക്കേണ്ടിയിരിക്കുന്നു. ജീവിതാനുഭവങ്ങളേക്കാൾ ഗെയി (Games) മുകൾ അവനെ നിയന്ത്രിക്കാൻ തുടങ്ങിയപ്പോൾ അക്രമണവാസനയും കീഴ്പ്പെടുത്തൽ മനോഭാവവും അവനെ ഭരിക്കാൻ തുടങ്ങി. എങ്ങനെയും വിജയിക്കണമെന്ന മനോഭാവം അവനിൽ ശക്തമായപ്പോൾ, പരാജിതരുടെ ദീനരോധനം അവനെ ബാധിക്കുന്നതേയില്ല എന്ന വിധത്തിലായി കാര്യങ്ങൾ.

ഇതിനെല്ലാം പുറമേയാണ് കാമ്പസുകളിലെ ലഹരി ഉപയോഗം പരമ്പരാഗത ലഹരി സാധനങ്ങൾ ഉപേക്ഷിച്ച് അവൻ ന്യൂജൻ രാസലഹരി തേടി. ലഹരിയുടെ സ്വാധീനമില്ലാത്ത ഒരു വിദ്യാഭ്യാസ സ്ഥാപനം പോലും കേരളത്തിലില്ല എന്ന ഒരു എക്സ്സൈസ് ഉന്നത ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തൽ എന്റെ കാതുകളിലുണ്ട്. വ്യക്തിപരമായി തുടങ്ങി സംഘങ്ങളായി വളരുന്ന ഒരു ശൈലിയാണ് ലഹരി ഉപയോഗിക്കുന്നവരുടേത്. അങ്ങനെയുള്ളവർ അടിക്കുമ്പോൾ അടിക്കുന്നവന് അടിയുടെ ശക്തിയോ കിട്ടുന്നവന് അടിയുടെ വേദനയോ അപ്പോൾ

www.malankaralibrary.com



അറിയില്ല. പരിണിതഫലത്തെക്കുറിച്ച് ഒരു ചിന്തയുമില്ലാതെ അവർ അക്രമത്തിൽ രമിക്കും.

ഒരു കാലത്ത് അദ്ധ്യാപകൻ വേട്ടക്കാരനായും വിദ്യാർത്ഥി ഇരയായും ചിത്രീകരിക്കപ്പെട്ടിരുന്നു. ഇന്ന് വിപരീതമാണ് ചിത്രം. വിദ്യാർത്ഥികളുടെ സംഘടിത ശക്തിക്കുമുമ്പിൽ അദ്യാപകൻ ഭയചകിതനു നിസഹായനുമായി നിൽക്കുകയാണ്. മിനിമലിസം (Minimalism) അവരുടെ നയമായപ്പോൾ കാമ്പസിലെ അച്ചടക്കം ബലിയാടായി മാറി. അദ്യാപകർ സെമിനാർ പേപ്പർ പ്രസന്റേഷൻ, ഗവേഷണം, വാലുവേഷൻ മുതലായ അക്കാദമിക കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടി വന്നപ്പോൾ കാമ്പസ് ഡിസിപ്ലിൻ പ്രിൻസിപ്പലിന്റെ മാത്രം ഉത്തരവാദിത്വമായി. ശമ്പളം വാങ്ങുന്നത് അടി തടയാനല്ല എന്ന് ഒരു പ്രൊഫസർ പറഞ്ഞത് ഞാൻ മറന്നിട്ടില്ല. കാമ്പസിലുണ്ടായിരുന്ന പ്രിൻസിപ്പൽ–അദ്ധ്യാപകർ–രക്ഷകർത്താക്കൾ–എന്ന കൂട്ടുത്തരവാദിത്തം പഴങ്കഥയായി മാറിയിരിക്കുന്നു.

രക്ഷകർത്താക്കളുടെ നിഷ്ക്രയത്തവും കാമ്പസിലെ പ്രശ്നങ്ങൾക്ക് ഒരു കാരണമാണ്. മക്കളുടെ മേലുള്ള നിയന്ത്രണം മാതാപിതാക്കൾക്ക് നഷ്ടമായിരിക്കുന്നു. കുട്ടികളെ ഭരിക്കുന്നതും നയിക്കുന്നതും സുഹൃത്തുക്കളാണ്. സുഹൃത്തുക്കൾക്കുവേണ്ടിയും സുഹൃത്തുക്കൾ സംഘം ചേർന്നും എന്തും ചെയ്യുമെന്ന തരത്തിലായി കാര്യങ്ങൾ. വളർത്തുന്ന ബന്ധമല്ല ഇന്ന് സൗഹൃദം മറിച്ച് എന്തിനും കൂട്ടായി നിൽക്കുന്ന ബന്ധമായി അതു മാറി. ഹിംസ ഒഴിവാക്കപ്പെടേണ്ടതായി അവർക്കു തോന്നുന്നതേയില്ല പകരം, ഹിംസയാണ് ഭരിക്കേണ്ടത് എന്ന തലത്തിലേക്ക് അവർ മാറിയിരിക്കുന്നു.

**ഇനിയെന്ത്?**

കലാശാലകളെയും കലാലയങ്ങളെയും അരാജകത്വത്തിന് വിട്ടുകൊടുത്തിട്ട് നമുക്ക് മുന്നേറാനാവില്ല. നിർമ്മിത ബുദ്ധി സൃഷ്ടിക്കുന്ന നാലാം വ്യവസായ വിപ്ലവത്തിന് നമുക്ക് നമ്മുടെ കുട്ടികളെ സജ്ജമാക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് നാം Futuristic Edication –ൽ ശ്രദ്ധ ചെലുത്തണം. ഭരണം മുന്നിൽ കണ്ട സിലബസും ഗുണമേന്മയുള്ള കാമ്പസ് പ്രവർത്തനങ്ങളും, ശേഷി വികസനവും കാമ്പസ് പ്ളെയിസ്മെന്റും ഇന്റേൺഷിപ്പും നേതൃത്വ പരിഷീലനവും Peace Education സംരംഭങ്ങളും കാമ്പസുകളെ സജീവമാക്കി നിർത്തണം. നേടാൻ വലിയ കാര്യങ്ങൾ ഉണ്ടെങ്കിൽ ചെറുതിൽ മനസ്സുടക്കാതെ വിദ്യാർത്ഥികൾ കാമ്പസിൽ ജീവിക്കും.

‘ജ്ഞാനവും പ്രബോധനവും പുശ്ചരിച്ചു തള്ളുന്നവന്റെ നില ശോചനീയമാണ്. അവരുടെ പ്രത്യാശ വ്യർത്ഥവും പ്രയത്നം നിഷ്ഫലവുമാണ്’ (ജ്ഞാനം 3:11).

www.malankaralibrary.com




# സിദ്ധാർഥ്... ഹൃദയത്തിനേറ്റ മുറിവ് ഉണങ്ങുകില്ല



**ബോബി ഏബ്രഹാം**

കേരളത്തിലെ സാംസ്കാരിക ലോകത്തിനെന്തു പറ്റി? അവസരം നോക്കിയും ഭാവിയിലെ അവസരങ്ങളൊന്നും നഷ്ടപ്പെടാതിരിക്കാൻമുൻകരുതലെടുത്തും മാത്രമാണ് സാംസ്കാരിക ലോകം പ്രതികരിക്കുന്നതെന്ന ആരോപണം കുറേക്കാലമായി ഉണ്ട്. ഏറ്റവും ഒടുവിൽ കേരളത്തിന്റെ മനഃസാക്ഷിക്കേറ്റ മുറിവായ സിദ്ധാർഥിന്റെ മരണത്തിലും സാംസ്കാരിക ലോകത്തിന്റെ നിലപാട് മറ്റൊന്നായിരുന്നില്ല. പൊതുപ്രശ്നങ്ങളിൽ സജീവമായി ഇടപെടേണ്ടവരും പ്രതികരിക്കേണ്ടവരും ആണ് സാംസ്കാരിക മേഖലയിൽ പ്രവർത്തിസക്കുന്നവരെന്ന് പൊതുജനം വിശ്വസിക്കുന്നു. അവർക്ക് പൊതുസമൂഹത്തിന്റെ നിലപാടുകളെ സ്വാധീനിക്കാനും ശേഷിയുണ്ട്. ഇത്തരത്തിൽ നിലപാടുകൾ എടുത്തതിന്റെ പേരിൽ രക്തസാക്ഷികളായവരും രാജ്യത്ത് ഉണ്ട്. ഗൗരി ലങ്കേഷിനെപ്പോലെയുള്ളവർ ഉദാഹരണം. എന്നാൽ പൂക്കോട് വെറ്ററിനറി ക്യാംപസിൽ സഹപാഠികളുടെ ക്രൂരമർദനത്തിനിരയായി മരിച്ച സിദ്ധാർഥിന്റെ മരണം കേരളസമൂഹത്തെയാകെ ഞെട്ടിച്ചപ്പോഴും മിണ്ടാതെ നില്ക്കുകയായിരുന്നു സാംസ്കാരിക ലോകത്തെ ബഹുഭൂരിപക്ഷവും. ഇടതുപക്ഷം എന്ന ലേബലുള്ളവരാണ് സാംസ്കാരിക നായകരിൽ ബഹുഭൂരിപക്ഷവും. അതുകൊണ്ടുതന്നെയാണ് തങ്ങളുടെ മേലാളന്മാർക്ക് ഇഷ്ടക്കേടുണ്ടാക്കുന്ന ഒരു കാര്യവും അവർ ചെയ്യാത്തതെന്നും സംശയിക്കണം. സിദ്ധാർഥിന്റെ മരണം അവര്ക്ക് പ്രതികരണ വിഷയമായില്ലെങ്കിലും കലാമണ്ഡലം സത്യഭാമയ്ക്കെതിരെ ചാടിയിറങ്ങാൻ മിക്കവരും മനസ്സുകാണിച്ചു എന്നത് മറക്കാനാവില്ല. ഇത്തരം സംഭവങ്ങള്ക്ക് അമിത പ്രാധ്യാന്യം കൊടുക്കുകയും ഗൗരവമേറിയ സംഭവങ്ങളെ അവഗണിക്കുകയുമാണ് സാംസ്കാരിക നായകരുടെ ഇപ്പോഴത്തെ രീതി. ടി. പദ്മനാഭനാണ് അതിശക്തമായി പ്രതികരിച്ചത്. മറ്റു ചിലർ പ്രതികരണത്തിൽ വിദ്യാർഥി സംഘടനയുടെ പേര് പറയാതിരിക്കാൻ ശ്രദ്ധിക്കുകയും ചെയ്തു.

കഴിഞ്ഞ ഫെബ്രുവരി 18ന് ആയിരുന്നു സിദ്ധാർഥ് എന്ന വിദ്യാർഥി പൂക്കോട് വെറ്ററിനറി ക്യാംപസിലെ ഹോസ്റ്റൽ മുറിയിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്. ആത്മഹത്യയോ കൊലപാതകമോ എന്ന് പൊലീസ് ഇനിയും സ്ഥിരീകരിച്ചിട്ടില്ല. കേരളത്തിലെ ക്യാംപസുകളിൽ അരങ്ങേറുന്ന അക്രമവാസനയുടെ, ഏകാധിപത്യ പ്രവണതകളുടെ, ഗുണ്ടാവാഴ്ചയുടെ അവസാന ഇരയാകണമേ

www.malankaralibrary.com

സിദ്ധാർഥ് എന്ന് പ്രാർഥിക്കാത്ത ആരുമുണ്ടാവില്ല. അത്രയ്ക്ക് അരാജകത്വമാണ് കേരളത്തിലെ ക്യാംപസുകളിൽ നടമാടുന്നത് എന്നു പറഞ്ഞാൽ അതിശയോക്തിയാവില്ല. വിദ്യാർഥി രാഷ്ട്രീയമാണ് എല്ലാറ്റിനും കാരണം എന്നു പറഞ്ഞ് കൈയൊഴിയാൻ ആർക്കുമാവില്ല. വിദ്യാർഥി രാഷ്ട്രീയത്തെ മലിനമാക്കിയതാണ് കാരണമെന്നു പറഞ്ഞാൽ കുറേക്കൂടി അർഥവത്താവും.

വിദ്യാർഥി രാഷ്ട്രീയത്തെ കക്ഷിരാഷ്ട്രീയത്തിനതീതമാക്കാൻ പരിശ്രമിക്കുകയും പരാജയപ്പെടുകയും ചെയ്ത ഒരാളെന്ന നിലയിലും വിദ്യാർഥി രാഷ്ട്രീയത്തെ ഒപ്പം നിന്നു കണ്ട ഒരാളെന്ന നിലയിലും കേരളത്തിലെ ക്യാംപസുകളിലെ ഇന്നത്തെ അവസ്ഥ വല്ലാതെ നൊമ്പരപ്പെടുത്തുന്നു. ഇന്ന് കേരളത്തിലെ ക്യാംപസുകളിൽ എസ്.എഫ്.ഐ എന്ന സംഘടനയുടെ ആധിപത്യമാണ്. യൂണിവേഴ്സിറ്റി യൂണിയനുകൾ കാലാകാലങ്ങളായി അടക്കിഭരിക്കുന്നത് ആ സംഘടനയാണ്. അത് വളരെ ആസുത്രിതമായ അടിച്ചമർത്തലുകളിലൂടെ നേടിയെടുത്തതുമാണ്. അതുകൊണ്ടു തന്നെ ക്യാംപസുകളിൽ ഉണ്ടാകുന്ന അക്രമ സംഭവങ്ങളുടെ ഉത്തരവാദിത്തത്തിൽ നിന്ന് അവർക്ക് ഒഴിഞ്ഞുനിൽക്കാനുമാവില്ല. വിമർശനം ഏറെയും ആ സംഘടനയ്ക്കു നേരെ വരുന്നുണ്ടെങ്കിൽ കാര്യമായ ആത്മവിമർനം ഉണ്ടാകേണ്ടിയിരിക്കുന്നു. 1980കളിൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ എതിർ രാഷ്ട്രീയക്കാരെ അടിച്ചമർത്തുന്നത് കണ്ടിട്ടുണ്ട്. മർദനം ആയിരുന്നു അന്നും ആയുധം. എതിർപക്ഷക്കാരൻ ക്യാംപസിൽ പ്രവർത്തിക്കാൻ അവകാശമില്ല. കഴിയുന്നത്ര അവരെ കോളജിൽ കയറ്റാതിരിക്കാൻ ശ്രമിക്കും. എതിർപക്ഷക്കാരനായ വിദ്യാർഥിയെ ക്യാംപസിനുള്ളിലിട്ടു മർദിമക്കുമ്പോൾ മിണ്ടാതെ നോക്കിനിന്ന അധ്യാപകരിൽ കവികളുണ്ടായിരുന്നു, മാനവികതയെപ്പറ്റി വാതോരാതെ സംസാരിക്കുന്നവരുണ്ടായിരുന്നു. അവരിൽ പലരും അധ്യാപക സംഘടനകളുടെ നേതാക്കളുമായിരുന്നു. ഒളിഞ്ഞും തെളിഞ്ഞും ഒരു വിദ്യാർഥി സംഘടനയെ മാത്രം പ്രോത്സാഹിപ്പിക്കുകയായിരുന്നു അവരുടെ അജണ്ട. ചിന്തിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്ന ഏതാനും വിദ്യാർഥികളെ മുന്നിൽ നിർത്തി സംഘടനയ്ക്ക് മറ്റൊരു മുഖം നല്കുാകയും അക്രമ സംവിധാനത്തെ ഒളിച്ചുവയ്ക്കുകയും ചെയ്യുന്ന ദ്വിമുഖ തന്ത്രമാണ് ക്യാംപസുകളിൽ എസ്.എഫ്.ഐ എന്ന സംഘടന പയറ്റുന്നത്. ആ തന്ത്രം ഇന്ന് സിദ്ധാർഥ് എന്ന വിദ്യാർഥിയുടെ കൊലപാതകത്തിൽ എത്തിനിൽക്കുമ്പോൾ ചില കാര്യങ്ങൾ പറയാതെ വയ്യ.

വയനാട്ടിലെ പൂക്കോട് എന്ന സ്ഥലത്തു പ്രവർത്തിക്കുന്ന വെറ്ററിനറി ക്യാംപസിൽ സിദ്ധാർഥ് എന്ന യുവാവ് ക്രൂരമായ ആൾക്കൂട്ട വിചാരണയ്ക്കും ആക്രമണത്തിനും വിധേയനാകാൻ കാരണമെന്തായിരുന്നു. ക്യാംപസിലെ സർവാധിപതികളായ നേതാക്കൾക്ക് വഴങ്ങി ജീവിക്കാൻ തയ്യാറല്ലായിരുന്നു എന്നതു മാത്രമാണ് കാരണം. ആ യുവാവ് ക്യാംപസിൽ പലർക്കും പ്രിയപ്പെട്ടവനായിരുന്നു. അത് അങ്ങനെ മുന്നോട്ടുപോയാൽ തങ്ങൾക്ക് ദോഷമാകുമെന്നു കണ്ട നേതാക്കൾ വിധിച്ച ശിക്ഷ ഏറ്റുവാങ്ങാൻ അയാൾ നിർബ്ബന്ധിതനായി. ക്യാംപസിലിട്ടു തല്ലിക്കൊല്ലാൻ കഴിയാത്തതിനാൽ വിദ്യാർഥിനിയോട് അപമര്യാദയായി പെരുമാറൽ തുടങ്ങി ചില ചാർജുകൾ ചുമത്തി ഒരു വിദ്യാർഥി സംഘടനയുടെ പൊലീസ് സംവിധാനം കേസ് എടുക്കുന്നു. വിചാരണ ഹോസ്റ്റൽ മുറിയിൽ നടത്തുന്നു. ക്യാംപസിലെ നേതാക്കളാണ് ജഡ്ജിമാർ. വിചാരണയ്ക്കിടെ യുവാവിനെ നഗ് നനാക്കി മർദിക്കുന്നു. കാണാനാവാതെ മുറിയിൽ കയറിയിരുന്ന വിദ്യാർഥികളെ പിടിച്ചിറക്കിക്കൊണ്ടുവന്ന് അയാളെ മർദിക്കാൻ പറയുന്നു. മർദകസംഘത്തിൽ പെണ്കുട്ടികളും ഉണ്ട്. ഒടുവിൽ മരിച്ച നിലയിൽ സിദ്ധാർഥിനെ കണ്ടെത്തുന്നു. ആത്മഹത്യയാക്കി ചിത്രീകരിക്കാനുള്ള ശ്രമം പരാജയപ്പെടുന്നു. പിന്നീടുള്ള അന്വേഷണത്തിലാണ് ക്യാംപസിൽ നടന്ന കാര്യങ്ങളൊക്കെ പുറത്തുവരുന്നത്.

വലിയവർ ചെയ്യുന്നതാണ് പുതിയ തലമുറ കണ്ടുപഠിക്കുന്നത്. എതിരാളികളെ എങ്ങനെ ആക്രമിച്ചൊതുക്കാമെന്ന വിദ്യയാണ് വിദ്യാർഥി രാഷ്ട്രീയക്കാർ ആദ്യം അഭ്യസിക്കുന്നത്. അതിനുവേണ്ടത് എതിർശബ്ദങ്ങളെ അടിച്ചമർത്തുകയാണ്. സാമം, ദാനം, ഭേദം, ദണ്ഡം എന്നിവയെല്ലാം അതിനായി പ്രയോഗിക്കും. അതിനൊന്നും വഴങ്ങാതെ വന്നാൽ വധശിക്ഷയാണ് വിധിക്കുക.

സിദ്ധാർഥിന്റെ കാര്യത്തിൽ കഴിഞ്ഞ എട്ടുമാസമായി ക്രൂരമായ നടപടികൾ അരങ്ങേറുകയായിരുന്നുവെന്നാണ് മനസ്സിലാകുന്നത്. ആന്റി റാഗിങ് സ്ക്വാഡിന്റെ റിപ്പോർട്ടിവലാണ് ഇതുള്ളത്. അതുകൊണ്ടുതന്നെ ഇത് വെറും റാഗിങ്ങിന്റെ പരിധിയിൽ വരുന്നില്ലെന്നും ആസുത്രിതമായ കൊലപാതകത്തിന്റെ പരിധിയിൽ വരുന്നു എന്നു പറയാതെ വയ്യ. ആത്മാഭിമാനത്തിനേറ്റ മുറിവുകൊണ്ട് ഒരാൾ ആത്മഹത്യ ചെയ്യേണ്ടിവന്നാൽ പോലും അത് കൊലപാതകക്കുറ്റമായി കാണേണ്ടതുണ്ട്. ഹോസ്റ്റലിന്റെ നടുമുറ്റത്ത് നഗ്നനാക്കി നിർത്തപ്പെട്ട ഒരു യുവാവിന്റെ മാനസികാവസ്ഥ എന്തായിരിക്കും?

**ഇടിമുറികൾ**

കേരളത്തിലെ കലാലയങ്ങളിൽ ഇടിമുറികൾ ഉണ്ടെന്നു പറഞ്ഞാൽ ആരെങ്കിലും വിശ്വസിക്കുമോ? തലസ്ഥാനത്ത് നഗരമധ്യത്തിൽ സ്ഥിതിചെയ്യുന്ന കലാലയത്തിലെ പല മുറികളും ഒരു വിദ്യാർഥി സംഘടനയുടെ കൈവശമാണ്. അത് ഒഴിപ്പിക്കുക



www.malankaralibrary.com

പോയിട്ട് അങ്ങോട്ടു കടക്കാൻ പോലും ആർക്കുമാവില്ല. കൊടിതോരണങ്ങളുടെ മറവിൽ അവിടെ എന്തൊക്കയാണ് സൂക്ഷിക്കുന്നതെന്ന് ആർക്കുലമറിയില്ല. ആരെയെങ്കിലും മർദിക്കണമെങ്കിൽ ആവശ്യമായ ഉപകരണങ്ങൾ അതിവേഗത്തിൽ എവിടെ നിന്നാണ് എത്തുന്നതെന്ന് എല്ലാവർക്കുമറിയാം. ഇതേപ്പറ്റി എപ്പോൾ പരാമർശമുണ്ടായാലും ഉടൻ തന്നെ നിഷേധം വരും. കാര്യങ്ങളെല്ലാം മുറപോലെ നടക്കുകയും ചെയ്യും. ഇത്തരം ഓഫിസ് മുറികൾ സർക്കാർ കലാലയങ്ങളിൽ മിക്കയിടത്തും ഉണ്ട്. അവിടെയാണ് വിചാരണയും ശിക്ഷയും വിധിക്കുക. സർക്കാർ കലാലയങ്ങളുടെ ഹോസ്റ്റലുകളും ചിലരുടെ പിടിയിലാണ്. പല ഹോസ്റ്റലുകളിലും എത്രയോ വർഷങ്ങളായി താമസിക്കുന്നവരുണ്ട്. പഠനം കഴിഞ്ഞാലും മുറി ഒഴിയില്ല. ഇത്തരം ഹോസ്റ്റലുകളിൽ വാർഡനൊക്കെ പേരിനു മാത്രമേ കാണുകയുള്ളു. സിദ്ധാർഥിനെ വിചാരണ ചെയ്ത് ശിക്ഷിച്ച പൂക്കോട് ഹോസ്റ്റലിലും വാർഡൻ താമസമില്ലായിരുന്നു എന്നാണല്ലോ വ്യക്തമായത്.

**സർക്കാർ**

കേരളത്തിൽ ഇതുവരെ നടന്ന റാഗിങ്ങിന്റെ കണക്കൊന്നും എടുക്കുന്നില്ല. പക്ഷേ 2022 ഏപ്രിൽ മുതൽ 2024 മാർച്ച് ഒന്നുവരെയുള്ള കണക്കു മാത്രമെടുത്താൽ 63 പരാതികളാണ് ലഭിച്ചിട്ടുള്ളത്. പരാതികൾ വന്നാൽ ആന്റി റാഗിങ് സെൽ അന്വേഷണം നടത്തുകയും നടപടി എടുക്കുകയും വേണം. റാഗിങ്ങിൽ ഏർപ്പെട്ട വിദ്യാർഥികൾക്ക് രണ്ടുവർഷം വരെ തടവു നൽകാനും വ്യവസ്ഥയുണ്ട്. വാക്കുകൊണ്ടോ നോക്കു കൊണ്ടോ ബുദ്ധിമുട്ടിച്ചാൽ പോലും റാഗിങ്ങിന്റെ പരിധിയിൽ വരും. പക്ഷേ കേരളത്തിൽ എത്ര കേസുകളിൽ ശിക്ഷ നടപ്പായിട്ടുണ്ട്. അപൂർവ്വങ്ങളിൽ അപൂർവ്വം എന്നു പറയേണ്ടിവരും. ഒരു ശിക്ഷയും ഉണ്ടാകില്ലെന്ന് ഉറപ്പുള്ളതുകൊണ്ടാണ് കുറ്റം ആവർത്തിക്കുന്നത്. ഭീഷണി കൊണ്ടോ അനുനയം കൊണ്ടോ പരാതി പിൻവലിപ്പിക്കലാണ് പ്രധാനമായും പയറ്റുക. അല്ലെങ്കിൽ കേസ് തേച്ചുമായ്ച്ചു കളയാനൊക്കെ പ്രതികൾക്കറിയാം. രാഷ്ട്രീയ സഹായവും ലഭിക്കും. പൂക്കോട് സംഭവത്തിൽ പോലും പ്രതികളെ രക്ഷിക്കാൻ ഉന്നതതല ഇടപെടലുണ്ടായി എന്നാണല്ലോ മനസ്സിലാകുന്നത്. അതിൽ ഒരു പ്രതി ഇനിയും അറസ്റ്റിലായിട്ടുമില്ല.

അതായത് പൊലീസ് സംവിധാനമുൾപ്പെടെ ഭരിക്കുന്ന കക്ഷിയുടെ കൈപ്പിടിയിലായി മാറുമ്പോൾ നീതി നിഷേധിക്കപ്പെടുക തന്നെ ചെയ്യും. അതുകൊണ്ടാവും സിദ്ധാർഥിന്റെ പിതാവ് സി.ബി.ഐ. അന്വേഷണം എന്ന ആവശ്യം മുന്നോട്ടുവച്ചത്. അന്വേഷണം സി.ബി.ഐ.ക്കു വിട്ടെങ്കിലും അവർ അത് ഏറ്റെടുക്കുമോ എന്നു വ്യക്തമായിട്ടില്ല. ഏറ്റെടുക്കുന്നില്ലെങ്കിൽ ഫലത്തിൽ സംഭവിക്കുക അന്വേഷണം അട്ടിമറിക്കപ്പെടുക തന്നെയാവും. നിലവിൽ അന്വേഷണം നിലച്ച മട്ടാണ്. കുറച്ചുദിവസം കഴിയുമ്പോൾ പ്രതികൾ പുറത്തിറങ്ങി സ്വതന്ത്രരായി നടക്കും. ഏറെക്കുറെ എല്ലാ കേസിലും നടക്കുന്നത് ഇതൊക്കെത്തന്നെ.

ഈ സംഭവവുമായി ബന്ധപ്പെട്ട് പ്രതികളെ ഒളിപ്പിക്കാനും രക്ഷിക്കാനും വലിയ നീക്കമാണ് നടന്നത്. കുറ്റക്കാർക്കെകതിരെ നടപടി വൈകിയതിനാണ് വൈസ് ചാൻസലറെ ചാൻസലർ കൂടിയായ ഗവർണർ പുറത്താക്കിയത്. പകരം നിയമിക്കപ്പെട്ട വൈസ് ചാൻസകലറും ഇപ്പോൾ രാജിവച്ച് ഒഴിഞ്ഞിരിക്കുന്നു. കുറ്റക്കാരെന്നു സംശയിക്കുന്ന 33 വിദ്യാർഥികളടെ സസ്പെൻഷൻ നിയമോപദേശം പോലുമില്ലാതെ പിൻവലിച്ചതിനാണ് പുതിയ വിസി പ്രതിക്കൂട്ടിലായത്. വിമർശനം ശക്തമായപ്പോൾ അദ്ദേഹംരാജിവച്ചു. കുറ്റക്കാരെ രക്ഷിക്കാൻ എത്ര വലിയ സമ്മർദമാണ് ഉണ്ടാകുന്നതെന്ന് ഈ സംഭവങ്ങളെല്ലാം വ്യക്തമാക്കുന്നു.

**അധ്യാപക സമൂഹം**

എതൊരു ക്യാംപസിലും അധ്യാപക സമൂഹം വിദ്യാർഥികളെ ഗൈഡ് ചെയ്യുന്നവരാകണം. നിർഭാഗ്യവശാൽ കേരളത്തിലെ സർക്കാർ കോളജുകളിലെങ്കിലും അധ്യാപകർ രാഷ്ട്രീയ പക്ഷപാതിത്വമുള്ള സംഘടനകളുടെ കൊടിക്കീഴിൽ അണിനിരക്കുന്നവരും വിദ്യാർഥികളെ വിഭജിച്ചുകാണുന്നവരുമാണ്. പൂക്കോട് കലാലയത്തിലെ ഡീൻ ആയി പ്രവർത്തിച്ചാൾ പറഞ്ഞത് അയാൾ ഇക്കാര്യങ്ങളൊന്നും അറിഞ്ഞിട്ടില്ല എന്നാണ്. മാത്രമല്ല, സെക്യൂരിറ്റി പണിയല്ല തന്റേതെന്നു പറയാനും മറന്നില്ല. ക്യാംപസിലും ഹോസ്റ്റലിലും നടക്കുന്നതെന്തെന്നറിയാത്തയാളാണ് ഡീൻ എങ്കിൽ ആ കലാലയത്തിന്റെ അവസ്ഥ എന്തായിരിക്കും. അയാൾ ആരെയോ ഭയപ്പെടുന്നു എന്നു കൂടി ചിന്തിക്കണം. അല്ലെങ്കിൽ തന്റെ കാര്യസാധ്യങ്ങൾക്കു തടസ്സമുണ്ടാകാതിരിക്കാൻ മനഃപൂർവം മൗനം പാലിക്കുന്നു. രണ്ടായാലും അദ്ദേഹം അധ്യാപകൻ എന്ന വിളിപ്പേരിന് അർഹനല്ല. ഈ വിഷയം അറിഞ്ഞില്ലെങ്കിലും ഏതോ വിദ്യാർഥിനിയെ സിദ്ധർഥ് അപമാനിച്ചു എന്ന

www.malankaralibrary.com

മട്ടിൽ തട്ടിക്കൂട്ടിയുണ്ടാക്കിയ പരാതി അവധി ദിവസമായിട്ടും പരിഗണിക്കാനും ഉടൻതന്നെ കമ്മിറ്റിയെ നിയോഗിക്കാനും സിദ്ധാർഥിനുമേൽ കുറ്റം ചുമത്താനും കോളജ് അധികാരികൾക്കായി എന്നത് മറക്കാനാവില്ല. ആ കമ്മിറ്റിയിൽ സിദ്ധാർഥിനെ മർദ്ദിച്ചുകൊന്ന പ്രതികളും ഉണ്ടായിരുന്നു എന്നത് മറ്റൊരു ഞെട്ടിക്കുന്ന വസ്തുത. ഇതിനൊക്കെ കൂട്ടുനിൽക്കുന്ന അധ്യാപക സമൂഹം ലജ്ജിക്കുക തന്നെ വേണം.

വികാരമുണ്ടാവുകയും അതുകഴിഞ്ഞാൽ അത് തണുത്തുറയുകയും ചെയ്യുന്നതാണ് കാലങ്ങളായി കാണുന്നത്. കേരളത്തിലെ കലാലയങ്ങളിൽ ഇത്രയേറേ റാഗിങ് ഉണ്ടായിട്ടും അത്തരം സംഭവങ്ങൾക്കെതിരെ ശക്തമായ പ്രതികരണത്തിന് പൊതുസമൂഹം തയാറാകുന്നില്ല. അതതു കാലത്തെ പ്രതിപക്ഷം കുറച്ച് സമരമൊക്കെ നടത്തി പിൻവാങ്ങുകയാണ് പതിവു രീതി. ഇതൊക്കെ ശമിക്കുമ്പോൾ അടുത്ത സംഭവം അരങ്ങേറും.



ഡിഗ്രികളും ഡോക്ടറേറ്റും മാത്രമല്ല ഒരാളെ അധ്യാപകനാക്കുന്നത്. കേരളത്തിലെ കോളജ് അധ്യാപകരുടെ ഒരു പരിച്ഛേദമായി പൂക്കോട്ടെ ഡീനിനെ കണ്ടാലും കുഴപ്പമില്ല. കഴിയുന്നത്ര കുഴപ്പമുള്ള കാര്യങ്ങളിലൊന്നും ഇടപെടാതെ, സാമൂഹിക പ്രതിബദ്ധത ഒന്നുമില്ലാതെ മുന്നോട്ടു പോകുന്നവരായി അധ്യാപകർ മാറുന്നുണ്ടെങ്കിൽ അത് ഏറ്റവും അപകടകരമായ കാര്യമാണെന്നേ പറയാനാവൂ.

**പൊതു സമൂഹം**

കേരളത്തിലെ പൊതു സമൂഹം ഇത്തരം വിഷയങ്ങളോടു പ്രതികരിക്കുന്ന രീതി പഠനവിധേയ മാക്കേണ്ടതാണ്. മാധ്യമങ്ങൾ ഒരു വിഷയം റിപ്പോർട്ട് ചെയ്യുമ്പോൾ മാത്രം പൊതുസമൂഹത്തിൽ വലിയ

**കൊച്ചു കുട്ടികൾ**

ഇരുപതും ഇരുപത്തൊന്നും വയസുള്ള കുട്ടികളാണ് അക്രമം നടത്തിയതെന്നോർക്കുക. ഇത്രയേറെ ക്രൂരമായി ഒരു സഹപാഠിയെ ആക്രമിക്കാൻ തക്കവണ്ണമുള്ള ഒരു മനസ്സ് ഇവർക്കെങ്ങനെയുണ്ടാകുന്നു എന്നത് ചിന്തിക്കേണ്ട വിഷയമാണ്. ക്രൂരതയിൽ ആനന്ദം കണ്ടെത്തുന്നവർ. തങ്ങൾക്ക് രാഷ്ട്രീയ സംരക്ഷണം ലഭിക്കും എന്ന് ഉറപ്പുള്ളതിനാൽ എന്ത് വൃത്തികേടും കാണിക്കാൻ മടിയില്ല. ക്യാംപസിലെ ഭരണമെല്ലാം ഇവരാണ് നടത്തുക. കേരള സർവകലാശാല യുവജനോത്സവ ത്തിലും അക്രമത്തിന്റെ അരങ്ങേറ്റമായിരുന്നു. സർവകലാശാല യൂണിയനല്ല, ഒരു വിദ്യാർഥി സംഘടനയാണ് നടത്തിപ്പുകാർ. തങ്ങളുടെ

www.malankaralibrary.com



എതിർസംഘടനക്കാർ ഭരിക്കുന്ന യൂണിയനുകളുള്ള കലാലയങ്ങളിൽ നിന്നുള്ള കുട്ടികളെ മോശക്കാരാക്കാൻ വേണ്ടി വിധികർത്താക്കളെ ബലിയാടാക്കി. വിധികർത്താക്കളെ വിചാരണ ചെയ്തുവെന്നും മർദ്ദിച്ചുവെന്നുമാണ് പുറത്തുവരുന്ന റിപ്പോർട്ട്. ഒടുവിൽ പൊലീസ് കേസ് എടുത്തു. വിധികർത്താക്കളിൽ ഒരാൾ ആത്മഹത്യ ചെയ്തു. ഈ വിചാരണ സംഘത്തിനു നേതൃത്വം കൊടുത്തത് ഒരു പെൺകുട്ടിയാണെന്നും വിവരം പുറത്തുവരുന്നു. ഇവരാണല്ലോ നാളത്തെ കേരളം രചിക്കുക എന്നോർക്കുമ്പോൾ ഭയക്കുകതന്നെ വേണം. വെറുതെയാണോ യുവാക്കൾ പഠിക്കാനും മറ്റുമായി വിദേശത്തേക്ക് കടക്കുന്നത്.

**ലഹരിയിലമരുന്ന ക്യാംപസുകൾ**


കേരളത്തിലെ ക്യാംപസുകളിൽ ലഹരി മാഫിയ പിടിമുറുക്കുന്നുണ്ടോ എന്നു സംശയിക്കേണ്ടതുണ്ട്. അല്ലെങ്കിൽ ഇത്ര ക്രൂരമായി പെരുമാറാൻ എങ്ങനെയാണ് ഈ ചെറുപ്പക്കാർക്കൊവക്കെ കഴിയുക?. പലപ്പോഴും സമൂഹ മാധ്യമങ്ങളിലൊക്കെ വരുന്ന വിഡിയോകൾ ഭയപ്പെടുത്താറുണ്ട്. സ്കൂൾ കുട്ടികൾ തമ്മിൽ പോലും നടക്കുന്ന തല്ല് അതിക്രൂരമാണ്. ഒരുപക്ഷേ മരണം പോലും സംഭവിച്ചേക്കാവുന്ന മർദ്ദനം. സാധാരണ മാനസികാവസ്ഥയുള്ള ആർക്കും അതു ചെയ്യാനാവില്ല. അതുകൊണ്ടുതന്നെ രാസ ലഹരി ഉൾപ്പെടെയുള്ളവയുടെ സ്വാധീനത്തിലാവണം ഇവർ ഇതൊക്കെ ചെയ്യുന്നതെന്നു കരുതണം. വീട്ടുകാർക്കോ നാട്ടുകാർക്കോ സ്കൂളുകാർക്കോ പൊലീസുകാർക്കോ ഇവരെ തടഞ്ഞുനിർത്താനാവില്ല. ഈ കുട്ടികൾ കോളജുകളിലെത്തുമ്പോൾ സ്ഥിതി ഇതിലും വഷളാകുന്നു. അവിടെ രാഷ്ട്രീയ സംരക്ഷണം കൂടിയാകുമ്പോൾ എന്തും ചെയ്യാം എന്ന മാനസികാവസ്ഥയിലേക്ക് അവർ എത്തുന്നു. മൂന്നു ദിവസം ഒരുതുള്ളി വെള്ളംപോലും കൊടുക്കാതെ ഒരു സഹപാഠിയെ മർദ്ദിച്ചു കൊലപ്പെടുത്താൻ തക്കവണ്ണം മനസ് ക്രൂരമായിപ്പോകുന്നു.

എന്റെ മകന് ഒരു തുള്ളി വെള്ളമെങ്കിലും കൊടുക്കാമായിരുന്നില്ലേ എന്ന ആ അച്ഛന്റെ ചോദ്യം എന്നും മനസ്സിൽ നോവായി നില്ക്കും .

**മേമ്പൊടി**

അഴിമതിക്കെതിരെ ചൂലെടുത്ത ആം ആദ്മി പാർട്ടിയുടെ അരവിന്ദ് കേജ്രിവാളിനെത്തന്നെ അഴിമതിക്കേസിൽ അകത്താക്കിയിരിക്കുകയാണ് ഇഡി. ഇഡി എന്നാൽ സർക്കാരിന്റെ ഉപകരണമാണ്. തങ്ങൾ ചൂണ്ടിക്കാണിക്കുന്നവരെ ടാർഗറ്റ് ചെയ്യാനുള്ള ആയുധം. ഇങ്ങനെ ഇഡിയെയും മറ്റും കാണിച്ച് ഭയപ്പെടുത്തിയ ശേഷം പല കമ്പനികളിൽ നിന്നും ഇലക്ടറൽ ബോണ്ട് എന്ന പേരിൽ വൻ തുക കൈപ്പറ്റിയതിന്റെ വിവരങ്ങളാണ് ഇപ്പോൾ പുറത്തുവരുന്നത്. ഇങ്ങനെ ബോണ്ട് നൽകിയവർക്കൊക്കെ കരാറുകളൊക്കെ വാരിക്കോരി കൊടുത്തത്രേ. അഴിമതിവിരുദ്ധം പറഞ്ഞ് അധികാരത്തിൽ വന്നവർ ഇലക്ടറൽ ബോണ്ട് എന്ന ഗൂഢ ഏർപ്പാടിലൂടെ വൻ തുക തന്നെയാണ് സമാഹരിച്ചത്. ഇതേ സമയം പ്രധാന പ്രതിപക്ഷ കക്ഷിയായ കോൺഗ്രസിന്റെ അക്കൗണ്ട് മരവിപ്പിക്കാനും ഈ തിരഞ്ഞെടുപ്പിനിടയിൽ തന്നെ സമയം കണ്ടെത്തുകയും ചെയ്തു. എന്നാലും സംഘപരിവാർ ആശിർവാദത്തോടെ വന്ന കേജ്രിവാളിനെതിരെ എന്തുകൊണ്ടാവും ബിജെപി തിരിഞ്ഞത് എന്ന ചോദ്യം പലയിടത്തുനിന്നും ഉയരുന്നുണ്ട്. അദ്ദേഹം തങ്ങളുടെ കൂടയിൽ നിന്നു ചാടിപ്പോയി മറ്റൊരു ഹിന്ദുത്വ പാർട്ടിയായി മാറാൻ ശ്രമിക്കുന്നുവോ എന്ന ആശങ്ക തന്നെയാവും കാരണം.

www.malankaralibrary.com



സാർവത്രിക സഭയിലെ വേദപാരംഗതർ

# ക്ലെയർവോയിലെ വി. ബെർണാഡ്

റവ. ഡോ. മാത്യു ചാർത്താക്കുഴിയിൽ



**ആമുഖം**

ജന്മം കൊണ്ട് പ്രഭു കുടുംബത്തിലെ അംഗവും കർമ്മം കൊണ്ട് വിശുദ്ധനുമായിരുന്ന ക്ലയർവോയിലെ വി. ബെർണാഡ് കത്തോലിക്കാ സഭയിലെ വലിയൊരു സന്യാസ സമൂഹമായ സിസ്റ്റേർഷ്യൻ സഭയുടെ (Cistercians) സഹസ്ഥാപകനാണ്. ഒരു വൈദികനാകുന്നതിന് മുൻപു യൗവ്വന പ്രായത്തിൽ തന്നെ ക്ലയർവോ സന്യാസ ആശ്രമത്തിന്റെ ആദ്യത്തെ ആബട്ടായി നിയമിക്കപ്പെടുകയും ചിട്ടയായ പ്രവർത്തനം കൊണ്ട് ഈ ആശ്രമത്തെ യൂറോപ്പിലെ ആത്മീയ-ബൗദ്ധിക സങ്കേതമാക്കി അദ്ദേഹം മാറ്റിയെടുക്കുകയും ചെയ്തു. ഇവിടുത്തെ സന്യാസ ജീവിതത്തിന്റെ ശ്രേഷ്ഠതയിൽ ആകൃഷ്ടരായി എത്തുന്ന അർത്ഥികളുടെ ആധിക്യം കാരണം അനേകം ആശ്രമങ്ങൾ പുതുതായി ആരംഭിക്കേണ്ടി വന്നു. ധ്യാനത്തെയും നിശബ്ദതയേയും ആഴത്തിൽ ആശ്ലേഷിച്ചപ്പോഴും അദ്ദേഹം സഭയുടെ നിരവധി അപ്പസ്തോലിക ദൗത്യങ്ങൾ ഏറ്റെടുത്തു നടത്തിയിരുന്നു. കാർക്കശ്യവും എടുത്തുചാട്ട പ്രകൃതവും സമ്മാനിച്ച വെല്ലുവിളികളെ എളിമപ്പെടാനുള്ള അവസരമാക്കി അദ്ദേഹം ഉപയോഗിച്ചു. നിരന്തരം ദൈവസന്നിധിയിലെത്തി തന്റെ കുറവുകളെക്കുറിച്ചു മാപ്പപേക്ഷിച്ചു മാനസാന്തരം പ്രാപിക്കാനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ദൈവശാസ്ത്ര അറിവുകൾ പകരുക എന്നതിനേക്കാൾ ആത്മാക്കളെ പ്രാർത്ഥനയിൽ സ്വർഗ്ഗത്തിലേക്ക് ഉയർത്തുകയും അനേകരെ മാനസാന്തരത്തിലേക്കു നയിക്കുകയുമായിരുന്നു അദ്ദേഹത്തിന്റെ രചനകളുടെ ലക്ഷ്യം. 'ക്രിസ്തുവിന്റെയും സോളമന്റെ ദേവാലയത്തിന്റെയും പാവപ്പെട്ട സഹ-പോരാളികൾ' അഥവാ 'നൈറ്റ്സ് ടെംപ്ലാർ' എന്ന സംഘടനയുടെ നിയമാവലികൾ തയ്യാറാക്കി വിശ്വാസ സമൂഹത്തിലെ ഗണ്യമായ ഒരു വിഭാഗത്തെ സഭയുടെ പ്രവർത്തനങ്ങൾക്ക് സഞ്ജമാക്കിയ സഭയുടെ ധീരനായ പുത്രൻകൂടിയാണ് വി. ബെർണാഡ്. സഭയിൽ എല്ലാ മേഖലയിലും ഗണ്യമായ സ്വാധീനമുണ്ടായിരുന്ന ഈ വേദപാരംഗതൻ തന്റെ വിശുദ്ധിയും വിജ്ഞാനവും എളിമയും കൊണ്ട് അധികാരസ്ഥാനത്തിരുന്നവരെ സ്വർഗ്ഗരാജ്യമഹത്വത്തിനായി നിയന്ത്രിച്ചു. ക്ലയർവോയിലെ വി. ബെർണാഡിന്റെ ജീവിതവും പ്രവർത്തനങ്ങളും ഇന്നും അനേകരുടെ പ്രചോദനവും ആവേശവുമായി തുടരുന്നു.

**ജനനം, ബാല്യം, വിദ്യാഭ്യാസം**

ഫ്രാൻസിലെ ബെർഗണ്ടി പ്രദേശത്തെ ഫൊന്തൈനെസ് ലെ ദിയോൺ എന്ന നഗരത്തിൽ എ.ഡി. 1090-ലാണ് വി. ബെർണാഡ് ജനിച്ചത്. ആറു സഹോദരങ്ങളും ഒരു സഹോദരിയുമടങ്ങുന്ന വലിയ കുടുംബത്തിലെ മൂന്നാമത്തെ അംഗമായിരുന്നു അദ്ദേഹം. ബെർണാഡിന്റെ പിതാവ് ടെസലിൻ അവരുടെ ജന്മനഗരമായ ഫൊന്തൈനെസ് ലെ ദിയോണിന്റെ ഭരണചുമതലയുള്ള പ്രഭു ആയിരുന്നു. ബെർണാഡിന്റെ അമ്മയുടെ നാമം അലേത്തെദെ മോന്ത്ബാർഡ് എന്നായിരുന്നു. ഈ

www.malankaralibrary.com

പ്രദേശത്തെ വലിയ സ്വാധീനമുള്ള രണ്ടു പ്രഭു കുടുംബങ്ങൾ ആയിരുന്നു അദ്ദേഹത്തിന്റെ മാതാപിതാക്കളുടേത്. അമ്മയുടെ ഭക്തിയും വിശുദ്ധിയും ദൈവീക കാര്യങ്ങളിലുള്ള അതീവ ശ്രദ്ധയും ബെർണാഡിനെ വളരെയധികം സ്വാധീനിച്ചു. കുടുംബകാര്യങ്ങൾ ശ്രദ്ധയോടും നിഷ്ഠയോടും കൈകാര്യം ചെയ്തിരുന്ന അലേത്തെ മക്കളെയും കൂട്ടി നഗരത്തിലെ പാവപ്പെട്ടവരെയും രോഗികളെയും പരിപാലിക്കുന്നതിനായി സമയം കണ്ടെത്തുകയും ചെയ്തിരുന്നു.

അഞ്ചാമത്തെ വയസ്സിൽ ചാത്തിലോൺ സുർ സൈനെ എന്ന സ്ഥലത്തു വൈദികർ നടത്തിയിരുന്ന സ്കൂളിൽ ബെർണാഡിന്റെ പഠനം ആരംഭിച്ചു. ഇത്തരം ഒരു സ്കൂളിൽ അദ്ദേഹത്തെ പഠിപ്പിച്ചത് ഭാവിയിൽ ഭരണസംവിധാനത്തിലോ സഭാപ്രവർത്തനങ്ങളിലോ ഏർപ്പെടുക എന്ന ഉദ്ദേശത്തിലായിരുന്നു. പിന്നീട് സാഹിത്യം, പ്രഭാഷണകല, വ്യാകരണം തുടങ്ങിയ വിഷയങ്ങളിൽ അദ്ദേഹം പ്രാവീണ്യം നേടി. പരിശുദ്ധ അമ്മയുടെ വലിയ ഭക്തനായിരുന്ന ബെർണാഡ് മാതാവിന്റെ മധ്യസ്ഥതയിൽ നിരന്തരം പ്രാർത്ഥിച്ചിരുന്നു. ഇതിന്റെ പ്രതിഫലനമാണ് മാതാവിനെക്കുറിച്ചു അദ്ദേഹം പിന്നീട് എഴുതിയ നിരവധി ലേഖനങ്ങളും ഗ്രന്ഥങ്ങളും.

മെലിഞ്ഞ സുന്ദര പ്രകൃതവും മനോഹര മുഖവും ആകർഷണീയ പെരുമാറ്റവും ബെർണാഡിനെ എല്ലാവരും ശ്രദ്ധിക്കുന്നവനാക്കി. ഭാവിയിലെ വിശുദ്ധിയുടെ തീക്ഷണ ചെറുപ്പത്തിൽ തന്നെ അദ്ദേഹത്തിന്റെ കണ്ണുകളിൽ പ്രകടമായിരുന്നു. ബെർണാർഡിന്റെ സാന്നിധ്യത്തിൽ ആയിരുന്നവർ ദൈവത്തിന്റെ ശക്തിയും ആത്മാവും അവനിൽ കണ്ടിരുന്നു. കുടുംബത്തിലെ ക്രിസ്തീയ പശ്ചാത്തലം ബെർണാഡിന്റെ ജീവിതത്തെ വളരെയധികം സ്വാധീനിച്ചിരുന്നു. നന്നേ ചെറുപ്പം മുതലേ അദ്ദേഹം പ്രാർത്ഥനകൾ ഹൃദിസ്ഥമാക്കുകയും വിശ്വാസ കാര്യങ്ങളിൽ താത്പര്യത്തോടെ ഇടപെടുകയും ചെയ്തു. ക്രിസ്തുവിന്റെ ജീവിതം അദ്ദേഹം തന്റെ ജീവിതത്തിന്റെ മാതൃകയാക്കി. യൗവ്വന പ്രായത്തിൽ തന്നെ ഏകാന്തമായി പ്രാർത്ഥനയിൽ സമയം ചിലവഴിക്കുന്നതിനായിരുന്നു അദ്ദേഹത്തിന് താത്പര്യം.

വി. അംബ്രോസിന്റെ തിരുന്നാൾ ദിവസം സമീപപ്രദേശങ്ങളിലുള്ള പുരോഹിതരെ വീട്ടിൽ ഭക്ഷണത്തിനായി ക്ഷണിക്കുന്ന പാരമ്പര്യം ബെർണാഡിന്റെ അമ്മ അലേത്തെയ്ക്കുണ്ടായിരുന്നു. അനാരോഗ്യം അലട്ടിയിരുന്നെങ്കിലും ബെർണാഡിനു പത്തൊൻപത് വയസായിരുന്നപ്പോൾ ആ വർഷത്തെ



അംബ്രോസിന്റെ തിരുന്നാളിന് അലേത്തെ പതിവു പോലെ പുരോഹിതരെ ക്ഷണിക്കുകയും ഭക്ഷണ ശേഷം തന്റെ രോഗക്കിടക്കയ്ക്കരികിൽ വന്നു പ്രാർത്ഥിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. മരിക്കുന്നവർക്ക് വേണ്ടിയുള്ള പ്രാർത്ഥന ചൊല്ലിക്കൊണ്ടിരുന്നപ്പോൾ പുരോഹിതൻ ''നിന്റെ കുരിശിനാലും പീഡാസഹനങ്ങളാലും കർത്താവേ ഇവളെ രക്ഷിക്കണമേ" എന്ന് പ്രാർത്ഥിച്ചപ്പോൾ അവർ തന്റെ തലയ്ക്ക് മുകളിലുള്ള കുരിശിലേക്ക് കൈ രണ്ടും ഉയർത്തി. കൈയ്യുയർത്തിയ അവസ്ഥയിൽ അവളുടെ ആത്മാവ് ശരീരത്തിൽ നിന്നും സ്വർഗ്ഗത്തിലേക്ക് പോയി എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. അമ്മയുടെ ഈ രൂപം ബെർണാഡിന്റെ മനസ്സിൽ മായാതെ നിൽക്കുകയും അവളുടെ സ്വർഗ്ഗത്തിലേക്കുയർത്തിയ കൈകൾ തനിക്കുള്ള അടയാളമായി കരുതുകയും ചെയ്തു.

**സന്യാസത്തിലേക്കുള്ള വിളി**

യൂറോപ്യൻ സംസ്കാരത്തിനും ക്രിസ്തീയ വിശ്വാസ വളർച്ചയ്ക്കും വിലമതിക്കാനാവാത്ത സംഭാവന നൽകിയ ബെനഡിക്റ്റീൻ സന്യാസ സമൂഹം വി. ബെർണാർഡിന്റെ ജീവിതകാലത്തു

www.malankaralibrary.com

ഫ്രാൻസിൽ വലിയ സ്വാധീനം ചെലുത്തിയിരുന്നു. നൂർസിയായിലെ വി. ബെനഡിക്റ്റ് (480-547) സ്ഥാപിച്ച ഈ സമൂഹം 'ബെനഡിക്റ്റിന്റെ നിയമങ്ങൾ' അനുസരിച്ചു 'പ്രാർത്ഥിക്കുക ജോലിചെയ്യുക' (*ora et labora*) എന്ന ചിന്തയെ അടിസ്ഥാനപ്പെടുത്തി തങ്ങളുടെ സന്യാസ ജീവിതത്തെ ക്രമപ്പെടുത്തി. എ.ഡി. 910-ൽ ഫ്രാൻസിലെ ക്ലൂണിയിൽ സ്ഥാപിതമായ ബെനഡിക്റ്റീൻ ആബ്ബി പാശ്ചാത്യ സന്യാസ ചിന്തകളുടെ നേതൃത്വം കൈയ്യാളിയിരുന്ന സമയമായിരുന്നു ഇത്. എ.ഡി. 1098-ൽ മൊളസ്മോയിലെ റോബർട്ടിന്റെ നേതൃത്വത്തിൽ ഒരുകൂട്ടം സന്യാസികൾ ചിറ്റാ (Cîteaux) എന്ന സ്ഥലത്ത് പുതിയൊരു ആശ്രമം സ്ഥാപിച്ചു. ബെൻഡക്റ്റീൻ സന്യാസ ആശ്രമങ്ങൾ സ്ഥാപക പിതാവിന്റെ ചൈതന്യത്തിൽ നിന്നും വഴിമാറിപ്പോകുന്നു എന്ന ചിന്തയാൽ വി. ബെനഡിക്റ്റിന്റെ സന്യാസ നിയമങ്ങൾ അക്ഷരം പ്രതി പാലിച്ചു ജീവിക്കുക എന്നതായിരുന്നു ചിറ്റായിലെ സന്യാസിമാരുടെ ലക്ഷ്യം. എന്നാൽ അതികം താമസിയാതെ ഇത് പുതിയൊരു സന്യാസ പ്രസ്ഥാനമായി വളരുകയും സിസ്റ്റേർഷ്യൻസ് എന്ന് അറിയപ്പെടുകയും ചെയ്തു. അവരുടെ വസ്ത്രധാരണത്തെ അടിസ്ഥാനപ്പെടുത്തി ബെനഡിക്റ്റീൻ വൈദികരെ 'കറുത്ത സന്യാസികൾ' (Black Monks) എന്നും സിസ്റ്റേർഷ്യൻ വൈദികരെ 'വെളുത്ത സന്യാസികൾ' (White Monks) എന്നും വിളിച്ചിരുന്നു.



സന്യാസ ജീവിതം അഭിലഷിച്ച ബെർണാഡ് അമ്മയുടെ മരണശേഷം ഇരുപതാമത്തെ വയസ്സിൽ ചിറ്റായിൽ പുതിയതായി ആരംഭിച്ച ആശ്രമത്തിൽ ചേർന്നു. ലോകത്തിന്റെ സൗകര്യങ്ങൾക്കും ആകർഷണങ്ങൾക്കും പിന്നാലെ പോവാതെ ദൈവീക വഴി തിരഞ്ഞെടുക്കുന്നതിന് അദ്ദേഹത്തെ സഹായിച്ചത് അമ്മയുടെ ജീവിതമായിരുന്നു. എ.ഡി. 1113-ൽ ബർഗണ്ടിയിൽ നിന്നുള്ള പ്രഭുകുമാരന്മാരും ബെർണാഡിന്റെ സഹോദരങ്ങളും ബന്ധുക്കളും ഉൾപ്പെടെ മുപ്പതുപേർ ഇവരുടെ കൂടെ ചേരുകയും ഇത് ഈ സന്യാസ പ്രസ്ഥാനത്തെ ബലപ്പെടുത്തുകയും ചെയ്തു. ബെർണാഡിന്റെ അമ്മാവനും നാല് സഹോദരങ്ങളും ഈ സമയത്തും, അധികം താമസിയാതെ പിതാവും, ഇളയ സഹോദരനും, സഹോദരിയും (വാഴ്ത്തപ്പെട്ട ഹുംബലീന) ഇവരുടെ വഴിയേ സഞ്ചരിച്ചു സന്യാസം വരിക്കുകയും ചെയ്തു.

ബെർണാർഡിന്റെയും കൂട്ടുകാരുടെയും വരവ് ചീറ്റായിലെ സന്യാസ ഭവനത്തിനു പുതിയ ഉണർവ് നല്കി. ക്ലൂണി ആശ്രമത്തിലെ സന്യാസി ആണെന്ന് പറയുന്നത് സമൂഹത്തിൽ വലിയ ആദരവ് നേടിക്കൊടുത്തിരുന്നതുപോലെ ഇന്ന് സിസ്റ്റേർഷ്യൻ ആശ്രമത്തിലെ അംഗമാണെന്ന് പറയുന്നത് സമൂഹത്തിൽ വലിയ ബഹുമാനത്തിനും അംഗീകാരത്തിനും കാരണമായി. ലളിതവും അതേസമയം സ്വയനിഗ്രഹത്തിനും പ്രാധാന്യം നൽകുന്ന ജീവിതരീതിക്കായിരുന്നു സിസ്റ്റേർഷ്യൻ സന്യാസികൾ ഇക്കാലത്തു പ്രാധാന്യം നൽകിയത്. ഇത് വി. ബെനഡിക്ടിന്റെ നിയമത്തോട് പൂർണ്ണമായും ചേർന്ന് പോകുന്നതുമായിരുന്നു. പ്രാർത്ഥനയ്ക്കും ധ്യാനത്തിനുമായി കൂടുതൽ സമയം ചിലവഴിക്കുക എന്ന ലക്ഷ്യത്തോടെ സിസ്റ്റേർഷ്യൻ സന്യാസികൾ ജനങ്ങൾ വസിക്കുന്ന ഇടങ്ങളിൽ നിന്നും അകന്ന് ഒറ്റപ്പെട്ട സ്ഥലങ്ങളിൽ കഴിയാനാണ് ഇഷ്ടപ്പെട്ടത്. വിലകൂടിയ പാത്രങ്ങളോ, വസ്ത്രങ്ങളോ, സാധനങ്ങളോ ഉപയോഗിക്കരുതെന്ന് അവർക്ക് നിർബന്ധമുണ്ടായിരുന്നു. നിശബ്ദയ്ക്ക് വലിയ പ്രാധാന്യം നൽകി, കൈകൊണ്ടു അധ്വാനിച്ചു ലളിതമായ ഭക്ഷണം കഴിച്ചു അവർ സമൂഹമായി ജീവിച്ചു.

**'പ്രകാശത്തിന്റെ താഴ്‌വര'യിലെ (ക്ലയർവോ) ആശ്രമാധിപൻ**

ചീറ്റായിലെ ആശ്രമത്തിലെത്തി മൂന്നു വർഷത്തിന് ശേഷം ക്ലയർവോ എന്ന സ്ഥലത്തു പുതിയൊരു ആശ്രമം സ്ഥാപിക്കുക എന്ന ദൗത്യവുമായി അധികാരികൾ ബെർണാഡിനെ അവിടേക്ക് അയച്ചു. (പിന്നീട് ഈ സ്ഥലത്തിന്റെ പേരുകൂടി ബെർണാഡിന്റെ പേരിനോട് ചേർക്കപ്പെട്ടതു ചരിത്രം). ഇക്കാലയളവിൽ അദ്ദേഹം ഒരു വൈദികനായി

www.malankaralibrary.com

അഭിഷേചിക്കപ്പെട്ടിട്ടില്ലായിരുന്നു. ഈ സ്ഥലം മരങ്ങൾ ധാരാളം വളർന്നു വനം പോലെ രൂപപ്പെട്ടതും ജനവാസം ഇല്ലാത്തതുമായിരുന്നു. ലോകത്തിൽ നിന്നും ലോകബഹളങ്ങളിൽ നിന്നും മാറി നിൽക്കുക എന്ന സിസ്റ്റേർഷ്യൻ സന്യാസ ചൈതന്യത്തിന് അനുസൃതമായി ജീവിക്കുന്നതിനാണ് ഈ സ്ഥലം തിരഞ്ഞെടുത്തത്. പുതിയ സ്ഥലത്തു തങ്ങളുടെ ആശ്രമം പടുത്തുയർത്തുന്നതിനു സന്യാസിമാർ ശാരീരികമായി കഠിനമായി അദ്ധ്വാനിച്ചു. അവിടെയുള്ള മരങ്ങളൊക്കെ മുറിച്ചുമാറ്റി ചെറിയകുടിലുകൾ പണിയുകയും തങ്ങളുടെ അനുദിന പ്രാർത്ഥനയും ജോലിയുമൊക്കെയായി ആശ്രമജീവിതം ആരംഭിക്കുകയും ചെയ്തു. സന്യാസ ആശ്രമം സ്ഥാപിച്ച സ്ഥലത്തിന് അവർ നൽകിയ 'ക്ലയർവോ' (പ്രകാശത്തിന്റെ താഴ്‌വര) എന്ന പേര് പിന്നീട് ചരിത്രപ്രസിദ്ധി ആർജ്ജിക്കുകയും ചെയ്തു.

ചെറുപ്പക്കാരനായ ആശ്രമാധിപൻ വി. ബെർണാഡിന് ധാരാളം വെല്ലുവിളികൾ അഭിമുഖരിക്കേണ്ടതായും വന്നു. അതിൽ പ്രധാനമായത് അന്നത്തെ പേരുകേട്ട ക്ലൂണിയിലെ ബെനഡിക്റ്റീൻ ആശ്രമത്തിനു ക്ലയർവോയിലെ ആശ്രമത്തിന്റെ വിജയത്തിൽ ഉണ്ടായ അസൂയയാണ്. ക്ലൂണി ആശ്രമത്തിന് യൂറോപ്പിലെ സഭയുടെ ആത്മീയ-ബൗദ്ധിക മണ്ഡലത്തിൽ ഉണ്ടായിരുന്ന പ്രാമുഖ്യം ക്ലയർവോ കൈയ്യടക്കുമോ എന്ന് അവർ ഭയപ്പെട്ടു. ഇക്കാരണത്താൽ സിസ്റ്റേർഷ്യൻ ജീവിതരീതിയെ അവർ വിമർശിക്കുകയും ഇത് ബെനഡിക്റ്റിന്റെ ആശ്രമശൈലിയോട് ചേർന്നുപോകുന്നതല്ല എന്ന് പ്രചരിപ്പിക്കുകയും ചെയ്തു. ഇതിനെ പ്രതിരോധിക്കുന്നതിനായി ബെർണാഡിന് നിരവധി ലേഖനങ്ങൾ എഴുതേണ്ടി വന്നു. ഒരിക്കൽ ബെർണാഡ് ക്ലയർവോ ആശ്രമത്തിൽ ഇല്ലാതിരുന്ന സമയത്ത് ക്ലൂണി ആശ്രമാധിപൻ ഇവിടെയെത്തി ചില ആശ്രമസ്ഥരെ തന്റെ ആശ്രമത്തിലേക്ക് കൊണ്ടുപോയി. ഇവരുടെ സമീപനത്തിൽ മാറ്റം വരുന്നത് വാഴ്ത്തപ്പെട്ട പീറ്റർ (Blessed Peter the Venerable) ക്ലൂണി ആശ്രമാധിപനായപ്പോഴാണ്. അദ്ദേഹം ബെർണാഡിനോടുള്ള തന്റെ ആദരവും അദ്ദേഹത്തിന്റെ സന്യാസ ജീവിത രീതിയോടുള്ള മതിപ്പും അറിയിച്ചുകൊണ്ട് കത്തയച്ചു. പിന്നീട് ആബട്ട് സുഗർ ക്ലൂണി ആശ്രമത്തെ കാലോചിതമായി നവീകരിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തു.

ചെറുപ്പക്കാരനായ ആബട്ട് തനിക്കും തന്റെ ആശ്രമസ്ഥർക്കും ഒരു കുറവും ഉണ്ടാകരുതെന്ന ചിന്തയോടെ എല്ലാ കാര്യങ്ങളും ശ്രദ്ധയോടെ ചെയ്തു. ഈ അമിത ശ്രദ്ധ ചിലപ്പോഴെങ്കിലും കൂടെയുള്ളവർക്ക് പ്രയാസങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ആശ്രമജീവിതത്തിലെ ഏറ്റം പ്രധാനപ്പെട്ട ചിട്ടകളും നിയമങ്ങളും ഏതെല്ലാമെന്ന് അദ്ദേഹം സഹസന്യാസിമാരെ നിരന്തരം ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു. അതേസമയം ഒരു പിതാവിന്റെ സ്നേഹത്തോടെ എല്ലാവരോടും പെരുമാറാനും അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. തന്റെ മകൻ ആശ്രമത്തിൽ ചേർന്നതിന്റെ വിഷമത്തിൽ കത്തെഴുതിയ മാതാപിതാക്കൾക്ക് ബെർണാഡ് ഇപ്രകാരം മറുപടി അയച്ചു: "നിങ്ങൾക്ക് യഥാർത്ഥത്തിൽ അവനെ നഷ്ടപ്പെടുകയല്ല ചെയ്തിരിക്കുന്നത്. അവനിലൂടെ അനേകം മക്കളെ നിങ്ങൾക്ക് ലഭിച്ചിരിക്കുന്നു. ക്ലയർവോയിലെ എല്ലാവരുംതന്നെ അവനെ സഹോദരനായും നിങ്ങളെ ഞങ്ങളുടെ മാതാപിതാക്കളായും സ്വീകരിച്ചിരിക്കുന്നു... ഞാൻ അവനു മാതാവും പിതാവും സഹോദരനും സഹോദരിയുമായിരിക്കും..."



(*Letter* 110)

ബെർണാർഡിന്റെ നേതൃത്വത്തിൽ എഴുനൂറിലധികം സന്യാസിമാർ ക്ലെയർവോ ആശ്രമത്തിൽ

www.malankaralibrary.com

ഉണ്ടായിരുന്നു. കൂടാതെ ഇവിടെ നിന്നും അറുപത്തെട്ട് ആശ്രമങ്ങളിലേക്ക് സന്യാസിമാരെ അയച്ചിരുന്നു. അദ്ദേഹത്തിന്റെ അന്ത്യകാലത്ത് ഇത് നൂറ്ററുപത് ആശ്രമങ്ങൾ എന്ന നിലയിലേക്ക് വളർന്നിരുന്നു. അങ്ങനെ ബെർണാഡ് എന്ന ചെറുപ്പക്കാരനായ സന്യാസിയിലൂടെ യൂറോപ്യൻ സഭയെ വിശുദ്ധിയിൽ നവീകരിക്കുന്നതിന് ദൈവം ഇടവരുത്തി.

വലിയ ആശ്രമത്തിന്റെ അധിപൻ എന്ന നിലയിലുള്ള ദൗത്യങ്ങൾ അദ്ദേഹം നിർവഹിച്ചപ്പോഴും ആരോഗ്യപരമായ നിരവധി വെല്ലുവിളികളും അദ്ദേഹം നേരിട്ടു. ഭക്ഷണം ശരിയായി ദഹിക്കാൻ സാധിക്കാത്ത വിധത്തിലുള്ള ആരോഗ്യപ്രശ്നങ്ങൾ അദ്ദേഹത്തിന് ഉണ്ടായിരുന്നു. അതിനാൽ എപ്പോഴും ബ്രെഡ് മാത്രമാണ് അദ്ദേഹം കഴിച്ചിരുന്നത്. ഒരു വർഷത്തോളം ആശ്രമത്തിന്റെയടുത്തു ഒറ്റയ്ക്ക് താമസിക്കുകയും വിശ്രമിക്കുകയും ചെയ്തതായി അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. താൻ പരിശുദ്ധ അമ്മയുടെ മധ്യസ്ഥതയിൽ പ്രാർത്ഥിച്ച് രോഗസൗഖ്യം പ്രാപിച്ചു എന്ന് ബെർണാഡ് തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്.

**നൈറ്റ്സ് ടെംപ്ലാർ**

'ക്രിസ്തുവിന്റെയും സോളമന്റെ ദേവാലയത്തിലെയും പാവപ്പെട്ട പടയാളികൾ' എന്ന സംഘടനയുടെ സഹസ്ഥാപകനും അതിന്റെ നിയമങ്ങൾ എഴുതിയുണ്ടാക്കിയ വിശുദ്ധനുമാണ് ബെർണാഡ്. എ.ഡി. 1128-ൽ ഫ്രാൻസിലെ ത്രോയെസ് നഗരത്തിൽ ഹൊണോറിയസ് മാർപാപ്പ വിളിച്ചുകൂട്ടിയ കൗൺസിലാണ് അതിന്റെ സെക്രട്ടറിയായി പ്രവർത്തിച്ച ബെർണാഡിനെ ഈ ദൗത്യം ഏല്പിച്ചത്. ഫ്രാൻസിലെ സഭയെ സംബന്ധിക്കുന്ന ചില സുപ്രധാന തീരുമാനങ്ങൾ ഈ കൗൺസിലിൽ ഉണ്ടായി.

പാശ്ചാത്യസഭയിലെ പുകഴ്പ്പെട്ടതും സമ്പന്നവും ആയ ഒരു മിലിറ്ററി ഓർഡറായിരുന്നു ഇത്. എ.ഡി. 1119-ൽ ജറുസലേമിലെ ദേവാലയ മലയിൽ വച്ചാണ് ഇത് സ്ഥാപിച്ചത്. കത്തോലിക്കാ സഭയിലെ നിരവധി കാരുണ്യ പ്രവൃത്തികൾക്ക് നേതൃത്വം കൊടുത്ത ഈ സംഘടന കുരിശുയുദ്ധങ്ങളിലും സജീവമായി പങ്കെടുത്തിട്ടുണ്ട്. ഏങ്കിലും ഇതിലെ തൊണ്ണൂറു ശതമാനം അംഗങ്ങളും ആതുര ശുശ്രൂഷകളിലും മറ്റു കാരുണ്യ പ്രവർത്തങ്ങളിലും മാത്രമാണ് പങ്കാളികളായിരുന്നത്.

ജറുസലേമിലെ ഇന്നത്തെ അൽ-അക്സ മോസ്ക്ക് സ്ഥിതി ചെയ്യുന്ന സ്ഥലത്തു യഹൂദരാജാവായ സോളമന്റെ ദേവാലയം സ്ഥിതിചെയ്തിരുന്നിടത്തു വച്ചു സ്ഥാപിതമായതിനാലും ഇവരുടെ ആസ്ഥാനം ജറുസലേമിൽ ആയിരുന്നതിനാലുമാണ് 'ടെംപ്ലർ' എന്ന പേര് ഈ സംഘടനയ്ക്കുണ്ടായത്. രണ്ടു നൂറ്റാണ്ടോളം പാശ്ചാത്യ സഭയിൽ സജീവമായിരുന്ന ഈ സംഘടന പലവിധ കാരണങ്ങളാൽ പിന്നീട് അപ്രത്യക്ഷമായി. എന്നാൽ ഇതിന്റെ മാതൃകയിൽ കത്തോലിക്കാ സഭയിൽ നിരവധി സംഘടനകൾ ഉദയം ചെയ്യുകയും സഭയുടെ വിവിധ പ്രവർത്തനങ്ങളെ സഹായിക്കുകയും ചെയ്യുന്നുണ്ട്. (നൈറ്റ്സ് ഓഫ് മാൾട്ട, നൈറ്റ്സ് ഓഫ് കൊളംബസ് എന്നിവ ഈ മാതൃകയിൽ രൂപപ്പെട്ട സഭയിലെ സംഘടനകളാണ്).



**അബലാഡുമായുള്ള സംവാദം**

പീറ്റർ അബലാഡ് (1079-1142) എന്ന പ്രശസ്ത സ്കോളാസ്റ്റിക്ക് തത്വശാസ്ത്രജ്ഞൻ പരിശുദ്ധ ത്രിത്വത്തെക്കുറിച്ചു സഭയുടെ ആധികാരിക പ്രബോധനത്തിൽ നിന്നും വ്യത്യസ്തമായി പഠിപ്പിച്ചു. എ.ഡി. 1121-ൽ സഭ ഈ പ്രബോധനങ്ങളെ പാഷണ്ഡതയായി പ്രഖ്യാപിച്ചു. അതിന് ശേഷവും അദ്ദേഹം തന്റെ ആശയങ്ങളിൽ ഉറച്ചു നിന്നപ്പോൾ ബെർണാഡ് അദ്ദേഹത്തെ നേരിൽ കണ്ടു സംസാരിക്കുകയും തന്റെ ആശയങ്ങളിൽ കൃത്യത വരുത്താനും തെറ്റായവ തിരുത്താനും ആവശ്യപ്പെട്ടു. ഈ കൂടിക്കാഴ്ചയിൽ തെറ്റായ ആശയങ്ങളിൽ മാറ്റം വരുത്താൻ തയ്യാറാണെന്ന് അദ്ദേഹം ബെർണാഡിനെ അറിയിച്ചു. എന്നാൽ അധികം കഴിയുന്നതിനുമുമ്പ് അദ്ദേഹം തന്റെ പഴയ നിലപാട് വീണ്ടും ആവർത്തിച്ചു. ബെർണാഡ് ഈ അവസരത്തിൽ അദ്ദേഹത്തെ തള്ളിപ്പറയുകയും അബലാഡിന്റെ

www.malankaralibrary.com

തെറ്റായ പ്രബോധനത്തെക്കുറിച്ചു റോമിൽ അറിയിക്കുകയും ചെയ്തു.

അബലാഡിന്റെ ആശയങ്ങളെ ബെർണാഡ് എതിർത്തതിന്റെ പ്രധാന കാരണം ഇത് അദ്ദേഹത്തിന്റെ അനുയായികളെ മാത്രമല്ല സാധാരണ വിശ്വാസികളെയും വഴിതെറ്റിക്കുന്നതായിരുന്നു എന്നതിനാലാണ്. ഒരു പൊതുസംവാദത്തിനുള്ള വെല്ലുവിളിയാണ് അബലാഡ് ഇ അവസരത്തിൽ ബെർണാഡിന് നൽകിയത്. തന്റെ ഗുരു ചംപോയിലെ വില്യം ഉൾപ്പെടെയുള്ളവരെ സംവാദത്തിൽ പരാജയപ്പെടുത്തിയതിന്റെ ആത്മവിശ്വാസത്തിലായിരുന്നു അബലാഡ്. അതിബുദ്ധിമാനായ അദ്ദേഹം തർക്കശാസ്ത്രം ആഴത്തിൽ പഠിച്ചിരുന്ന പണ്ഡിതനുമായിരുന്നു. ഇക്കാര്യങ്ങൾ ബെർണാഡിലും വലിയ ആശങ്ക ഉളവാക്കിയിരുന്നുവെന്ന് അദ്ദേഹം ആർച്ചുബിഷപ്പിന് എഴുതിയ കത്തിൽ നിന്നും വ്യക്തമാണ്: "എല്ലാവരും അദ്ദേഹത്തിന്റെ മുൻപിൽ പരാജയപ്പെടുമ്പോൾ എന്തിനാണ് ഒറ്റക്കുള്ള സംവാദത്തിന് അദ്ദേഹം എന്നെ വെല്ലുവിളിക്കുന്നത്. ഇക്കാര്യത്തിൽ ഞാൻ ഒരു ശിശുവും അദ്ദേഹം യൗവനപ്രായം മുതൽ ഇത്തരം യുദ്ധത്തിൽ ഏർപ്പെടുന്നയാളുമാണ്."




സംവാദത്തിനുള്ള ക്ഷണം നിരസിക്കുന്നത് തോൽവി സമ്മതിക്കുന്നതിന് തുല്യമാകുമെന്നതിനാൽ ബെർണാഡ് സെൻസിലെ കത്തീഡ്രലിൽ വച്ച് നടക്കുന്ന സിനഡിൽ സംവാദം നടത്താമെന്ന് സമ്മതിച്ചു. രാജാവും, പ്രഭുക്കന്മാരും, ബിഷപ്പുമാരും, മറ്റനേകം ആളുകളും ഈ അസാധാരണ സംഭവത്തിന് സാക്ഷികളാകാൻ എത്തിയിരുന്നു. ബെർണാഡ് സംവാദത്തിൽ പരാജയപ്പെടാൻ പോകുന്നു എന്ന് മനസ്സിൽ ഉറപ്പിച്ചുകൊണ്ടാണ് അധികമാളുകളും ഇവിടെ എത്തിയത്. എന്നാൽ സംഭവിച്ചത് മറിച്ചായിരുന്നു. പരാജയം മണത്ത അബലാഡ് ഈ പ്രശ്നം റോമിൽ സമർപ്പിക്കാം എന്ന നിർദേശം വയ്ക്കുന്നു. എന്നാൽ ബെർണാഡ് വിസമ്മതിക്കുകയും അവിടെ നടന്ന സംവാദത്തിൽ അബലാഡിനെ പരാജയപ്പെടുത്തുകയും ചെയ്തു. ഇവിടെ ബെർണാഡിന്റെ വാദഗതികൾ അംഗീകരിക്കപ്പെടുകയും ഈ കൗൺസിലിന്റെ അന്തിമ തീരുമാനം റോം സ്ഥിരീകരിക്കുയും ചെയ്തു. എതിർപ്പൊന്നും കൂടാതെ അബലാഡ് ഈ തീരുമാനത്തിന് വിധേയപ്പെട്ടു ക്ലൂണി ആശ്രമത്തിൽ വാഴ്ത്തപ്പെട്ട പീറ്ററിന്റെ സംരക്ഷണയിൽ ശിഷ്ടകാലം പ്രാർത്ഥനയിൽ ചിലവഴിച്ചു.

**പ്രശ്നപരിഹാരകൻ**

സഭയുടെ താത്പര്യങ്ങൾ സംരക്ഷിക്കാൻ ബെർണാഡ് എന്നും മുൻപന്തിയിലായിരുന്നു. രാജാക്കന്മാരും പ്രഭുക്കന്മാരും സഭയുടെ ആഭ്യന്തര കാര്യങ്ങളിൽ കൈകടത്തുന്നതിനെ അദ്ദേഹം ശക്തമായി എതിർത്തിരുന്നു. എ.ഡി. 1130-ൽ ഹൊണോറിയോസ് മാർപാപ്പ കാലം ചെയ്തപ്പോൾ അദ്ദേഹത്തിന്റെ പിൻഗാമിയായി ഇന്നസെന്റ് രണ്ടാമൻ മാർപാപ്പ തിരഞ്ഞെടുക്കപ്പെട്ടു. ഈ സമയത്ത് അനാക്ളീറ്റസ് രണ്ടാമൻ എന്ന പേരിൽ കർദിനാൾ പിയെത്രോ പിയെർലെയോണി മാർപാപ്പ സ്ഥാനത്തിന് അവകാശവാദം ഉന്നയിച്ചു. ഫ്രാൻസിൽ അഭയം തേടിയ ഇന്നസെന്റ് മാർപാപ്പയുടെ കൂടെ ബെർണാഡും റോമിലേക്ക് സഞ്ചരിക്കുകയും ഈ പ്രശ്നമൊക്കെ പരിഹരിച്ചു ഇന്നസെന്റ് രണ്ടാമൻ മാർപാപ്പയെ അധികാരത്തിൽ തിരികെ പ്രതിഷ്ഠിക്കുകയും ചെയ്തു. കൂടാതെ ജർമ്മനി, ഫ്രാൻസ്, ഇറ്റലി തുടങ്ങിയ രാജ്യങ്ങളിലെ ഭരണാധികാരികളുടെ സഹായം ഇക്കാര്യത്തിൽ ഉറപ്പ് വരുത്തുകയും ചെയ്തു.

ക്ലെയർവോയിലെ ആശ്രമത്തിന് ഉൾകൊള്ളാൻ കഴിയുന്നതിലധികം സന്യാസിമാർ അവിടെ ഉണ്ടായിരുന്നു. തത്ഫലമായി ജർമ്മനി, സ്വീഡൻ, ഇംഗ്ലണ്ട്, അയർലണ്ട്, പോർച്ചുഗൽ, സ്വിറ്റ്സർലൻഡ്, ഇറ്റലി തുടങ്ങിയ രാജ്യങ്ങളിലേക്ക് ആശ്രമങ്ങൾ തുടങ്ങാനായി സന്യാസികളെ അയച്ചു. 1140 ഇന്നസെന്റ് രണ്ടാമൻ മാർപാപ്പ വി. പൗലോസിന്റെ രക്തസാക്ഷിത്വം നടന്ന സ്ഥലത്തു ഉണ്ടായിരുന്ന ആശ്രമം ക്ലയർവോയിലെ സിസ്റ്റർഷ്യൻ സന്യാസി

www.malankaralibrary.com



കളെ ഏല്പിച്ചു. ഈ ആശ്രമത്തിന്റെ അധിപനായിരുന്ന ബെർണാർഡോ പിഞ്ഞതെല്ലിയാണ് 1145-ൽ എവുജീൻ മൂന്നാമൻ എന്ന പേരിൽ മാർപാപ്പയായി തിരഞ്ഞെടുക്കപ്പെട്ടത്. അദ്ദേഹമാണ് സിറ്റേർഷ്യൻ സഭയിൽ നിന്നുള്ള ആദ്യത്തെ മാർപാപ്പ.

വാഴ്ത്തപ്പെട്ട എവുജീൻ മൂന്നാമൻ മാർപാപ്പയുടെ നിർദേശ പ്രകാരം സഭയെ നവീകരിക്കുന്നതിനള്ള ആശയങ്ങൾ ബെർണാഡ് അദ്ദേഹവുമായി പങ്കുവയ്ക്കുന്നു. അതിൽ ഏറ്റം പ്രധാനപ്പെട്ടത് 'പരിഗണനകളുടെ ഗ്രന്ഥം' (*Book of Considerations*) എന്നതാണ്. മാർപാപ്പയുടെ ജീവിത വിശുദ്ധിയിൽ നിന്നുമാണ് സഭയുടെ നവീകരണം തുടങ്ങേണ്ടത് എന്ന് ബെർണാഡ് ഇവിടെ പറയുന്നു. ഭൗതീകമായതെല്ലാം താത്ക്കാലികമാണെന്നും വിശുദ്ധിയും ഭക്തിയും ധ്യാനവും എല്ലാ പ്രവർത്തനങ്ങൾക്കും ആധാരമായിരിക്കണമെന്നും മാർപാപ്പയോട് ബെർണാഡ് ആവശ്യപ്പെടുന്നു.

**രണ്ടാം കുരിശുയുദ്ധം**

വിശുദ്ധ നാട്ടിൽ മുസ്ലിം ആധിപത്യമുണ്ടാവുകയും ക്രിസ്തീയ വിശ്വാസികൾ പീഡനം ഏൽക്കുകയും ചെയ്യുന്നുവെന്ന വാർത്ത വി. ബെർണാഡിനെ വളരെയധികം വേദനിപ്പിച്ചു. 1144 നവംബർ 28 മുതൽ ഡിസംബർ 24 വരെ നീണ്ടു നിന്ന പൗരസ്ത്യ ദേശത്തെ 'എഡേസ്സാ ഉപരോധം' വഴി ക്രിസ്തീയ വിശ്വാസികൾക്ക് തങ്ങളുടെ പ്രദേശങ്ങൾ തുർക്കികൾക്ക് അടിയറ വയ്ക്കേണ്ടി വന്നു. ഈ സമയത്ത് അർമേനിയൻ ബിഷപ്പുമാരും മാർപാപ്പയോടും യൂറോപ്പിലെ ക്രിസ്തീയ ഭരണാധികാരികളോടും സഹായം അഭ്യർത്ഥിച്ചുകൊണ്ട് പ്രതിനിധികളെ അയച്ചു. സിസ്റ്റേർഷ്യൻ സഭാംഗമായിരുന്ന യൂജിൻ മൂന്നാമൻ മാർപാപ്പ രണ്ടാം കുരിശുയുദ്ധത്തിന് ആഹ്വാനം ചെയ്തുകൊണ്ടുള്ള പ്രസംഗങ്ങൾ നടത്തുന്നതിന് ബെർണാഡിനെ ചുമതലപ്പെടുത്തി. ബെർണാഡ് ഈ ദൗത്യത്തിൽ നിന്നും തന്നെ ഒഴിവാക്കിത്തരണമെന്ന് പലപ്രാവശ്യം ആവശ്യപ്പെട്ടെങ്കിലും മാർപാപ്പ അത് സ്വീകരിച്ചില്ല. കൂടാതെ ആദ്യത്തെ കുരിശു യുദ്ധത്തിനുണ്ടായിരുന്ന ആവേശം രണ്ടാമത്തെ കുരിശുയുദ്ധം ആഹ്വാനം ചെയ്തപ്പോൾ കണ്ടില്ല. ഇതിന് മാറ്റം വരുന്നത് ബെർണാഡ് നേതൃനിരയിലേക്ക് വരുന്നതോടെയാണ്. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ ആളുകളെ ആവേശഭരിതരാക്കി. ഫ്രാൻസിലെ രാജാവ് ലൂയി ഏഴാമന്റെ സാന്നിധ്യത്തിൽ വേസലേ താഴ്വരയിൽ കൂടിയ വലിയൊരു പുരുഷാരത്തോട് അദ്ദേഹം നടത്തിയ പ്രസംഗം "ഒരു സ്വർഗ്ഗീയ നാദം പോലെ ആ പുൽമേട്ടിലുടനീളം മുഴങ്ങി'' എന്നാണ് രേഖപ്പെടുത്തപ്പെട്ടിട്ടുള്ളത്. കുരിശ് എടുത്തു പാപത്തിന് പരിഹാരം ചെയ്യാനും കൃപ നേടിയെടുക്കാനും അദ്ദേഹം ജനങ്ങളെ ആഹ്വാനം ചെയ്തു.

ബെർണാഡിന്റെ പ്രസംഗത്തിൽ ആവേശഭരിതരായി വിശുദ്ധനാടിനെ അവിശ്വാസികളിൽ നിന്നും വിമോചിപ്പിക്കുന്നതിനായി അനേകർ കുരിശും പേറി മുന്നോട്ട് വന്നു. ഒന്നാം കുരിശുയുദ്ധത്തിൽ നിന്നും വ്യത്യസ്തമായി അനേകം രാജാക്കന്മാരും പ്രഭുക്കന്മാരും ബിഷപ്പുമാരും ഈ ദൗത്യത്തിൽ

www.malankaralibrary.com

പങ്കാളികളായി. ബെർഡിനാഡിന്റെ പ്രസംഗങ്ങൾക്ക് ജർമ്മനിയിലും വലിയ സ്വീകാര്യത ഉണ്ടാക്കി. രാജാക്കന്മാരും പ്രഭുക്കന്മാരും ബെർണാഡിന്റെ കൈയ്യിൽ നിന്നുതന്നെ കുരിശു സ്വീകരിക്കാൻ മുന്നോട്ടുവന്നു. എന്നാൽ പ്രസംഗം നടത്തി തന്നെ ഏല്പിച്ച ദൗത്യം പൂർത്തിയാക്കി എന്ന ചാരിതാർത്ഥ്യത്തോടെ ബെർണാഡ് തന്റെ ആശ്രമ ജീവിതത്തിലേക്ക് തിരികെ പോയി.

രണ്ടാം കുരിശുയുദ്ധം പരാജയപ്പെടുകയാണുണ്ടായത്. ഇത് ബെർണാഡിനെ വളരെയധികം ദുഖിപ്പിച്ചു. വിശുദ്ധ നാട് വീണ്ടെടുക്കാൻ കുരിശുയുദ്ധക്കാർ പരാജയപ്പെട്ടത് അതിൽ പങ്കെടുത്തവർ തങ്ങളുടെ ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ചു അതിക്രമങ്ങൾ കാണിച്ചതിനാലാണെന്ന് മാർപാപ്പയ്ക്ക് എഴുതിയ കത്തിൽ ബെർണാഡ് പറയുന്നു. ഇതിനുവേണ്ടി പ്രസംഗിച്ചവൻ എന്ന നിലയിൽ അതിന്റെ ഉത്തരവാദിത്വം തനിക്കും ഉണ്ടെന്ന് അദ്ദേഹം ഏറ്റുപറഞ്ഞു. ഒരു പക്ഷെ അതിൽ പങ്കാളികാളായവർ തങ്ങളുടെ ലക്ഷ്യത്തിൽ നിന്നും വ്യതിചലിക്കാതെ മുന്നോട്ടു പോയിരുന്നെങ്കിൽ വിജയിക്കുമായിരുന്നു എന്ന് ബെർണാഡിനെപ്പോലെ മറ്റനേകരും ചിന്തിച്ചിരുന്നു.

**മരിയഭക്തൻ**

സഭയിലെ അറിയപ്പെടുന്ന മരിയഭക്തരുടെ ഗണത്തിൽ ഉൾപ്പെട്ടിരിക്കുന്ന വിശുദ്ധനാണ് ബെർണാഡ്. പ്രശസ്ത ഇറ്റാലിയൻ കവി തന്റെ 'ഡിവൈൻ കോമഡി' എന്ന കൃതിയിൽ ബെർണാഡിനെ അദ്ദേഹത്തിന്റെ മരിയ ഭക്തി അടിസ്ഥാനമാക്കി സ്വർഗ്ഗത്തിൽ പ്രതിഷ്ഠിച്ചുകൊണ്ട് 'മറിയത്തിന്റെ വിശ്വസ്ത സുഹൃത്ത്' എന്നാണ് വിളിച്ചിരിക്കുന്നത്. പല മരിയൻ പ്രബോധനങ്ങളും സഭ ഔദ്യോഗികമായി പഠിപ്പിക്കുന്നതിന് മുൻപ് തന്നെ ബെർണാഡ് മനസ്സിലാക്കിയിരുന്നു എന്ന് അദ്ദേഹത്തിന്റെ എഴുത്തുകളിൽ നിന്നും പ്രസംഗങ്ങളിൽ നിന്നും മനസ്സിലാക്കാൻ സാധിക്കും. 'എല്ലാ കൃപയുടെയും മധ്യസ്ഥ' എന്ന അഭിധാനത്തോടെ അദ്ദേഹം പരിശുദ്ധ അമ്മയെ വിളിച്ചിരുന്നത്.

'കടലിന്റെ രാഞ്ജി' എന്ന ശീർഷകത്തിൽ ബെർണാഡ് നടത്തിയ ഒരു മരിയൻ പ്രസംഗത്തെക്കുറിച്ചു പിയൂസ് മാർപാപ്പ തന്റെ 'ഡോക്ടർ മെല്ലിഫ്ലൂസ് എന്ന ചാക്രികലേഖനത്തിൽ പറയുന്നു. മറിയത്തെക്കുറിച്ചു ബെർണാഡ് പറഞ്ഞിരിക്കുന്നതിൽ അധികമായി ഒന്നും പറയാനില്ല എന്നാണ് മാർപാപ്പ ഇവിടെ പറയുന്നത്. കൂടാതെ മാതാവിന്റെ പുണ്യങ്ങൾ അനുകരിച്ചു ജീവിതത്തിന്റെ എല്ലാ അവസ്ഥയിലും ജീവിക്കാനും മാർപാപ്പ വിശ്വാസികളെ ആഹ്വാനം ചെയ്യുന്നു.

''പ്രലോഭനത്തിന്റെ സമുദ്രം നിന്റെമേൽ നിപതിക്കുമ്പോൾ, അനർത്ഥങ്ങളുടെ പാറയിങ്കലേക്ക് നീ ആനയിക്കപ്പെടുമ്പോൾ, മരിയയെന്ന നക്ഷത്രത്തെ നോക്കുക. അഹങ്കാരത്താലോ, സ്ഥാനമോഹത്താലോ, വിദ്വേഷത്താലോ, അസൂയയാലോ നയിക്കപ്പെടുമ്പോൾ മറിയത്തെ വിളിക്കുക. ദേഷ്യമോ, ദുരാഗ്രഹമോ, ശരീരത്തിന്റെ പ്രലോഭനമോ നിന്റെ ബലഹീന ആത്മാവിനെ ആക്രമിക്കുമ്പോൾ മറിയത്തെ വിളിക്കുക. നിന്റെ പാപത്തിന്റെ നിന്ദ്യതയാൽ ക്ലേശിക്കുമ്പോൾ, നിന്റെ മനസാക്ഷിയുടെ മലിനതയാൽദുരിതത്തിലാവുമ്പോൾ, വരാനിരിക്കുന്ന ഭയാനക ന്യായവിധിയോർത്ത് സംഭ്രമിക്കുമ്പോൾ, ദുഖത്തിന്റെയും നിരാശയുടെയുടെയും ആഴക്കടലിന്റെ അടിത്തട്ടിലേക്ക് നീ നിപതിക്കുമ്പോൾ മറിയത്തിന്റെ മാധ്യസ്ഥം അപേക്ഷിക്കുക. അപകടത്തിൽ, സന്ദേഹത്തിൽ, പ്രയാസത്തിൽ മറിയത്തെ വിളിക്കുക. അവളുടെ നാമം നിന്റെ നാവിൽ നിന്നും ഹൃദയത്തിൽ നിന്നും അപ്രത്യക്ഷമാകാതിരിക്കട്ടെ'' (*Hom. II super "Missus est"*, 17; Migne, P. L., CLXXXIII, 70-b, c, d, 71-a. Quoted in *Doctor Mellifluus* §31).

**മരണം, വിശുദ്ധൻ, വേദപാരംഗതൻ**

തന്റെ സമകാലീനരായ പലരും അവരുടെ സ്വർഗ്ഗസമ്മാനത്തിനായി പോയപ്പോൾ തനിക്കും ഈ



www.malankaralibrary.com

ലോകത്തിലെ ദൗത്യം പൂർത്തിയാക്കാനുള്ള സമയമായി എന്ന് ബെർണാർഡിനു മനസ്സിലായി. തന്റെ സുഹൃത്തും ചിത്രകാരനുമായ ആബട്ട് സുഗർ (1081–1151) മരിച്ചപ്പോൾ ബെർണാഡ് എവുജീൻ മൂന്നാമൻ മാർപാപ്പയ്ക്ക് ഇപ്രകാരം എഴുതി. "ഇന്ന് രാജാക്കന്മാരുടെ രാജാവിന്റെ കൊട്ടാരത്തെ അലങ്കരിക്കുന്ന അമൂല്യമായ ഒരു പൂത്താലമുണ്ടെങ്കിൽ അത് ധന്യനായ സുഗറിന്റെ ആത്മാവാണ്". എന്നിരുന്നാലും മരിക്കുന്ന നിമിഷം വരെയും കർമ്മോദ്യുക്തനായ ഒരു വിശുദ്ധനായിരുന്നു ബെർണാഡ്. എല്ലാ ദിവസവും ആളുകൾ താങ്ങിയെടുത്താണ് അദ്ദേഹത്തെ വി. ബലിയർപ്പിക്കുന്ന ആശ്രമ ദേവാലയത്തിലെത്തിച്ചിരുന്നത്.

വി. ബെർണാഡ് മരണാസന്നനായി കിടക്കുന്നു എന്ന വാർത്ത അറിഞ്ഞപ്പോൾ ത്രെവസിലെ ആർച്ച് ബിഷപ്പ് അദ്ദേഹത്തെ കാണാനെത്തി. അദ്ദേഹം ഫ്രാൻസിലെ മെറ്റ്സ് നഗരത്തിൽ ആഭ്യന്തര യുദ്ധം നടക്കുന്നുവെന്നും രണ്ടായിരത്തോളം ആളുകൾ കൊല്ലപ്പെട്ടുവെന്നും ബെർണാഡിനെ അറിയിച്ചു. ഈ സമയത്ത് തന്റെ ശാരീരിക ക്ഷീണത്തെ അവഗണിച്ചുകൊണ്ട് ആത്മീയ ശക്തിയാൽ അദ്ദേഹം ഈ നഗരത്തിലേക്ക് യാത്രചെയ്തു. എന്നാൽ ജനങ്ങളെ അടിച്ചമർത്തി ഭരിച്ചിരുന്ന പ്രഭുക്കന്മാർ ബെർണാഡിന്റെ അഭ്യർത്ഥനയ്ക്ക് വഴങ്ങാൻ തയ്യാറായില്ല. ഈ സമയത്ത് ബെർണാഡിന്റെ സമീപത്തെത്തി തളർവാദം ബാധിച്ച ഒരു സ്ത്രീ അദ്ദേഹത്തിന്റെ പ്രാർത്ഥനയാൽ സൗഖ്യം പ്രാപിക്കുന്നത് അവർ കാണാനിടയാവുകയും തദനന്തരം അവർ അക്രമം ഉപേക്ഷിച്ചു സമാധാന മാർഗ്ഗത്തിലേക്ക് വരികയും ചെയ്തു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. അദ്ദേഹത്തിന്റെ ശരീരംബലഹീനമായിരുന്നുവെങ്കിലും ആത്മാവ് ശക്തമായിരുന്നു.

തന്റെ നാല്പത് വർഷത്തെ ശ്രേഷ്ഠമായ ആശ്രമജീവിതത്തിന്റെ അന്ത്യത്തിൽ 1153 ഓഗസ്റ്റ് 20-ന് ക്ലയർവോയിലെ വി. ബെർണാഡ് തന്റെ സ്വർഗ്ഗീയ ഭവനത്തിലേക്ക് യാത്രയായി. അദ്ദേഹത്തെ ക്ലയർവോയിലെ ആശ്രമത്തിലാണ് അടക്കിയത്. എന്നാൽ 1792-ൽ ഫ്രാൻസിലെ വിപ്ലവകാരികൾ ഈ ആശ്രമം അടച്ചുപൂട്ടിയപ്പോൾ അദ്ദേഹത്തിന്റെ തിരുശേഷിപ്പുകൾ ത്രോയസ് നഗരത്തിലെ കത്തീഡ്രലിലേക്ക് മാറ്റി സ്ഥാപിച്ചു. അലക്സാണ്ടർ മൂന്നാമൻ മാർപാപ്പ വി. ബെർണാഡ് അന്തരിച്ചു ഇരുപത്തൊന്നു വർഷമായപ്പോൾ അദ്ദേഹത്തെ വിശുദ്ധരുടെ ഗണത്തിലേക്ക് ഉയർത്തി. 1830-ൽ പിയൂസ് എട്ടാമൻ മാർപാപ്പ അദ്ദേഹത്തെ സഭയിലെ വേദപാരംഗതനായി പ്രഖ്യാപിച്ചു.

**ദൈവശാസ്ത്ര സംഭാവനകൾ**

വി. ബെർണാഡിന്റെ മരണത്തിന്റെ എണ്ണൂറാം വാർഷികം ആഘോഷിച്ച വേളയിൽ പിയൂസ് പന്ത്രണ്ടാമൻ മാർപാപ്പ 1953-ൽ 'മധുധാരിയായ വേദപാരംഗതൻ' (*Doctor Mellifluus*) എന്ന പേരിൽ ഒരു ചാക്രിക ലേഖനം പ്രസിദ്ധീകരിച്ചു. 'സഭാപിതാക്കന്മാരിൽ അവസാനത്തെ ആൾ' എന്നാണ് മാർപാപ്പ ഇതിൽ അദ്ദേഹത്തെ വിശേഷിപ്പിച്ചിരിക്കുന്നത്. ബെർണാഡിന്റെ ആശ്രമജീവിതത്തെക്കുറിച്ചു മാർപാപ്പ എഴുതുന്നു: "ദൈവസ്നേഹം പലരുടെയും ഹൃദയങ്ങളിൽ ഇന്ന് മന്ദീഭവിക്കുകയോ പൂർണ്ണമായും അപ്രത്യക്ഷമാവുകയോ ചെയ്യുമ്പോൾ 'മധുധാരിയായ വേദപാരംഗത'ന്റെ രചനകളെ ആഴത്തിൽ ധ്യാനിക്കേണ്ടിയിരിക്കുന്നു. അദ്ദേഹത്തിന്റെ കൃതികളുടെ ഉള്ളടക്കം സുവിശേഷത്തിൽ അധിഷ്ഠിതവും, നവീന സ്വർഗ്ഗീയ ശക്തി വ്യക്തികളിലേക്കും സാമൂഹിക ജീവിതത്തിലേക്കും പകർന്നുകൊണ്ട്, ധാർമ്മിക മാർഗ്ഗനിർദ്ദേശവും, ക്രിസ്തീയ പ്രമാണങ്ങൾക്ക് അനുസൃതവുമായി മനുഷ്യകുലത്തെബാധിച്ചിരിക്കുന്ന പല രോഗങ്ങൾക്കും പ്രതിവിധിയായി വർത്തിക്കുന്നതുമാണ്." (*Doctor Mellifluus* 14). നിരവധി ഗ്രന്ഥങ്ങളും, ഉപദേശങ്ങളും, പ്രസംഗങ്ങളും ഉൾകൊള്ളുന്ന വൈവിധ്യമാർന്ന രചനകൾ വി. ബെർണാഡിന്റേതായി നമുക്ക് ലഭ്യമായിട്ടുണ്ട്. ചിട്ടയോടുകൂടിയ ഒരു രചനാ രീതിയൊന്നുമായിരുന്നില്ല അദ്ദേഹത്തിന്റേത്. ഓരോ സാഹചര്യത്തിന്റെ അനിവാര്യത അനുസരിച്ചു എഴുതിയ ഗ്രന്ഥങ്ങളും ലേഖനങ്ങളുമാണ് എല്ലാം.

'പരിഗണനകളുടെ ഗ്രന്ഥം' (*De Consideratione*) എന്ന ഗ്രന്ഥം എവുജിൻ മാർപാപ്പയുടെ നിർദ്ദേശാനുസരണം അദ്ദേഹത്തിന് നൽകിയ ഉപദേശങ്ങളുടെ സമാഹാരമാണ്. പിന്നീട് വന്ന പല മാർപാപ്പമാരും ഇത് വായിക്കാനും ഇതിലെ നിർദേശങ്ങൾ തങ്ങളുടെ ജീവിതത്തിൽ പ്രയോഗികമാക്കാനും ശ്രദ്ധിച്ചിരുന്നു. വി. പീയൂസ് അഞ്ചാമൻ മാർപാപ്പ താൻ ഭക്ഷണം കഴിക്കുന്ന സമയത്ത് ഇതിലെ ഒരു ഭാഗം എല്ലാ ദിവസവും വായിച്ചു കേട്ടിരുന്നു. വി. ഇഗ്നേഷ്യസ് ലയോളയെ തന്റെ പ്രസിദ്ധമായ 'ആത്മീയ അഭ്യാസങ്ങൾ' (Spiritual Exercises) രൂപപ്പെടുത്തുന്നതിൽ ഈ ഗ്രന്ഥം സഹായിച്ചിട്ടുണ്ട്.

ഈ ഗ്രന്ഥത്തിൽ വി. ബെർണാഡ് മാർപാപ്പയെ ഇപ്രകാരം ഉപദേശിക്കുന്നു: "ക്ഷണികമായ ആദരവുകളിൽ നിന്നും അകന്നു നിൽക്കുക, ഊതിവീർപ്പിച്ച ആഡംബരത്തിന്റെ തിളക്കത്തെ അവജ്ഞയോടെ തള്ളിക്കളയുക, അമ്മയുടെ ഉദരത്തിൽ നിന്നു ഉത്ഭവിച്ചപ്പോൾ നീ ഒന്നുമില്ലാത്തവനായിരുന്നുവെന്ന് ഓർത്തുകൊള്ളുക! ഇന്ന് നീ മുദ്രകളാൽ അലങ്കരിക്കപ്പെട്ടവനും ആഭരണങ്ങളാൽ തിളങ്ങുന്നവനും പട്ടുതുണിയിൽ പ്രകാശിക്കുന്നവനും തൂവൽക്കിരീടമണിഞ്ഞവനും സ്വർണ്ണവും വെള്ളിയും കൊണ്ട് ആവരണം ചെയ്യപ്പെട്ടവനുമായോ? വളരെ

www.malankaralibrary.com

വേഗത്തിൽ കടന്നുപോകുകയും പുലർക്കാലത്തെ മൂടൽമഞ്ഞ് പോലെ അപ്രത്യക്ഷമാവുകയും ചെയ്യുന്ന ഇക്കാര്യങ്ങളെക്കുറിച്ചു നീ ധ്യാനിക്കുക'' (*De Consideratione*, 9).

'ദൈവസ്നേഹത്തെക്കുറിച്ചു' എന്ന ഗ്രന്ഥത്തിൽ സ്നേഹത്തിന്റെ വിവിധ വശങ്ങളെക്കുറിച്ചു വി. ബെർണാഡ് പറയുന്നു. ഒന്നാമതായി 'എന്തുകൊണ്ടാണ് ദൈവത്തെ സ്നേഹിക്കണമെന്ന് പറയുന്നത്?' അദ്ദേഹത്തിന്റെ ഉത്തരം - ദൈവത്തെ സ്നേഹിക്കുന്നതിന്റെ കാരണം ദൈവം തന്നെയാണ്. മറ്റാരെയും ഇതിനേക്കാൾ കൂടുതലായി സ്നേഹിക്കാൻ നമുക്ക് സാധിക്കില്ല. മറ്റാരും ഇതിനേക്കാൾ കൂടുതൽ സ്നേഹം അർഹിക്കുന്നുമില്ല. രണ്ടാമതായി നമ്മെപ്രതി, നമ്മെത്തന്നെ സ്നേഹിക്കുക. സ്നേഹം ഒരു സ്വാഭാവിക മാനുഷിക വികാരമാണ്. എന്നാൽ ഇത് ദൈവത്തിൽ നിന്നും ഉത്ഭവിക്കുന്നതാണ്. ഏറ്റവും വലിയ കല്പന തന്നെ 'നീ നിന്റെ ദൈവമായ കർത്താവിനെ സ്നേഹിക്കുക' എന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് സ്വസ്നേഹവും പരസ്നേഹവും രൂപപ്പെടേണ്ടത്. മൂന്നാമതായി നമ്മളോടുള്ള സ്നേഹത്തെപ്രതി ദൈവത്തെ സ്നേഹിക്കുക എന്നതാണ്. ദൈവം നമുക്കോരോരുത്തർക്കും നൽകുന്ന നന്മകളെപ്രതി അവിടുത്തെ സ്നേഹിക്കണം. ദൈവത്തെക്കൂടാതെ നമുക്ക് ഒന്നും ചെയ്യാൻ കഴിയില്ല എന്ന് നാം തിരിച്ചറിയണം. നാലാമതായി ദൈവത്തെപ്രതി ദൈവത്തെ സ്നേഹിക്കുക. നമ്മുടെ അപേക്ഷകളും പ്രാർത്ഥനയുമായി നിരന്തരം നാം ദൈവത്തെ സമീപിക്കണം. ദൈവകൃപയുടെ മാധുര്യം നാം തിരിച്ചറിയുന്നത് പ്രാർത്ഥനകളിലൂടെയാണ്. അഞ്ചാമതായി, ദൈവത്തെപ്രതി നമ്മെ സ്നേഹിക്കുക എന്നതാണ്. നമ്മുടെ മാനുഷിക ജീവിത അവസ്ഥ വേദന നിറഞ്ഞതാണ്. എന്നാൽ ദൈവത്തിൽ ഒരുമനസ്സായി നമുക്ക് മാറാൻ സാധിച്ചാൽ നാം 'അവിടുത്തെ ഹിതം എന്നിൽ നിറവേറണം' എന്ന് പ്രാർത്ഥിക്കും. വീഞ്ഞിൽ വീഴുന്ന ഒരുതുള്ളി വെള്ളം പോലെയാകും നമ്മുടെ ആത്മാവിന്റെ അവസ്ഥ. ദൈവവുമായി നാം ഒന്നായിത്തീരും.

**ഉപസംഹാരം**

ഇന്ന് സഭയിൽ നിലനിൽക്കുന്ന പല ഭക്താഭ്യാസങ്ങളും വി. ബെർണാഡ് തുടങ്ങിയതോ പ്രചാരം നല്കിയതോ ആണ്. അവയിൽ ചിലത് - തിരുഹൃദയഭക്തി, കർത്താവിന്റെ പരിശുദ്ധ നാമത്തോടുള്ള ഭക്തി, മാതാവിന്റെയും യൗസേപ്പിതാവിന്റെയും നാമത്തിലുള്ള പ്രാർത്ഥനകൾ, കാവൽ മാലാഖമാരോടുള്ള പ്രാർത്ഥന, എന്നിവയാണ്. തെറ്റു ചെയ്തവരുടെയും ദൈവത്തിൽ നിന്ന് അകന്നു പോയവരുടെയും ആത്മരക്ഷയിൽ വി. ബെർണാഡിന് പ്രത്യേക താത്പര്യം ഉണ്ടായിരുന്നു. ഒരിക്കൽ തൂക്കികൊല്ലാൻ വിധിച്ച ഒരു കൊടുംകുറ്റവാളിയെ വി. ബെർണാഡ് രക്ഷിച്ചു. വിധിപ്രസ്താവിച്ച പ്രഭുവിന്റെ അരികിൽ അദ്ദേഹം ചെന്ന് ഇവനെ തനിക്ക് വിട്ടുതരിക, ഞാൻ എന്റെ കൈകൊണ്ട് ഇവനെ മരണശിക്ഷക്ക് വിധേയമാക്കാം എന്ന് അറിയിച്ചു. അങ്ങനെ അവനെ തന്റെ ആശ്രമത്തിൽ കൂട്ടികൊണ്ട് വരികയും അവൻ തന്റെ തെറ്റുകളെക്കുറിച്ചു പശ്ചാത്തപിച്ചു, പ്രായശ്ചിത്തം അനുഷ്ഠിച്ചു ഒരു സന്യാസിയായി മുപ്പതുവർഷം ജീവിക്കുകയും ആത്മരക്ഷ പ്രാപിക്കുകയും ചെയ്തു എന്ന് പറയപ്പെടുന്നു. ഈ തീക്ഷ്ണമതിയായ സന്യാസിയുടെ ചൈതന്യത്തിന്റെ ഒരംശമെങ്കിലും നമ്മിലേക്കും സന്നിവേശിപ്പിക്കണമേ എന്ന് ദൈവത്തോട് നമുക്കും പ്രാർത്ഥിക്കാം.

നാം എപ്പോഴും ചൊല്ലാറുള്ള 'എത്രയും ദയയുള്ള മാതാവേ' എന്ന പ്രാർത്ഥന രൂപപ്പെടുത്തി നമുക്ക് തന്നിരിക്കുന്നത് ക്ലർവോയിലെ വി. ബെർണാഡാണ്. വി. ബെർണാഡിന് നന്ദി പറഞ്ഞുകൊണ്ട് ഈ പ്രാർത്ഥന ഒരിക്കൽ കൂടി നമുക്ക് ചൊല്ലാം.

എത്രയും ദയയുള്ള മാതാവേ നിന്റെ സങ്കേതത്തിൽ ഓടിവന്ന് നിന്റെ സഹായം തേടി നിന്റെ മാദ്ധ്യസ്ഥം അപേക്ഷിച്ചവരിൽ ഒരുവനയെങ്കിലും നീ ഉപേക്ഷിച്ചതായി കേട്ടിട്ടില്ല എന്ന് നീ ഓർക്കണമെ. കന്യകകളുടെ രാജ്ഞിയായ കന്യകേ, ദയയുള്ള മാതാവേ, ഈ വിശ്വാസത്തിൽ ധൈര്യപ്പെട്ടു നിന്റെ തൃപ്പാദത്തിങ്കൽ ഞാൻ അണയുന്നു. വിലപിച്ചു കണ്ണുനീർ ചിന്തി പാപിയായ ഞാൻ നിന്റെ ദയാധിക്യത്തെ കാത്തു കൊണ്ട് നിന്റെ സന്നിധിയിൽ നിൽക്കുന്നു. അവതരിച്ച വചനത്തിൻ മാതാവേ എന്റെ അപേക്ഷ ഉപേക്ഷിക്കാതെ ദയാപൂർവ്വം കേട്ടരുളേണമെ. ആമ്മേൻ.



www.malankaralibrary.com





# ശ്റോഗോ ദ് ഉറ്ഹോ (വഴിവിളക്ക്)

റവ. ഡോ. തോമസ് പ്രമോദ് ഒ.ഐ.സി.

### വി. കുരിശിന്റെ ദൈവശാസ്ത്രം

സുറിയാനി സഭയുടെ പ്രതീകാത്മക ദൈവശാസ്ത്രം, വേദഗ്രന്ഥാധിഷ്ഠിതമായതിനാൽ അത് ദൃഷ്ടാന്തപരമാണ്. രക്ഷകര ചരിത്രത്തിലെ ഒരോ സംഭവവുമായി അത് പാരസ്പര്യതയിലായിരിക്കുന്നു. പുതിയ നിയമ യാഥാർത്ഥ്യങ്ങളെ പഴയ നിയമ സംഭവങ്ങളുടെ വെളിച്ചത്തിൽ പ്രതീകാത്മകമായി വ്യാഖ്യാനിക്കുകയാണിവിടെ. ഭൂതകാല സംഭവങ്ങളെ പുതിയ നിയമത്തിന്റെ ബാഹ്യരൂപങ്ങളായി (anti types) അവതരിപ്പിക്കുന്നു. സുറിയാനി പാരമ്പര്യത്തിൽ കേന്ദ്രസ്ഥാനം നല്കുന്ന പ്രതീകമാണ് വി.കുരിശ്. തീർത്ഥാടകപാതയിൽ വി.സഭ, രക്ഷയുടെ മഹാരഹസ്യത്തെയാണ് വി.സ്ലീബായിലൂടെ ഓർമ്മിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നത്. ക്രിസ്തുവിന്റെ മരണത്തിന്റെ രഹസ്യവും, മനുഷ്യാവതാരത്തിന്റെ മുഴുവൻ യാഥാർത്ഥ്യവും അത് അനാവൃതമാക്കുന്നു.

### വി. കുരിശും മനുഷ്യാവതാരവും

ഗോൽഗോഥായിലെ പീഡാസഹനങ്ങളുടെ പശ്ചാത്തലത്തിൽ കുരിശിനെ അവതരിപ്പിക്കുമ്പോൾ, ക്രിസ്തുവിന്റെ മരണത്തിന്റെ ചരിത്രാത്മകതയാണ് ദർശിക്കുന്നത്. സുറിയാനി സഭാപിതാവായ മാബൂഗിലെ പീലക്സ്സിനോസ് പറയുന്നത്, മരണമെന്ന ക്രിസ്തുസംഭവം, രണ്ട് കാര്യങ്ങൾ വ്യക്തമാക്കുന്നു എന്നാണ്: അത് മരണവും മനുഷ്യാവതാരവുമാണ്. ക്രൂശിലേറ്റപ്പെടുവാൻ ശരീരം അനിവാര്യമാണല്ലോ. ജനനവും മരണവും തമ്മിൽ ഒരു പാരസ്പര്യത നിറഞ്ഞ് നില്ക്കുന്നു. അപ്രകാരം കുരിശിന്റെ രഹസ്യാത്മകത, മനുഷ്യാവതാര ദൈവശാസ്ത്രത്തിന്റെ അഭിവാജ്യതയാണ് വ്യക്തമാക്കുന്നത്. സഭയുടെ മഹത്വീകരണത്തിന്റെ അടിസ്ഥാന ഭാവവും ഈ കുരിശിലാണ് അന്തർലീനമായിരിക്കുന്നത്. കുരിശ്, മരണത്തിനപ്പുറത്തേക്കുള്ള ഒരു ദർശനം നല്കുന്നു; അതായത് പുനരുത്ഥാനത്തിന്റെ രഹസ്യവും അത് ഉൾക്കൊള്ളുന്നു. വി. അപ്രേം സാക്ഷ്യപ്പെടുത്തുന്ന പ്രകാരം, കുരിശിലും ക്രിസ്തു എഴുന്നേറ്റു നിൽക്കുകയായിരുന്നു ; കാരണം തന്റെ മരണത്തിലൂടെ മരിക്കുന്നവരെല്ലാം എഴുന്നേൽക്കണം . പുനരുദ്ധാനത്തെ പ്രതിപാദിക്കുമ്പോൾ സുറിയാനി പിതാക്കന്മാർ കുരിശിന്റെ ദൈവശാസ്ത്രത്തിന് അധിക പ്രാധാന്യം നല്കുന്നത് ഇത്തരണത്തിൽ ചിന്തനീയമാകുന്നു. ക്രിസ്തു, കുരിശിനാൽ തന്നെ പുനരുദ്ധാനവും മനുഷ്യജാതിക്ക് നല്കിയിരിക്കുന്നു.

### ജീവദായകമായ വി. കുരിശ്

മൗലികമായി, കുരിശിന്റെ രഹസ്യം സഭയുടെ ജീവനത്തിന്റെ അടിസ്ഥാനമാണ്. മനുഷ്യകുലത്തിന്റെ വീണ്ടെടുപ്പിന് കുരിശ് കാരണമായി. മാബൂഗിലെ പീല

www.malankaralibrary.com

ക്സ്സിനോസ്  അഭിപ്രായപ്പെടുന്നപ്രകാരം, ക്രിസ്തു തന്റെ കുരിശിനാലുള്ള മരണത്താലാണ്, മരണത്തെ തോല്പ്പിച്ചത്. വി. ത്രിത്വത്തിന്റെ മഹാ രഹസ്യത്തെ വി.കുരിശ് വ്യക്തമാക്കുന്നത്, നിത്യജീവൻ തന്നെയാണ്. വി.ത്രിത്വത്തിന്റെ നാമം ഉച്ചരിക്കുമ്പോൾ ജനം കുരിശ്വരയ്ക്കുന്നത് ഇത്തരണത്തിൽ ഓർക്കുക. നിത്യജീവൻ പ്രദാനം ചെയ്യുന്ന കൗദാശിക അടയാളം കൂടിയാണ് കുരിശ്. വി.ത്രിത്വനാമത്തിൽ മാമ്മോദീസാ സ്വീകരിക്കുമ്പോൾ, ഒരുവൻ കൂദാശ ചെയ്യപ്പെടുന്നത് കുരിശിന്റെ അടയാളത്താലാണ്. പ്രസ്തുത അടയാളത്തിന് ജീവദായകമായ പ്രാമുഖ്യം ശ്ലൈഹിക പാരമ്പര്യം ഉറപ്പുവരുത്തുന്നുണ്ട്.  പുതുജീവിതത്തിലേക്കുള്ള തീർത്ഥയാത്രയാണ് കുരിശ് പ്രദാനം ചെയ്യുന്നത്.  മരിച്ചവരുടെ മേലുള്ള കുരിശടയാളത്തിന്റെ മുദ്രയിടൽ പുതുജീവനിലേക്കുള്ള അടയാളമാണെന്ന് വി. അപ്രേം സാക്ഷ്യപ്പെടുത്തുന്നു. കുരിശാകൃതിയിൽ മൃതശരീരത്തിൻമേൽ ഒഴിക്കുന്ന തൈലവും പ്രസ്തുത ആശയത്തെ ദൃഡീകരിക്കുന്നു. കുരിശ് അതിന്റെ ചിറകുകൾ വിരിക്കുകയും ഒരു വാഹനമായി വിശ്വാസികളെ വഹിക്കുകയും ചെയ്യുന്നു. സിറിയായിലെ കവി, മറ്റൊരു വേളയിൽ പറഞ്ഞിരിക്കുന്നത് ജീവന്റെ ദേശത്തേക്ക് കടന്ന് പോകുവാൻ ശീയോളിന് മീതെ ഒരു പാലമായി വിദഗ്ദ്ധ മരപ്പണിക്കാരന്റെ മകൻ  കുരിശിനെ സ്ഥാപിച്ചുവെന്നാണ്.

**പറുദീസായുടെ വാതിൽ തുറക്കുന്ന വി. കുരിശ്**

ക്രിസ്തു കുരിശിൽ കിടന്നുകൊണ്ട് നല്ലകള്ളന് തുറന്നുകൊടുത്തത്  പറുദീസായുടെ വാതിലായിരുന്നു.  ആദാമ്യവർഗ്ഗത്തിന് നിഷേധിക്കപ്പെട്ട പറുദീസായുടെ പുന:പ്രവേശനമാണിവിടെ സാധ്യമായിരിക്കുന്നത്. വി. അപ്രേം, പറുദീസായുടെ  താക്കോലായും  ഇതിനെ അവതരിപ്പിക്കുന്നു.  പറുദീസായുടെ രഹസ്യാത്മകമായ ജ്ഞാനം കുരിശ് പ്രദാനം ചെയ്യുന്നു.  അത് ക്രിസ്തുവിന്റെ ന്യായപ്രമാണമാർഗ്ഗമായി ചിത്രീകരിക്കുന്നു.   ആറാം ദിവസത്തെക്കുറിച്ചുള്ള  അവതരണത്തിൽ പിതാക്കന്മാർ, വിശിഷ്യ സാറുഗിലെ വി.യാക്കോബ്, ആദാമിന്റെ സൃഷ്ടി, പറുദീസായിൽ നിന്നുള്ള ബഹിഷ്ക്കരണം, ക്രിസ്തുവിന്റെ കുരിശുമരണം, എന്നിവ പ്രത്യേക ധ്യാനവിഷയങ്ങളാക്കുന്നു.  ആറാം ദിവസമായ വെള്ളിയാഴ്ച്ച, ക്രിസ്തു തന്റെ കുരിശിനാൽ ഒരു പുന:സൃഷ്ടീകരണവും നവീകരണവും ആദാമ്യവർഗ്ഗത്തിന് നല്കിയിരിക്കുന്നു.  പറുദീസായെക്കുറിച്ചുള്ള പ്രത്യേക സുറിയാനി അവതരണശൈലിയായ  മണവറ , കുരിശിനാൽ ക്രിസ്തു സജ്ജീകൃതമാക്കിയിരിക്കുന്നു. ക്രിസ്തുവിനോടൊപ്പമുള്ള ഐക്യം വി.കുരിശിനാൽ പ്രാപ്യമായിരിക്കുന്നു.  പറുദീസായുടെ കുന്തമായി , കുരിശിനെ ദൃഷ്ടാന്തീകരിച്ചിരിക്കുന്നു.  ബഹിഷ്കരണത്തിന് ശേഷം കെട്ടിയടക്കപ്പെട്ട പറുദീസായ്ക്ക് ക്രോബേ മാലാഖയുടെ കുന്തത്താൽ സംരക്ഷണം നല്കിയെന്നും, കുരിശ്മരണത്താൽ, ക്രിസ്തു, പ്രസ്തുത സ്ഥാനത്ത്, വി.കുരിശ് സ്ഥാപിച്ചുവെന്നും വി. അപ്രേം രേഖപ്പെടുത്തിയിരിക്കുന്നു.   ചുരുക്കത്തിൽ ആനന്ദത്തിന്റെ ഭവനമായ പറുദീസായിലേക്ക് വിശ്വാസിയെ തീർത്ഥാടകനാക്കുന്നത് വി.കുരിശാണ്. അക്കാരണത്താൽ, വി. കുരിശ് വി.മാമ്മോദീസായുടെ രഹസ്യത്തിലേക്ക് നമ്മെ നയിക്കുന്നു.  എന്തെന്നാൽ വി.മാമ്മോദീസാ സ്വീകരണത്താലാണ് ഒരുവൻ പറുദീസായുടെ പുന:പ്രവേശനത്തിന് അർഹനാകുന്നത്. കുരിശിൽ കിടന്നവന്റെ തിരുവിലാവിൽ നിന്നൊഴുകിയ രക്തവും വെള്ളവും, വി. കുർബാനയും വി.മാമ്മോദീസായുമായി പിതാക്കന്മാർ അവതരിപ്പിക്കുമ്പോൾ, ആത്യന്തികമായി വി.കുരിശ്, സഭയുടെ  ഉത്ഘാടന വേദിയാകുന്നു  .

**പെസഹാ രഹസ്യം ഉൾക്കൊള്ളുന്ന വി. കുരിശ്**

വിശുദ്ധ പിതാക്കന്മാർ  വി.കുരിശിന് പെസഹാരഹസ്യങ്ങളുടെ സാദൃശ്യം നല്കുന്നുണ്ട്. പഴയ പെസഹയിലെ കട്ടിളപടികളിൻമേലുള്ള രക്തത്താൽ രക്ഷയുടെ അനുഭവം ലഭ്യമായതുപോലെ തന്റെ രക്തം കുരിശിന്മേൽ ഒഴുക്കി, ക്രിസ്തു പുതിയ ഇസ്രായേലിനെ രക്ഷയിലേക്ക് നയിച്ചു. കട്ടിളപ്പടികയും കുരിശും തടിയുടെ സൃഷ്ടിയാണ് . പെസഹയുടെ ആകമാന രഹസ്യവും കുരിശ് ഉൾക്കൊള്ളുന്നുവെന്നാണ് പിതാക്കന്മാർ പഠിപ്പിക്കുന്നത്. ഇത്തരണത്തിൽ  കുഞ്ഞാട്   എന്ന പ്രയോഗത്താൽ വി.അപ്രേം ആഴമേറിയ ഒരു ദൈവ ശാസ്ത്രവീക്ഷണം നൽകുകയാണ്.  സത്യകുഞ്ഞാടായ ക്രിസ്തുവിനും പെസഹകുഞ്ഞാടിനും   സുചിതമായി അപ്രേം സമാനപദമാണ് ഉപയോഗിക്കുന്നത്.  രണ്ടിനും  കുഞ്ഞാട് എന്ന പദമാണ് പ്രയോഗമാക്കുക. പെസഹകുഞ്ഞാടിനെ



www.malankaralibrary.com



ചുട്ടെടുക്കുവാൻ കെട്ടിത്തൂക്കിയിടുന്ന വടിയെ, ക്രിസ്തുവിനെ തൂക്കുവാൻ ഉപയോഗിച്ച കുരിശിനോട് വി.അപ്രേം ഉപമിക്കുന്നു. സാദൃശ്യമായ വിവരണമാണ് സാറുഗിലെ വി.യാക്കോബും നല്കുന്നത്; പഴയ പെസഹാ ആചാരണത്തിലെ, കട്ടിളപ്പടിയിൽ പുരട്ടിയ രക്തത്തിൽ വി.കുരിശ് എന്ന അടയാളം കാണപ്പെടുന്നു.

**മോശയുടെ വടിയും വി. കുരിശും**

മോശയുടെ വടി പഴയ ഇസ്രായേലിന് അത്ഭുതത്തിന്റെ അടയാളമാണ് . പുറപ്പാട് യാത്രയിൽ അത് ദൈവസാന്നിദ്ധ്യത്തിന്റെയും സംരക്ഷണയുടെയും പ്രതീകമാണ്.ദൈവത്തിന്റെ ഇടപെടൽ പ്രത്യേകമായി ഇവിടെ ചിത്രീകൃതമാകുന്നു. വി. അപ്രേമിന്റെ പുറപ്പാട് വ്യാഖ്യാനപ്രകാരം മോശ തന്റെ കൈകൾ നിവർത്തിയും വടി നെഞ്ചിൽ ധരിച്ചുകൊണ്ടും തന്റെ മേൽ തന്നെ കുരിശടയാളം ധരിക്കുകയായിരുന്നു. അഫ്രഹാത്തും തന്റെ മെമ്രായിൽ കുരിശടയാളത്തിന്റെ പ്രതിരൂപം അവതരിപ്പിക്കുന്നുണ്ട്: യേശു ബർനുൻ അമാലേക്കിനെതിരെ യുദ്ധം നടത്തിയപ്പോൾ തന്റെ കൈകൾ കുരിശടയാളത്താൽ വിരിച്ച് അവരെ പരാജയപ്പെടുത്തി. നർസായിയും, മോശയുടെ വടിയും കുരിശുമായുള്ള താരതമ്യ പഠനം നടത്തുന്നു. അമാലേക്യരുടെ മേലുള്ള വിജയത്തിൽ, വടി വഹിച്ച പങ്ക് പോലെ രഹസ്യങ്ങളുടെ ഉടയനവനായ കർത്താവ് തന്റെ കുരിശാൽ ലോകത്തെ വിജയിച്ചു. പ്രസ്തുത സാമ്യതയുടെ ദൃഷ്ടാന്തപരമായ വിവരങ്ങൾ മെമ്രായിൽ സാറുഗിലെ യാക്കോബ് നല്കുന്നുണ്ട്. തന്റെ ഭാവനയിൽ അധികം സ്വാതന്ത്ര്യമെടുത്തുകൊണ്ട് യാക്കോബ് പറയുന്നത്, മോശ പരസ്യമായിതന്നെ, ക്രിസ്തുവിന്റെ ക്രൂശാരോഹണത്തെ, തന്റെ മലമുകളിലേക്കുള്ള ആരോഹണം വഴി ദൃഷ്ടാന്തീകരിച്ചിരിക്കുന്നുവെന്നാണ്. മലകയറുന്ന മോശ, അഹറോൻ, ഹൂർ എന്നിവരുടെ സാന്നിദ്ധ്യത്തെ, ഗാഗുൽത്തായിലെ മൂന്ന് ക്രൂശിതരൂപത്തോട് ഉപമിച്ചിരിക്കുന്നു. മോശയുടെ കൈകൾ യുദ്ധത്തിന്റെ ജയ-പരാജയത്തെ നിർണ്ണായകമാക്കി; അപ്രകാരം കുരിശുവഹിക്കുമ്പോൾ ജീവിതമുന്നേറ്റവും സംഭവ്യമാകുന്നു. അന്ധനും ബധിരനും പോലും മനസ്സിലാക്കത്തവണ്ണം ക്രൂശാരോഹണത്തിന്റെ യാഥാർത്ഥ്യം മോശയുടെ ജീവിതത്തിൽ പ്രസ്പഷ്ടമായിരുന്നുവെന്ന് വി.യാക്കോബ് വ്യക്തമാക്കുന്നു. മോശയുടെ യുദ്ധക്രമത്തെ അവതരിപ്പിക്കുന്നത്, ക്രിസ്തുവിന്റെ ക്രൂശാരോഹണമായിട്ടാണ്. ക്രിസ്തുവിന്റെ രക്ഷണീയമായ വി. കുരിശിലെ സഹനത്തിനു വേണ്ടി, മോശ തന്റെ ജീവിതശൈലി ക്രമീകരിച്ചു; എന്നിരുന്നാലും ബലഹീനനായ മോശയ്ക്ക് ക്രിസ്തുവിന്റെ രക്ഷണീയ കുരിശിനെ മുഴുവൻ ദൃഷ്ടാന്തീകരിക്കുവാൻ സാധിച്ചില്ല. യുദ്ധ സമയത്ത് മദ്ധ്യാഹ്നത്തിൽ സൂര്യനെ നിശ്ചലമായി നിർത്തിയ സംഭവത്തെ അഫ്രഹാത്ത് ക്രൂശാരോഹണസമയത്തെ സൂര്യന്റെ അപ്രത്യക്ഷീകരണത്തോട് സാദൃശ്യപ്പെടുത്തിയതും ഇത്തരണത്തിൽ സ്മരണീയമത്രേ.

**പഴയ നിയമ പിതാക്കന്മാരും വി. കുരിശും**

പഴയനിയമ സംഭവങ്ങളുടെ പിന്ബലത്താലും പ്രചോദനത്താലുമാണ് സുറിയാനി പിതാക്കന്മാർ പൊതുവെ ദൈവശാസ്ത്രം അവതരിപ്പിക്കുന്നത്. പുതിയ നിയമം, പഴയതിന്റെ പൂർണ്ണതയും പൂർത്തീകരണവുമെന്ന് അവർ ശക്തമായി സമർത്ഥിക്കുന്നു. കാണപ്പെടുന്ന പ്രതീകങ്ങളെ, ക്രിസ്തു സംഭവങ്ങളുമായി ദൃഷ്ടാന്തീകരിച്ചിരിക്കുന്നു; മറ്റു വാക്കുകളിൽ കുറിച്ചാൽ, പഴയ നിയമ പ്രതീകങ്ങൾ, ക്രിസ്തുരഹസ്യങ്ങളെ ഭാഗികമായി വെളിപ്പെടുത്തുന്നു.



www.malankaralibrary.com

ഇത്തരണത്തിലാണ് വി.കുരിശിന്റെ സെമിറ്റിക് വിവരണം വിശകലനം ചെയ്യേണ്ടത്. കുരിശ്, പഴയനിയമ സംഭവ്യതകളാലും പ്രതീകങ്ങളാലും രക്ഷാകരചരിത്രത്തിൽ സ്ഥാനം പിടിച്ചിരിക്കുന്നു. പ്രത്യേകമായി ഗോത്രപിതാക്കന്മാരുടെ ജീവിതത്തിൽ, കുരിശെന്ന മഹാരഹസ്യം അനാവരണം ചെയ്യപ്പെട്ടിരുന്നു എന്നത് പ്രത്യേകമായ ഒരു സെമിറ്റിക് അവതരണ ശൈലിയാണ്:

**അബ്രഹാമും വി. കുരിശും**

സുറിയാനി ദൈവശാസ്ത്രത്തിൽ അബ്രഹാമിന്റെ ജീവിതമുന്നേറ്റം ദൈവത്തിന്റെ രക്ഷാകര യാഥാർത്ഥ്യങ്ങളുടെ പ്രത്യേകമായ ഒരു തുടക്കമാണ്. അതുകൊണ്ടാണ് വി.അപ്രേം ഇപ്രകാരം കുറിച്ചിരിക്കുന്നത്: അബ്രഹാമിൽ നിന്നാണ് വൃക്ഷത്തിന്റെയും കുഞ്ഞാടിന്റെയും പ്രതീകാത്മകത ജന്മമെടുത്തിരിക്കുന്നത്. ദൈവം അബ്രഹാമിനോട് പറഞ്ഞത്, നല്കുവാൻ പോകുന്ന വാഗ്ദത്ത ഭൂമിയിൽ, എഴുന്നേറ്റ് നെടുകയും കുറുകയും നടക്കാനാണ്. ക്രൂശിതരൂപത്തിന്റെ ആദ്യകാല മുദ്രയിടലാണ് പ്രസ്തുത കർമ്മമെന്ന് വി.അപ്രേം വിവരിക്കുന്നു. കുരിശിന്റെ രഹസ്യത്താലാണ് വാഗ്ദാനനാടിന്റെ അവകാശം പൂർണ്ണമാകുന്നതെന്ന് നാർസയി രേഖപ്പെടുത്തുന്നു. മാർ ക്രിസോസ്റ്റോം, ഇസഹാക്കിന്റെ കെട്ടുകളെ അഴിച്ച സംഭവം, ക്രൂശാൽ ജനതയുടെ ബന്ധനങ്ങൾ അഴിച്ച സംഭവത്തോട് സാദൃശ്യപ്പെടുത്തുന്നു.

**ഇസഹാക്കും വി. കുരിശും**

വി. അപ്രേം, പിതാവിന്റെ ഇഷ്ടം നിറവേറ്റിയ ഇസഹാക്കിനെ, സ്വപിതാവിന്റെ ഹിതം നടപ്പിലാക്കിയ ക്രിസ്തുവിന്റെ ജീവിതത്തോട് ബന്ധപ്പെടുത്തി സാക്ഷിക്കുന്നുണ്ട്. ഇസഹാക്കിനെ മരണത്തിൽ നിന്നും രക്ഷിച്ച ആട്ടിൻകൊറ്റനെ ക്രിസ്തുവിനോടുപമിച്ചിരിക്കുന്നു. മരണത്തിൽ നിന്നും എല്ലാവരെയും രക്ഷിച്ച ക്രിസ്തു ആട്ടിൻകൊറ്റനും പെസഹാകുഞ്ഞാടുമാകുന്നു. കുഞ്ഞാട് എന്ന പ്രതീകത്താൽ വി.അപ്രേം കുരിശിലെ സഹനത്തെ വിവരിക്കുകയാണ്. മരണത്തിന്റെ ചില്ലകളാൽ ചുറ്റപ്പെട്ടതുപോലെ ഈ കുഞ്ഞാട് കുരിശിലെ ആണികളാൽ ബന്ധിതമായിരിക്കുന്നു. ഇസഹാക്കിന്റെ കുഞ്ഞാട് ഒരു വ്യക്തിയെമാത്രമേ രക്ഷിച്ചുള്ളു; എന്നാൽ കുരിശ്മരണത്തിലൂടെ ക്രിസ്തു രക്ഷയുടെ ആകമാനത്വം പ്രദാനം ചെയ്തുവെന്ന് അപ്രേം വിവരിക്കുന്നു. ആട്ടിൻകുട്ടിയെ വഹിച്ച മരം, ക്രിസ്തുവിന്റെ കുരിശിന്റെ ദൃഷ്ടാന്തമാണ്. ഇസഹാക്ക് ചുമന്ന വിറകിനെ, ക്രിസ്തുവിന്റെ സ്ലീബായോട് അപ്രേം താരതമ്യവിചിന്തനം നടത്തുന്നു. മോറിയായിലേക്കുള്ള മൂന്നാം ദിവസത്തെ യാത്ര, ക്രിസ്തുവിന്റെ കുരിശുമരണത്തെയും ഉത്ഥാന രഹസ്യത്തെയും സൂചിപ്പിക്കുന്നുവെന്ന് അപ്രേം വിവരിക്കുന്നു. മോറിയ പ്രദേശം പുതിയനിയമത്തിലെ ഗാഗുൽത്തായതന്നെയെന്ന് സുറിയാനി പാരമ്പര്യം സാക്ഷ്യപ്പെടുത്തുന്നു.

**യാക്കോബും വി. കുരിശും**

പഴയനിയമത്തിലെ യാക്കോമ്പിന്റെ ഗോവണിയെ കുരിശിന്റെ വ്യക്തമായ ഒരു പ്രത്യക്ഷീകരണമായിട്ടാണ് സുറിയാനിപിതാക്കന്മാർ അവതരിപ്പിക്കുന്നത്. ഗോവണിയുടെ സാദൃശ്യത്തിൽ കുരിശിനെ പറുദീസായിലേക്കുള്ള പുന:പ്രവേശനമാർഗ്ഗമായി പിതാക്കന്മാർ അവതരിപ്പിക്കുന്നു. പറുദീസായുടെ വാതിലായി ഈ രണ്ടു പ്രതീകങ്ങളെയും പിതാക്കന്മാർ ദർശിക്കുന്നു. യാക്കോമ്പ് തന്റെ മക്കളെ അനുഗ്രഹിക്കുന്ന സംഭവത്തിനും കുരിശിന്റെ പ്രതീകാത്മകത നല്കുന്നുണ്ട്: തന്റെ കൈകൾ വിലങ്ങനെ പിടിച്ച്, വലം കൈ എഫ്രേമിന്റെ മേലും ഇടംകൈയ് മനാശ്ശെയുടെ മേലും വെയ്ക്കുന്നത്, കുരിശിന്റെ പ്രതീകാത്മക അവതരണമായി ചിത്രീകരിക്കുന്നു. യാക്കോബിന്റെ ജീവിതവും കുരിശും തമ്മിൽ മറ്റൊരു താരതമ്യ വിചിന്തനവും അവതരിപ്പിക്കുന്നുണ്ട്: യാക്കോബ് വെള്ളത്തിൽ ഇട്ട കൊമ്പിന്റെ ഫലമായി ആട്ടിൻകുട്ടികളെ ലഭിച്ച സംഭവ്യതയാണത്. കുരിശ്, മാമ്മോദീസാ ജലത്തിലൂടെ സഭയുടെ ആത്മാക്കളുടെ അംഗസംഖ്യാ വർദ്ധിപ്പിക്കുന്നു. യാക്കോബും ഏസാവും തമ്മിലുള്ള പായസ-ബന്ധത്തിന്റെ ഫലമായി ഇളയവൻ ജ്യേഷ്ഠാവകാശം നേടിയെടുത്തതുപോലെ, കുരിശിലെ ചുവന്ന രക്തത്താൽ ജാതികൾ-ക്രിസ്തുവിൽ വിശ്വാസം സ്വീകരിച്ചവർ-ജാതിയിൽ നിന്നും-ഉടമ്പടി ജനത/ഹെബ്രായർ-അവകാശം നേടിയെടുത്തുവെന്നും പിതാക്കന്മാർ സാക്ഷ്യപ്പെടുത്തുന്നു.

"കുരിശ് നിവർക്കപ്പെട്ടിരിക്കുന്നു; ലാളിത്യത്തോടെ അതിനെ സമീപിക്കുന്നവർ ജീവിക്കുന്നു. എഴുന്നേല്ക്കുക, കയറി ഉന്നതസ്ഥാനത്തു വാഴുക......" സാറുഗിലെ യാക്കോബ്.

*ആശയങ്ങൾക്ക് കടപ്പാട്: **ഇഗ്നാത്യോസ് അഫ്രേം ദ്വിതീയൻ**, കുരിശിന്റെ പ്രതീകങ്ങൾ:പൂർവ്വിക*

*സുറിയാനി പിതാക്കന്മാരുടെ രചനകളിൽ, ചങ്ങനാശേരി 2017.*

www.malankaralibrary.com



വിശേഷം

# ദൈവകൃപയും ദൈവീകജീവനും നവാഭിഷേകമായിറങ്ങിയ ഉത്ഥാന തിരുനാൾ



റവ. ഫാ. ഗീവർഗ്ഗീസ് വലിയചാങ്ങവീട്ടിൽ

കല്ലറ മുദ്രവച്ച് ഉയർത്തെഴുന്നേല്പ്പിനെ തടയാമെന്നു കരുതിയവരുടെ പിന്മുറക്കാർ പീഡനം തുടരുകയാണ്. യൂദാസിന്റെ ആത്മാവ് ഗ്രഹിച്ചവർ പീഡകളെ പുകഴ്ത്തിക്കൊണ്ടിരിക്കുന്നു. ഒപ്പം ഉണ്ടെന്ന് വിശ്വസിപ്പിച്ച് ചുംബിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ കല്ലുകളെയെല്ലാം ഉരുട്ടിമാറ്റി സത്യം ഉയർത്തെഴുന്നേൽക്കുകയാണ്. (ദീപിക 31-03-2024)

ജീവിച്ചിരിക്കുന്ന യേശുവിനെക്കാൾ കൂടുതൽ യഹൂദ മതനേതൃത്വവും ഭരണാധികാരികളും ഭയപ്പെട്ടത് കല്ലറയിൽ അടക്കം ചെയ്ത യേശുവിനെയാണ്. കാരണം മരണത്തെ അതിജീവിച്ച് ഉയിർക്കുന്ന യേശു തങ്ങൾക്കെന്നും വെല്ലുവിളി ഉയർത്തുമെന്ന് അവർക്കറിയാമായിരുന്നു. അതുകൊണ്ട് പീലാത്തോസ് പറഞ്ഞു 'നിങ്ങൾക്കൊരു കാവൽ സേനയുണ്ടല്ലോ. പോയി നിങ്ങളുടെ കഴിവുപോലെ കാത്തുകൊള്ളുവിൻ' (മത്തായി 27:65).

പൂട്ടി മുദ്രവെച്ച കല്ലും കാവൽ നിന്ന സേനയും ഉത്ഥിതന്റെ മുമ്പിൽ ഒന്നുമല്ലാതായി. സത്യത്തെ മറച്ചു പിടിക്കാൻ പണം നൽകി വ്യാജ പ്രസ്താവന നടത്തിയപ്പോഴും ചെയ്തതെല്ലാം ഉത്ഥാനം എന്ന മഹാ രഹസ്യത്തിന്റെ യാഥാർത്ഥ്യം ഉറപ്പിക്കുന്നതാണെന്ന് അവർ അറിഞ്ഞില്ല. ഒരു സത്യവും എന്നേക്കുമായി മൂടിവെയ്ക്കാനാവില്ലെന്ന തിരിച്ചറിവ് ഉത്ഥിതനിലുള്ള നമ്മുടെ വിശ്വാസത്തെ ദൃഢപ്പെടുത്തണം.


## ഉത്ഥാനം നിത്യജീവന്റെ പ്രത്യാശ

'നിങ്ങൾക്ക് ജീവിക്കാൻ രണ്ടു വഴികളെയുള്ളു. ഒന്ന് അത്ഭുതമല്ലാത്തതുപോലെ ജീവിക്കുക. അല്ലെങ്കിൽ എല്ലാം അത്ഭുതം എന്ന പോലെ ജീവിക്കുക' (ആൽബർട്ട് ഐൻസ്റ്റൈൻ). യേശുവിന്റെ ജീവിതം നമുക്ക് അത്ഭുതമാണ്. അവന്റെ ഉത്ഥാനം തെളിയിക്കുന്നത് മരിച്ചവർക്കെല്ലാം ഉയിർപ്പുണ്ടെന്നാണ്. നിത്യജീവനിലേക്കാണ് യേശു ഉത്ഥാനത്തിലൂടെ നടന്നത്. അങ്ങനെ നമുക്കെല്ലാം നിത്യജീവന്റെ ഇടം തുറന്നിടുകയും ചെയ്തു. മരണ സംസ്കാരം മനുഷ്യ ജീവിതത്തിന്റെ സമസ്തമേഖലകളെയും നിർജ്ജീവമാക്കുന്ന ഇക്കാലത്ത് നമ്മുടെ കർത്താവിന്റെ ഉത്ഥാനം പ്രത്യാശയുടെ പൊൻപ്രകാശം നമ്മിലുണർത്തുന്നു. ജീവിതപ്രതിസന്ധികൾക്കിടയിൽ ധൈര്യം നഷ്ടപ്പെട്ട് ജീവിക്കാൻ പ്രാപ്തിയില്ലാതെ നിൽക്കുമ്പോൾ ഉത്ഥാന നാളിൽ ഭയപ്പെട്ട് നിലവിളിച്ച മറിയത്തെ പേരു ചൊല്ലി വിളിച്ച ഉത്ഥിതൻ നമ്മേയും വ്യക്തിപരമായി സ്നേഹിക്കുന്നു.

കല്ലറയുടെ നാലുകെട്ടിനുള്ളിൽ ജീർണിതമാകാൻ സാധ്യതയുള്ള നമ്മെ അവൻ ഉത്ഥാനത്തിന്റെ പ്രത്യാശ പകർന്ന് ജീവിതത്തിലേക്ക് കൈപിടിച്ചുയർത്തും. കാരണം ദുഃഖവെള്ളിയിൽ സഹനചക്രം അതിന്റെ തീവ്രഗതിവേഗത്തിൽ എല്ലാവർക്കും മുകളിലായി നിലയുറപ്പിച്ചു. എന്നാൽ ഉത്ഥാന നാളിൽ ആ ചക്രത്തിന്റെ ഗതിയെ മരണത്തിൻ

www.malankaralibrary.com


നിന്നും ജീവനിലേക്ക് യേശു തിരിച്ചുവിട്ടു., അങ്ങനെ സഹ നത്തെയും മരണത്തെയും അതിജീവിച്ചു രക്ഷ നമുക്ക് പ്രദാനം ചെയ്തു.



യോഹന്നാന്റെ സുവിശേഷം ഇരുപതാം അദ്ധ്യായം ഉത്ഥാനസത്യം നമ്മെ അറിയിക്കുന്ന വേദ ഭാഗമാണ്. 'ആഴ്ചയുടെ ഒന്നാം ദിവസം അതിരാവിലെ ഇരുട്ടായിരിക്കുമ്പോൾ തന്നെ മഗ്ദലേന മറിയം ശവ കുടീരത്തിന്റെ സമീപത്തേക്ക് വന്നു. ശവകുടീര ത്തിന്റെ കല്ല് മാറ്റപ്പെട്ടിരിക്കുന്നതായി അവൾ കണ്ടു' (യോഹന്നാൻ 20:1). യേശുവിന്റെ സ്നേഹം അതിരു കളില്ലാതെ സ്വീകരിച്ച വ്യക്തിയാണ് മറിയം. എല്ലാവരും കുറ്റപ്പെടുത്തി കൊല്ലണമെന്ന് പറഞ്ഞ പ്പോൾ അവൾക്ക് ജീവൻ തിരികെ നൽകിയത് കർത്താ വിന്റെ വാക്കുകൾ ആയിരുന്നു. അതുകൊണ്ടാവാം അവൾ കർത്താവിനെ അന്വേഷിച്ച് അതിരാവിലെ പോയത്. അവളിലെ സ്നേഹം അത്രമാത്രം ആഴവും അത്മാർത്ഥവുമായിരുന്നു. തനിക്കു ജീവിക്കാൻ പ്രത്യാശ പകർന്ന ദൈവത്തെ അവൾ അത്രമാത്രം സ്നേഹിച്ചിരുന്നു. മനുഷ്യ ബുദ്ധിയിൽ അപഗ്ര ഥിക്കാൻ പറ്റിയ കാര്യങ്ങൾ അല്ല അവർ അവിടെ കണ്ട ത്. കല്ലറ ഭദ്രമാക്കിയിരുന്ന കല്ല് ഉരുട്ടി മാറ്റിയിരിക്കു ന്നു. ഉത്ഥാനത്തിരുന്നാളിൽ വെളിപ്പെട്ട ദൈവിക സത്യ ങ്ങൾ മനുഷ്യബുദ്ധിക്കതീതമാണ്.

സുവിശേഷാനുസൃതം ക്രിസ്തീയ ജീവിതം നയി ക്കുമ്പോൾ നമ്മെ ഏറ്റവും അധികം വേട്ടയാടുന്നത് നമ്മുടെ ഇടയിലെ യേശുവിന്റെ സാന്നിദ്ധ്യമാണ്. വാക്കും പ്രവൃത്തിയും തമ്മിലുള്ള അന്തരം കൂടു ന്തോറും അത് നമ്മെ ഭയപ്പെടുത്തുന്നു. യേശുവിന്റെ മരണത്തോടെ അത് അവസാനിക്കുമെന്ന് എല്ലാവരും കരുതി. എന്നാൽ യേശുവിന്റെ അസാന്നിധ്യം അവരെ കൂടുതൽ ഭയപ്പെടുത്തി. മരിച്ച് കല്ലറയിൽ അടക്കി യപ്പോൾ നിരാശയും സങ്കടവും ഒറ്റപ്പെടലും അവരെ വരിഞ്ഞുമുറുക്കി. അവനെ കാണാൻ ഓടി കല്ലറയിൽ എത്തി. പക്ഷേ കല്ലറയിൽ അവനില്ല. അവന്റെ വസ്ത്ര ങ്ങൾ മാത്രം അവശേഷിച്ചിരിക്കുന്നു. അത് മഹത്വത്തി ലേക്കുള്ള അവന്റെ ഉയർത്തെഴുന്നേൽപ്പിന്റെ സൂചന യാണ്. അത് അവരുടെ ഭയവും നിരാശയും എടുത്തു മാറ്റി. കാരണം ഉത്ഥാനമെന്നത് ഇഹലോകത്തിലേ ക്കുള്ള തിരിച്ചുവരവല്ല മറിച്ച് ദൈവത്തിലേക്കുള്ള പ്രയാ ണമാണ്. 'നരകകവാടം അടക്കപ്പെട്ടു, ജ്ഞാനസ്നാന ത്തിന്റെ അരുവി തുറക്കപ്പെട്ടു. മരണത്തിന്റെ വസ്ത്ര ത്തിനു പകരം മഹത്വത്തിന്റെ വസ്ത്രം ദൈവം ശിഷ്യ ന്മാർക്ക് നൽകി. നിരാശ മാറി പ്രത്യാശയും, പാപം മോചിച്ച് കൃപയും, മരണത്തിന് പകരം ജീവനും, ഭയ ത്തിനു പകരം ആത്മധൈര്യവും അവർക്കു ലഭിച്ചു' (ഉയിർപ്പു, തിരുന്നാൾ പ്രസംഗം, സാറൂഗിലെ യാക്കോബ്)

നി എന്റെ സഹോദരന്മാരുടെ അടുത്ത് ചെന്ന് പറ യണം... (യോഹന്നാൻ 20:17) പ്രത്യാശയുള്ളവരായി നാം ജീവിക്കണമെന്ന് ഉയിർപ്പുതിരുന്നാൾ നമ്മെ ഓർമ്മിപ്പിച്ചു. ദൈവത്തെ നഷ്ടപ്പെട്ടു എന്ന സങ്കട ത്തിൽകഴിയുന്ന തന്റെ സഹോദരന്മാരുടെ അടുക്ക ലേക്ക് മറിയത്തെ ഉത്ഥിതൻ അയയ്ക്കുകയാണ്. യേശുവിന്റെ മരണത്തോടെ ഭയപ്പെട്ട് കതകടച്ചിരുന്ന അവരിലെ നഷ്ടബോധത്തെ അകറ്റി പ്രത്യാശ പക രാൻ മറിയത്തെ നിയോഗിക്കുകയാണ്. മനുഷ്യബുദ്ധി യിൽ നഷ്ടം എന്നു കരുതി ദൈവീക സത്യത്തെ നിഷേധിക്കാൻ ആകില്ല. 'ദൈവത്തിന്റെ പരിശുദ്ധൻ ജീർണ്ണിച്ച് പോകുന്നില്ല; എന്റെ ആത്മാവിനെ പാതാ ളത്തിൽ ഉപേക്ഷിക്കില്ല' (സങ്കീ 16:10-11) എന്ന സങ്കീർത്തന വചനം അന്വർത്ഥമാകുകയാണിവിടെ. സങ്കടപ്പെട്ട് ഭയപ്പെട്ടിരുന്ന തന്റെ ശിഷ്യന്മാരെ ഉത്ഥാ നത്തിന്റെ പ്രത്യാശയിലേക്ക് നയിച്ച് പുതുസൃഷ്ടിക





www.malankaralibrary.com


ളായി രൂപാന്തരപ്പെടുത്തി. അടച്ച വാതിലുകൾ തുറന്നവർ പുറത്തിറങ്ങി. ഉത്ഥിതന്റെ സാക്ഷികളായി ലോകമെങ്ങും പോയി. നാം പ്രത്യാശയുള്ളവർ ആകുക മാത്രമല്ല, മറ്റുള്ളവരുടെ ജീവിതത്തിന് പ്രത്യാശപകരുന്നവരുമാകണം എന്നതാണ് ഉത്ഥാനം നൽകുന്ന മറ്റൊരു സന്ദേശം. കൊഴിഞ്ഞു വീണ ഇല മരത്തിൽ നിൽക്കുന്ന ഇലയോടു പറയും സങ്കടപ്പെടേണ്ട, ഞാൻ നിലത്തുവീണ് അഴുകി വീണ്ടും മരത്തിലൂടെ നിന്റെ അടുക്കൽ വരും. യേശുവിന്റെ ഉത്ഥാനം ശിഷ്യന്മാർക്ക് നൽകുന്നത് ഇത്തരം ഒരു ഉറപ്പാണ്. ഞാൻ നിങ്ങളോടുകൂടെ യുഗാന്ത്യം ഉണ്ടാകുമെന്ന സത്യം.

ജീവിതഭാരത്താൽ തളർന്നിരിക്കുന്ന നമ്മുടെ സഹോദരങ്ങൾക്ക്... രോഗത്താൽ മനസ്സ് തകർന്ന് ആശ്രയമില്ലാതെ ഒറ്റപ്പെട്ടവർക്ക്... കപട സ്നേഹത്തിന്റെ കെണിയിൽപ്പെട്ട് അപമാന ഭാരത്താൽ ജീവിതം നഷ്ടപ്പെട്ടവർക്ക് കുടുംബ ബന്ധത്തിന്റെ സുരക്ഷിത ഇടങ്ങളിൽ സംശയം നിഴൽ വീണ ഉടഞ്ഞുപോയവർക്ക് ... സ്വാർത്ഥതയുടെ അഹംബോധത്തിൽ അക്രമത്തിനും, ചൂഷണത്തിനും, അനീതിക്കും ഇരകളായി ജീവിക്കുന്നവർക്ക്... നാം പ്രത്യാശ പകരുമ്പോഴാണ് ഉയിർപ്പു തിരുന്നാൾ അർത്ഥപൂർണമാകുന്നത്. അങ്ങനെ നോക്കുമ്പോൾ എത്രയോ ഉത്ഥാന പെരുന്നാളുകളാണ് നമ്മുടെ ജീവിതകാലത്ത് പാഴായിപോയത്. മരണമല്ല ജീവനാണ് നാം നൽകേണ്ടത്. ഭയമല്ല ആത്മധൈര്യമാണ് നാം പങ്കുവയ്ക്കേണ്ടത്.

അവരോട് പറഞ്ഞു 'നിങ്ങൾക്ക് സമാധാനം...' (യോഹന്നാൻ 20:19) ഉത്ഥിതനായ യേശു തന്റെ ശിഷ്യർക്കു നൽകുന്ന ദാനമാണ് സമാധാനം. ലോകം നൽകുന്ന സമാധാനമല്ലിത്. ഭൗതിക നേട്ടങ്ങൾ കൂടുമ്പോൾ സമാധാനം ലഭിക്കുമെന്ന് ലോകം നമ്മോടു പറയുന്നു. സ്വാർത്ഥതയിൽ സ്വന്തം ഇഷ്ടങ്ങൾക്കും താത്പര്യങ്ങൾക്കും അനുസരിച്ച് ജീവിക്കുമ്പോൾ സമാധാനം കിട്ടുമെന്ന് നമ്മോടു പറയും ലോകം അങ്ങനെയാണ് തനിക്ക് സ്വന്തമായവരെ നിലനിർത്തുന്നത്. എന്നാൽ ദൈവം നൽകുന്ന സമാധാനം അതുപോലെയല്ല (യോഹന്നാൻ 16:33). ലോകത്തെയും അതിന്റെ മോഹങ്ങളെയും ജയിച്ച ദൈവം നൽകുന്ന സമാധാനം വൈരുദ്ധ്യങ്ങൾക്കിടയിലും കണ്ടെത്താനാകും എന്നുള്ളതാണ്. ഉത്ഥിതനായ ക്രിസ്തുവിനെ നഷ്ടമാകുന്നതാണ് നമ്മുടെ സമാധാനം ഇല്ലാതാക്കുന്നത്. ഈ സത്യം തിരിച്ചറിയാതെ നാം എല്ലാം സമാധാനത്തിനു വേണ്ടി ഓടി നടക്കുകയാണ്. ഗുരുവിനെ അനുഗമിക്കാൻ തീരുമാനിച്ചപ്പോൾ ഉപേക്ഷിച്ച വലകളുമെടുത്ത് ഇറങ്ങുന്ന ശിഷ്യന്മാർ... രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും ഒന്നും കിട്ടാതിരുന്ന ശൂന്യതയിലേക്ക് ഉത്ഥിതൻ ഇറങ്ങിച്ചെല്ലുന്നു... വീണ്ടും ചിലർ നഷ്ടബോധത്തിൽ സ്വയം തീർക്കുന്ന എമ്മാവൂസ് വഴികളിലേക്ക് യാത്ര തുടങ്ങുകയാണ്. നിരാശ അകറ്റി പ്രത്യാശ പകർന്ന് ഉത്ഥിതൻ അവർക്കൊപ്പം നടക്കുന്നു. ഇത്തരത്തിൽ മനുഷ്യബുദ്ധിക്ക് ഗ്രഹിക്കാനാവാത്ത മഹത്തായ രഹസ്യങ്ങൾ ഉൾക്കൊള്ളുന്നതാണ് യേശുവിന്റെ ഉയിർപ്പ്.

കരുതലോടെയുള്ള ദൈവസ്നേഹത്തിന്റെ പ്രതീകമാണ് ഉയിർപ്പ്. ദൈവത്തിന്റെ കരുതലും സ്നേഹവും പൂർണ്ണമായി വെളിപ്പെട്ടത് കാൽവരി മലയിലാണ്. അതിന്റെ അവശേഷിപ്പുകളാണ് ഉത്ഥിതനിൽ കാണുന്ന തിരുമുറിവുകൾ. തന്റെ സ്നേഹിതർക്കു വേണ്ടി സ്വയം ഏറ്റെടുത്ത മുറിപ്പാടുകൾ. ജീവിച്ചിരിക്കുന്ന ക്രിസ്തു തന്നെയാണ് ഉത്ഥിതനെന്ന സത്യം ബോധ്യപ്പെട്ടു വിശ്വസിക്കാൻ ശിഷ്യന്മാർ തയ്യാറായി. മുറിവിൽ തൊട്ടു വിശ്വസിക്കാൻ ശിഷ്യനോട് യേശു പറഞ്ഞത് അതുകൊണ്ടാണ്. അപരനു വേണ്ടി നാം ഏൽക്കുന്ന മുറിവുകൾ അവരെ വിശുദ്ധീകരിക്കും. ലോകത്തിന് ഇന്ന് നഷ്ടമാകുന്നത് ഇത്തരം മുറിപ്പാടിന്റെ അവശേഷിപ്പാണ്. നിസ്വാർത്ഥ സ്നേഹത്തിന്റെ മുറിപ്പാട്. ഏതോ പ്രലോഭനത്തിൽ ദൈവത്തെ ഉപേക്ഷിച്ചു പോയവർക്ക് മുമ്പിൽ ഉയിർപ്പ് പ്രത്യാശയോടെ തിരിച്ച്‌വരവിനുള്ള മുന്നറിയിപ്പാണ്. യൂദാസും പത്രോസും വീണുപോയവരാണ്. എന്നാൽ പത്രോസ് സങ്കടമൗനത്തിൽ നോക്കിയത് ക്രൂശിതന്റെ മുഖത്തേക്കാണ്. അതുകൊണ്ട് കൂടുതൽ സ്നേഹത്തോടെ ഉത്ഥിതന്റെ ചാരെ അവൻ നിന്നു. 'എല്ലാവരും നന്നായിട്ട് ആരംഭിച്ചവരല്ല, എന്നാൽ അവർ നന്നായിട്ടവസാനിപ്പിച്ചു: എന്ന വി. ജോൺ വിയാനിയുടെ വാക്കുകൾ നമുക്ക് എന്നും പ്രതീക്ഷ നൽകുന്നു. ക്രിസ്തു സ്നേഹത്താൽ ജ്വലിച്ച് ഉത്ഥാനത്തിന് സാക്ഷികളായി നമുക്ക് ഇന്ന് ജീവിക്കണം. സഹനാനുഭവങ്ങളിൽ ക്രൂശിതനിലേക്ക് നോക്കി ഉത്ഥിതനോട് ചേർന്ന് നിൽക്കണം. ഏവർക്കും ഉത്ഥാന തിരുന്നാളിന്റെ ആശംസകൾ പ്രാർത്ഥനാപൂർവം നേരുന്നു.

www.malankaralibrary.com




**റവ ഫാ. സെബാസ്റ്റ്യൻ കിഴക്കേതിൽ**


മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ നൈയാമികമായ ക്രമീകരണം രൂപപ്പെട്ട 1932 മുതൽ തന്നെ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ സത്വരശ്രദ്ധ തിരുവതാംകൂറിന് തെക്കുള്ള പ്രദേശങ്ങളിലും അതിന് സമീപപ്രദേശങ്ങളിലെയും മിഷൻ പ്രവർത്തനങ്ങളിലും സുവിശേഷ പ്രഘോഷണത്തിലും പതിഞ്ഞിരുന്നു. മിഷൻ പ്രഘോഷണത്തിൽ സമാനതകളില്ലാത്ത പ്രവർത്തനമാണ് കേരളത്തിലും തമിഴ്നാട്ടിലുമായി നമ്മുടെ സഭ കാഴ്ച വെച്ചത്. അതിന്റെ അനന്തര നന്മകൾ നാം ഇന്ന് അനുഭവിക്കുന്നു.

മാർ ഈവാനിയോസ് പിതാവിന്റെ മിഷൻ ദർശനങ്ങളുടെ പിന്തുടർച്ചയെന്നവിധം ഭാഗ്യസ്മരണാർഹനായ ബർണബാസ് തിരുമേനിയിലൂടെ സമാരംഭിച്ചതാണ് ഒഡീഷ മിഷൻ. ബഹുമാനപ്പെട്ട ദേവസ്യ കുതിരക്കല്ലിൽ അച്ചനും ഒപ്പം എല്ലാത്തിനും സഹായമായി വി.എ ജോർജും (ജോജി അങ്കിൾ) ചേർന്നാണ് ഒഡീഷയിൽ ചെറിയ മിഷൻ ആരംഭിക്കുന്നത്. സി. ജെസി, സി.ജാൻസി എന്നീ രണ്ട് സമർപ്പിതരായ മിഷനറിമാരെയും പിന്നീട് സി.ആലീസ്, സി.റ്റോംസീന എന്നിവരെയും മിഷൻ ശുശ്രൂഷകൾക്കായി ബർണബാസ് പിതാവ് അയച്ചു. അവരുടെ സേവനം മിഷന്റെ വളർച്ചയെ ഏറെ സഹായിച്ചു. പിന്നീട് മലങ്കര സഭയിലെ വിവിധ രൂപതകളിലെയും ബഥനി ആശ്രമത്തിലെയും വൈദികരും ബഥനി, മേരിമക്കൾ സന്യാസിനി സമൂഹത്തിലെ സിസ്റ്റേഴ്സും നിസ്തുലമായ സേവനം വിവിധ കാലങ്ങളിൽ നൽകി, ഇപ്പോഴും അത് തുടരുന്നു.

ഒഡീഷ റീജന്റെ ആദ്യ കോർഡിനേറ്ററായി ഫാ. ദാനിയേൽ മാണികുളത്തെ നിയമിച്ചതും ബർണബാസ് പിതാവ് തന്നെയാണ്. തുടർന്ന് ഫാ. ജോസ് കുന്തറയും മിഷൻ കോർഡിനേറ്ററായി സേവനം ചെയ്തു. ബീഹാർ, ജാർഖണ്ഡ്, ഛത്തിസ്ഗഡ്, പശ്ചിമ ബംഗാൾ ഇവ ഉൾപ്പെടുന്ന ഒഡീഷ റീജന്റെ ഇപ്പോഴത്തെ മിഷൻ കോർഡിനേറ്ററായി ഫാ. അജി താന്നിമൂട്ടിൽ ശുശ്രൂഷ ചെയ്യുന്നു. ഫാ.വാലിക്കോടത്തു വർഗീസ്, ഫാ. ജോസ് വാലുപറമ്പിൽ, ഫാ.ബിജു ഇടയാലക്കുടി, ഫാ. ജോൺസൺ പള്ളിപടിഞ്ഞാറ്റേതിൽ, ഫാ. വിശാഖം സ്കറിയ, ഫാ. മാത്യു കുറ്റിയിൽ, ഫാ. ജിന്റോ ജോൺ, ഫാ. ജിഗ്മി, ഫാ.റോബിൻ തൈക്കൂട്ടത്തിൽ എന്നീ രൂപതാ വൈദികരും ഫാ. പ്രിൻസ് നെരിയാട്ടിൽ, ഫാ. ഹെൻട്രി, ഫാ.ജോഷി റെയ്മണ്ട്, ഫാ.അഗസ്റ്റിൻ, ഫാ.സിജു എന്നീ ബഥനി ആശ്രമ വൈദികരും ഇവിടെ സേവനം ചെയ്തു. സീറോ മലബാർ സഭാംഗമായ ബെന്നി തട്ടാംപറമ്പിൽ അച്ചന്റെ ശുശ്രൂഷയെ സ്നേഹത്തോടെ അനുസ്മരിക്കുന്നു. ആദ്യ നാളുകളിൽ നമ്മുടെ പല രൂപതയിലെയും ബ്രദേഴ്സിനെ റീജൻസി (പ്രായോഗിക പരിശീലന കാലം) കാലത്ത് മിഷൻ ശുശ്രൂഷകൾക്കായി അഭിവന്ദ്യ പിതാക്കൻമാർ അയച്ചിരുന്നു. സണ്ണി പൗവത്തിൽ, സജി ജേക്കബ്, അലക്സ് വളവിൽ തുടങ്ങിയ നിരവധി അല്മായർ മിഷന്റെ ആദ്യ നാളുകളിൽ നല്കിയ നിസ്തുലമായ സേവനം വളരെ വലുതായിരുന്നു.

ലത്തീൻ രൂപതാ വൈദികനായ ദിവംഗതനായ ഫാ. സൈമൺ ഇലവന്തുക്കൽ നൽകിയ സേവനം ഒഡീഷ മിഷന് മറക്കാനാകില്ല. മലങ്കര സഭയുടെ ആരാധനക്രമവും വിശുദ്ധ കുർബാനയും ആഴത്തിൽ പഠിച്ച് ഫാ. സൈമൺ ഇലവന്തുക്കൽ നമ്മുടെ വിശുദ്ധ കുർബാന ഒഡിയ ഭാഷയിലേക്ക് തനിമ ഒട്ടും ചോരാതെ മൊഴിമാറ്റം നടത്തി. കൊറോണ നാളുകളിൽ മരണമടഞ്ഞ, വിശുദ്ധ എവുപ്രാസ്യാ

www.malankaralibrary.com



മ്മയുടെ കുടുംബാംഗമായ അച്ചന്റെ വേർപാട് ഒഡീഷ മിഷന് നികത്താനാവാത്ത വേർപാടാണ്. ഒഡിയ ഭാഷയിൽ അർപ്പിക്കുന്ന മലങ്കര കുർബാന അച്ചന്റെ ശുശ്രൂഷകളുടെ മിഴിവാർന്ന മാതൃകയാണ്.

2019 ഫെബ്രുവരിയിൽ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ളീമിസ് കാതോലിക്കാബാവ ഒഡീഷ മിഷനിലേക്ക് കടന്നുവരുകയും മിഷൻ പ്രദേശങ്ങളിലെ കുഞ്ഞുങ്ങളുടെ പഠനാവശ്യങ്ങൾക്കായി സഭ ആരംഭിച്ച സ്കൂൾ കൂദാശ ചെയ്ത് വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. വിവിധ കാലങ്ങളിലായി നമ്മുടെ അഭിവന്ദ്യ പിതാക്കൻമാർ മിഷൻ മേഖലകളിലേക്ക് കടന്നുവന്ന് ശുശ്രൂഷകളെ അനുഗ്രഹിച്ചു. ബഥനി സിസ്റ്റേഴ്സിന്റെ പത്തനംതിട്ട പ്രൊവിൻസും ഡി.എം സിസ്റ്റേഴ്സിന്റെ പഞ്ചാബ് പ്രൊവിൻസും ഇപ്പോൾ ഇവിടെ ശുശ്രൂഷ ചെയ്യുന്നു. സിസ്റ്റേഴ്സിന്റെ ശുശ്രൂഷകളിലാകൃഷ്ടരായി ഏതാനം പെൺകുട്ടികൾ സന്യാസ ജീവിതം സ്വീകരിക്കാനുള്ള പരിശീലനത്തിലാണ് എന്നത് ഏറെ സന്തോഷകരമാണ്.

സഭയിലേക്ക് യുവജനങ്ങളെയും കുഞ്ഞുങ്ങളെയും ചേർത്തുനിർത്താൻ മിഷനാരംഭിച്ച ആദ്യനാളുകൾ മുതൽ തന്നെ നമ്മൾ പരിശ്രമിച്ചു. അതിന്റെ വലിയ തെളിവാണ് ഈ ദശാബ്ദി വർഷത്തിൽ ഡൽഹി- ഗുഡ്ഗാവ് രൂപതയുടെ MCYM പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടത് ഒഡീഷ മിഷനിൽ നിന്നുള്ള ഹരീഷ് പാൻ ആണ്. മിഷന്റെ തുടക്ക നാളുകളിൽ തന്നെയുണ്ടായിരുന്ന ഹരീഷ് രൂപതയുടെ വൈസ് പ്രസിഡന്റായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഒരു ദശകം പിന്നിടുമ്പോൾ ഒഡീഷ മിഷന്റെ വളർച്ച എന്താണ് എന്നറിയാൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കലേക്ക് ഒഡീഷയിൽ നിന്ന് ഓരോ വർഷവും കടന്നുവരുന്ന പദയാത്രികരുടെ എണ്ണത്തിലുള്ള വലിയ വളർച്ച മതിയാകും. ഒഡീഷയിലെ നബരംഗ്പൂർ, കളഹണ്ടി എന്നീ രണ്ട് ജില്ലകളിൽ ഇപ്പോൾ നമ്മൾ ശുശ്രൂഷ നിർവ്വഹിക്കുന്നു. നബരംഗ്പൂർ മിഷന് ഫാ. അജി താന്നിമൂട്ടിൽ, ഫാ. ജോർജ് ചേന്നാട്ട് എന്നിവർ നേതൃത്വം നൽകുന്നു. സോനുഗുഡാ, നീല്ഗുണ്ടി ഗുഡാ, പ്രജാകാംതാ, കാംതാ, ഭരൻപൂർ, ബെൻദുഗുഡാ എന്നീ ഗ്രാമങ്ങളിലായുള്ള ഈ മിഷനിൽ സി. സേവന ഉങ, സി. ജോയൽ ഉങ, സി. കാദറിൻ ഉങ എന്നിവർ സേവനം അനുഷ്ഠിക്കുന്നു. ജുനാഗഡ് മിഷനിൽ ജോസ് മുണ്ടപ്ളാവിള അച്ചന്റെ നേതൃത്വത്തിൽ സിസ്റ്റർ ജെസ്സി വർഗീസ് എം സി എസ് ജെ, സിസ്റ്റർ ടോംസിന എം സി എസ് ജെ, സിസ്റ്റർ ജാൻസി എം സി എസ് ജെ എന്നിവർ ജുനാഗഡ്, ബന്താഗാവ്, റെങ്സാപാലി, ധമൻപൂർ, ദസ്പൂർ, റെംഗാപാൽ, കലിയാപാലി, തുളസിപാലി, ദാബ്രിഗുഡ, തൽമോലാ എന്നിങ്ങനെ പത്ത് ഗ്രാമങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നു. കർഷഹൻഡി മിഷന് ബഥനി ആശ്രമത്തിലെ ഫാ. ജോഷി റെയ്മണ്ട് ഒ ഐ സി, ഫാ. അലക്സ് മൈക്കിൾ ഒ ഐ സി എന്നിവർ നേതൃത്വം നൽകുന്നു. കർഷഹൻഡി, ബോറണ്ടിപ്പാറ, ഡോംഗ്രിഗുഡ, ജാംതോടാ, ബെഹടാ, മൈനാപഥർ, സെമിലിമുണ്ട ഗ്രാമങ്ങളിലായുള്ള ശുശ്രൂഷയെ സിസ്റ്റർ ആൻസി എസ്.ഐ.സി, സിസ്റ്റർ സനാതന എസ്.ഐ.സി, സിസ്റ്റർ ഒലിവിയ എസ്.ഐ.സി, സിസ്റ്റർ ആൻജോസ് എസ്.ഐ.സി എന്നിവർ സഹായിക്കുന്നു.

ബർണബാസ് പിതാവിനാൽ തുടക്കം കുറിക്കപ്പെട്ട മിഷൻ പ്രവർത്തനങ്ങൾക്ക് ഇപ്പോൾ തോമസ് മാർ അന്തോണിയോസ് പിതാവ് ശക്തമായ നേതൃത്വം നൽകി മിഷൻ പ്രവർത്തനങ്ങളെ മുന്നോട്ട് നയിക്കുന്നു. മലങ്കര സഭയുടെ ധീരമായ ഈ പ്രേഷിത ശുശ്രൂഷകളെ പ്രാർത്ഥനയാലും പിന്തുണയാലും നമുക്ക് പ്രോത്സാഹിപ്പിക്കാം. സാധിക്കുമെങ്കിൽ കുടുംബമായോ കൂട്ടായ്മയായോ വ്യക്തിപരമായോ മിഷൻ സ്ഥലങ്ങൾ സന്ദർശിക്കുവാനും മിഷനറിമാരുടെ ശുശ്രൂഷകളെ അടുത്തറിയാനും പ്രോത്സാഹിപ്പിക്കാനും പരിശ്രമിക്കാം.

മിഷൻ പ്രവർത്തനങ്ങളെക്കുറിച്ചു കൂടുതലായി അറിയാൻ നിങ്ങൾക്കു താല്പര്യമുണ്ടെങ്കിൽ ദയവായി ഈ നമ്പറിൽ വിളിക്കുക ഫാ. അജി താന്നിമൂട്ടിൽ 9999468393

www.malankaralibrary.com




**ഫാ. ബിജോയ് ഊരാളിവിള**

അമ്മയാണവ,ളീശ്വരാവതാരവും,
അംബരത്തിൽ വിളങ്ങും താരവും,
അങ്കണത്തിൽ വടക്കേകിഴക്കായ് തീർത്ത
അന്ധുവും, പൂത്തുലഞ്ഞ നെല്ലിയും.
അന്നമാണ,ന്ധകാരം തൂത്തെറിയും തീ,
ആദ്യമോ കയ്പ്പവൾ പിന്നിനിപ്പം,
താളഭംഗം വരാത്തേഴുസ്വരങ്ങളും,
തീണ്ടായ്മ തീർക്കുന്ന നല്ലൗഷധം,
തക്ഷശിലയും, നളന്ദയും, നാവിൽ നി-
ന്നിറ്റിറ്റു വീഴുന്ന തേൻകണവും.
രത്നത്തെക്കാൾ മൂല്യമുള്ളവൾക്കോ
വലം- കൈയമൃതും ഇടങ്കൈയാദരം,
ശിരസ്സിന്നഴകൂറും മാല, കഴുത്തി-
ന്നിണങ്ങും പതക്കം, കണ്ഠഭൂഷാ.
സ്വന്തമാക്കിയെന്നാൽ ജീവവൃക്ഷമവൾ,
സന്താപമാറ്റുന്ന മന്ദഹാസം,
ഏതുദൈത്യനേയും സുരനാക്കും മന്ത്രം,
ഏകാന്ത നേരത്തെ കൂട്ടുകാരി, എന്നെ
ഞാനാക്കി ഞാൻ ഞാനെന്ന ഭാവത്തെ
എയ്തുവധിച്ചേകി ഓകമവൾ. ചന്തമേറും
കോട്ടമേൽ നിന്നവൾ ചൊല്ലും ചന്തസ്ഥലത്തു
നിന്നുച്ചത്തിലായ്, പട്ടണാത്മാവിൽ
നിന്നവളുദ്ഘോഷിക്കും പട്ടടാഗ്നിക്കൂന
തന്നിൽ നിന്നും: ഭോഷരേ! എത്രനാളുറങ്ങും
കൂസാതെ ഭോഷത്തശയ്യയിൽ; ഉണർന്നാലും.
സ്വീകരിക്കൂ! വേളിയായയലളെ, തൊടൂ
സീമന്തരേഖയിൽ സീമന്തകം.

*കടപ്പാട് : വി. ബൈബിൾ, സുഭാഷിതങ്ങൾ1; 3; 4; 5; 6 എന്നീ അദ്ധ്യായങ്ങൾ*

www.malankaralibrary.com

**മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
പ്രഥമ പ്രസിദ്ധീകരണം.
ആകർഷകമായ രൂപകല്പനയിൽ
എല്ലാ കുടുംബങ്ങളിലേക്കും....**

# ക്രൈസ്തവ കാഹളം




**വായിക്കുക
വരിക്കാരാകുക
പ്രചരിപ്പിക്കുക**

RNI Licence No. 5675/1960
Registered-Postal Reg.No.KL/TV(N)/284/2024-2026
Date of Publication 6-4-2024
Christavakahalam Monthly, APRIL 2024
Annual Subscription Rs. 150/-
Single Copy Rs. 15/-
www.malankaralibrary.com

# In Loving Memory



## Annamma George

Thazhethil Chirakonathu, Kadampanad
(12 July, 1935 - 11 April, 2018)

Loving Family
*Husband:* **T. M. George**
*Children:* Reena & Dr. Antony Mathew, Hema & Joseph John,
Simi & Dr. Stephen Mathew, Tessy & Siby Joseph
*Grandchildren*: Amy & Koshy, Akash & Lisa, Rishi & Natasha,
Remo & Kavya, Ronnie, Rohan and Kalpana, Rubin, Joe and Ann
*Great Grandchildren:* Justin, Maya, Vihaan, Giada and Adam

Published by The Director, Communication Media, Major Archdiocese of Trivandrum
Printed at St. Mary's Press, Pattom, Trivandrum-4, Ph: 0091 471 2446116, 2443374,
e-mail:stmaryspresspattom@gmail.com